# OPEN UNIVERSITY CENTRE
## ULLOOR MEMORIAL
TRIVANDRUM-14

**Synopses of the lectures
for the course in
Literature for Laymen**

378.10954
83

TRIVANDRUM

1978

378.1 095483

## NOTE

An Open University Centre was established in Kerala for the first time in 1977 under the auspices of the Mahakavi Ulloor Memorial Library and Research Institute. The Centre was inaugurated by Dr. Pratapchandra Chunder, Union Minister for Education, on 7th November 1977. On that occasion Dr. Chunder also inaugurated the course in Literature for Laymen, the first to be conducted at the centre.

This evening course was started on 15th, November 1977. and it lasted for about four months. The course comprised about seventy five lectures by eminent professors, scholars and literary men from all over Kerala. Two examinations were conducted, one in the middle and the other at the end of the course. Among those students who took the examination 31 passed, seven in grade I, and 24 in grade II.

The convocation to award the Diploma in Literature to the successful candidates was held on 11th April 1978 and Shri. A. K. Antony, Hon'ble Chief Minister of Kerala, gave away the diploma

Trivandrum,
15–4–1978.

Dr. P. K. NARAYANA PILLAI
Hon. Director

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

15-11-1978

# ഗദ്യവും ഗദ്യസാഹിത്യരൂപങ്ങളും

1 മുഖവുര.

8066

സങ്കീർണ്ണമായ ജീവിതത്തെ, അതിൻെറ ആഴത്തിൽ മനസ്സിലാക്കുവാൻ സഹായിക്കുന്ന സാഹിത്യത്തെ മൊത്തത്തിൽ രണ്ടായി വിഭജിക്കാം: പദ്യം ഗദ്യം.

പദ്യത്തിനു അതിൻേറതായ പ്രാഥമ്യവും പ്രാമാണ്യവും ഉണ്ടു്. എല്ലാ ഭാഷകളിലും ആദ്യം അങ്കുരിച്ചു വികസിച്ചിട്ടുള്ളതു പദ്യം തന്നെ. ലോകസാഹിത്യത്തിൽ ഏററവും ഉയർന്നു നില്ക്കുന്ന സാഹിത്യകാരന്മാർ കവികളാണു താനും. എന്നാൽ ഇരുപതാം നൂററാണ്ടിൻെറ കനത്ത ഗദ്യപ്രവാഹത്തിൽ കവിതയുടെ ചാലു പ്രായേണ നേരിയതായിരിക്കുന്നു. ഗദ്യസാഹിത്യത്തിൻെറ അഭൂതപൂർവ്വമായ പ്രചാരത്തിനു വ്യവസായിക പുരോഗതിയും അതിൻെറ ഒരു പ്രധാന ഘടകമായ മുദ്രണ കലാപ്രചാരവും കാരണമാണു്.

2 ഇന്നു സാഹിത്യഭാഷകളായി അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള ഭാഷകളിലെല്ലാം തന്നെ പല തരം ഗദ്യ സാഹിത്യ രൂപങ്ങൾ വേരുറച്ചിട്ടുണ്ടു്. ഭാഷയെ മൊത്തത്തിൽ 7 വകുപ്പുകളായി വിഭജിക്കാം.

1 കല്പിതകഥകൾ (Fiction)
2 ഗദ്യനാടകം
3 ഉപന്യാസം
4 ജീവചരിത്രം- ആത്മകഥ
5 കത്തുകൾ, ഡയറികൾ
6 സഞ്ചാരസാഹിത്യം
7 നിരൂപണസാഹിത്യം, വിജ്ഞാനസാഹിത്യം

3 കല്പിതകഥകൾ

ഭാവനയുടെ സന്താനമായ കഥകൾക്കു ഇംഗ്ലീഷിൽ (Fiction) എന്നു പറയുന്നു. നോവലും ചെറുകഥയുമാണു് ഇതിൻെറ ഉപവിഭാഗങ്ങൾ. പണ്ടു കല്പിതകഥകൾ പ്രായേണ പദ്യത്തിൽ രേഖപ്പെടുത്തി വന്നു. ചെറുകഥയിലും നോവലിലും ഭാവന മുററിനില്ക്കുന്നു. നോവൽ പ്രതിഫലിപ്പിക്കുന്ന ജീവിതത്തിൻെറ സമഗ്രതയോ സങ്കീർണ്ണതയോ ചെറുകഥയിൽ കാണുകയില്ല. അതിൽ മർമ്മസ്പൃശിയായ ഏതെങ്കിലും ഒരു സന്ദർഭമോ സംഭവമോ മാത്രമായിരിക്കും പ്രതിപാദ്യം.

4 ഗദ്യനാടകം

നോവലിൻെറയും നാടകത്തിൻെറയും അസംസ്കൃത വസ്തുക്കൾ ഏതാണ്ടൊന്നു തന്നെ. പ്രധാനഘടകങ്ങളിലും അവ രണ്ടും വളരെ സാദൃശ്യം വഹിക്കുന്നു.

കാവ്യങ്ങൾ: ദൃശ്യം- ശ്രാവ്യം. (സംസ്കൃതസാഹിത്യശാസ്ത്രം അടിസ്ഥാനം)

ദശരൂപകങ്ങളുടെ ഭാഗമായ നാടകം ,,

ഇന്നു നാടകമെന്ന സംജ്ഞ ഇംഗ്ലീഷിലെ drama എന്നതിനു തുല്യമായി ഉപയോഗിക്കപ്പെടുന്നു.

നാടകം രംഗത്തു പ്രകടിപ്പിക്കുവാനുള്ളതാണ്. കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെ കഥ അനാവരണം ചെയ്യപ്പെടുന്നു. നാടകം ഏററവും ഉജ്ജ്വലമായ ഒരു സാഹിത്യ മാധ്യമമാണെങ്കിലും അതിന്നു പരിമിതികൾ പലതുമുണ്ട്.

5 ഉപന്യാസം

ഈ പദത്തിനു സംസ്കൃതത്തിലും ഹിന്ദി തുടങ്ങിയ ഭാഷകളിലും ഉള്ള അർത്ഥം. മലയാളത്തിൽ അതു് essay എന്ന ഇംഗ്ലീഷ് സംജ്ഞയ്ക്കു പകരമായി ഉപയോഗിക്കപ്പെടുന്നു.

കാര്യകാരണ നിബന്ധവും യുക്തിയുക്തവുമായ പ്രബന്ധം മുതൽ ഏതു ശാഖാ ചംക്രമണവും അനുവദിക്കുന്ന അവിയൽ ലേഖനം വരെ ഏതും ഇതിൻെറ പരിധിയിൽ

രമ്യരചന (belles lettres)

വിജ്ഞേയരചന(learned prose)

6 ജീവചരിത്രം-ആത്മകഥ. വ്യക്തികളുടെ ജീവിതാനുഭവങ്ങളും പ്രവർത്തനരംഗങ്ങളും കലാപരമായി അനാവരണം ചെയ്യുന്ന സാഹിത്യവിഭാഗം. ഒരുവൻ തന്നേക്കുറിച്ചു എഴുതുന്നതു് ആത്മകഥ.

7 കത്തുകൾ-ഡയറികൾ നൂറുശതമാനം ആത്മാർത്ഥതയോടെ കൈകാര്യം ചെയ്യപ്പെടുന്ന സാഹിത്യമേഖല.

8 സഞ്ചാരസാഹിത്യം അറിവും ആനന്ദവും ഒരേ സമയം പകർന്നു തരുന്ന യാത്രാവിവരണങ്ങൾ. മലയാളത്തിലെ 'വർത്തമാനപുസ്തകം' ഇന്ത്യൻ ഭാഷകളിലേ ഒരപൂർവ്വ സഞ്ചാരഗ്രന്ഥമാണ്.

9 പലവക. നിരൂപണ സാഹിത്യം, വിജ്ഞാനസാഹിത്യം തുടങ്ങിയ പലതും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം. സാഹിത്യ നിരൂപണം (literary criticism) ഉത്തമകോടിയിൽ വരുമ്പോൾ സർഗ്ഗാത്മക സാഹിത്യമായി രൂപം കൊള്ളുന്നു.

വിജ്ഞാനസാഹിത്യമേഖല ഇന്നു ദൈനന്ദിനം എന്നോണം വികസ്വരമായിവരികയാണ്.

ഗ്രന്ഥസൂചി:

നോവൽസാഹിത്യം: എം. പി. പോൾ
ചെറുകഥാസാഹിത്യം: ,,
ചെറുകഥ ഇന്നലെ, ഇന്ന്: എം. അച്ചുതൻ
ജീവചരിത്രസാഹിത്യം: കെ. എം. ജോർജ്ജ്

ഡോ: കെ. എം. ജോർജ്ജ്

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

16-11-1977

# കവിതയും കാവ്യരൂപങ്ങളും

1. കവിത എന്നാൽഎന്തു്? പലതരം നിർവചനങ്ങൾ നിർവചനങ്ങളുടെ അപര്യാപ്തത. ഗദ്യം, കവിത, വൃത്തം

2. കാവ്യരൂപങ്ങൾ:

    1. ഇതിഹാസം
    2. പുരാണം
    3. മഹാകാവ്യം
    4. ഖണ്ഡകാവ്യം
    5. ഭാവഗീതം
    6. ഗീതകം (sonnet)
    7. ഗീതം (ode)
    8. വിലാപകാവ്യം(elegy)
    9. കിളിപ്പാട്ടു്
    10. തുള്ളൽ
    11. ചമ്പു
    12. നാടോടിപ്പാട്ടുകൾ
    13. പ്രശസ്തികാവ്യം
    14. കീർത്തനം
    15. നാടകീയസ്വഗതോക്തി (dramatic monologue)
    16. വഞ്ചിപ്പാട്ടു്
    17. സന്ദേശകാവ്യം
    18. താരാട്ടു്
    19. ഇടയൻപാട്ടു്
    20. കാവ്യനാടകം
    21. സമസ്യാപൂരണം
    22. ഗദ്യകവിത
    23. അന്യാപദേശം
    24. ആഖ്യാനകവിത
    25. ഹൈക്കു

ഡോ. കെ. അയ്യപ്പപ്പണിക്കർ.

# Bibliography
## Three lectures.


I Poetry and poetic form (16-11-1977)

1 വിശ്വനാഥകവി: സാഹിത്യദർപ്പണം
2 M. H. Abrams: A Glossary of Literary Terms
3 Preminger: Encyclopedia of Poetry and Poetics
4 Hudson: An Introduction to the Study of Literature
5 വടക്കുംകൂർ രാജരാജവർമ്മ: സാഹിതീസർവസ്വം

II Chikamatsu (24-11-1977)

1 W. G. Aston: A History of Japanese Literarure
2 Waley, Arthur: The No Plays of Japan
3 Four Major Plays of Chikamatsu: Translated by Donald Keene
4 Donald Keene: Anthology of Japanese Literature

III Chinese Literature: an outline (1-12-1977)

1 Lai Ming: A History of Chinese Litetature
2 Cyril Birch: Studies in Chinese Literary Genres
3 David Marshall Lang: A Guide to Eastern Literatures

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14

## SYNOPSIS
17-11-1977

# സാഹിത്യാസ്വാദനം

1 രചന, ആസ്വാദനം, നിരൂപണം—സാഹിത്യത്തിലെ മൂന്നു പ്രധാന വ്യാപാരങ്ങൾ. മൂന്നിനും സാഹിത്യവാസന വേണം.

2 രചനയ്ക്കു നിദാനം സ്ഫുരിക്കുന്ന പ്രതിഭ. "Genius which is capable of enthusiasm"—Socrates.

3 രചനയുടെ ലക്ഷ്യം ആത്മോദ്യോതനം മാത്രമല്ല; അനുവാചക സമ്മതികൂടിയാണ്. കവിയും സഹൃദയനും ചേർന്നേ കവിത കവിതയാകൂ. "സരസ്വത്യാസ്തത്ത്വം കവിസഹൃദയാഖ്യം വിജയതേ." അഭിനവഗുപ്തൻ Conjoint effort of the author and the reader - Sartre.

4 സാധാരണ രീതിയിലുള്ള ആസ്വാദനത്തിനു വാസന മതി. വിവേചനത്തോടുകൂടിയ ആസ്വാദനത്തിന് പരിശീലനം വേണം. ആലോചനാമൃതമാണ് സാഹിത്യം. അഭിനവഗുപ്തൻെറ സഹൃദയലക്ഷണം: "നിരന്തരമായ കാവ്യപാരായണം വഴി മനോമുകരം സ്വച്ഛനിർമ്മലമായിത്തീരുമ്പോൾ പ്രതിപാദ്യവുമായി തന്മയീഭാവം വരുക നിമിത്തം കവിസമാനഹൃദയരായിത്തീരുന്നവരാണ് സഹൃദയന്മാർ."

5 പ്രത്യേക തരത്തിലുള്ള അനുവാചകരെ കണക്കിലെടുത്തും ഗ്രന്ഥരചന ചെയ്യാറുണ്ട്.

6 കാവ്യാസ്വാദനത്തിനു ഭാരതീയമാനദണ്ഡങ്ങൾ.

(i) ശബ്ദാലങ്കാരം (ii) അർത്ഥാലങ്കാരം (iii) രീതി (iv) ധ്വനി-രസം.

7 അഭിധാ, ലക്ഷണാ, വ്യംജനാ എന്ന മൂന്നു ശബ്ദശക്തികൾ മുഖേനയാണ് അർത്ഥം സിദ്ധിക്കുക. അഭിധാശക്തികൊണ്ടു സിദ്ധിക്കുന്ന അർത്ഥം അഭിധേയം (വാച്യം), ലക്ഷണാ ശക്തികൊണ്ടു

സിദ്ധിക്കുന്ന അർത്ഥം ലക്ഷ്യം. വ്യംജാനാശക്തികൊണ്ടു സിദ്ധിക്കുന്ന അർത്ഥം വ്യംഗ്യം. വ്യംഗ്യപ്രധാനമായ കാവ്യം ധ്വനി. ഉദാ: (i) മർത്ത്യാകാരേണ ഗോപീവസനനിര.........
(ii) വീണപൂവ്.

8 ഒരു കൃതി വായിക്കുമ്പോഠം സഹൃദയൻ തദനുസരണമായ സൃഷ്ടികർമ്മത്തിലും വ്യാപൃതനാകുന്നു. വായനയെ "directed creation" എന്നു Sartre വിശേഷിപ്പിക്കുന്നു. രണ്ടു സൃഷ്ടികളും തമ്മിൽ വിയോജിക്കുന്നിടത്തു വിരസതയും പ്രതികൂലവിമശ്വും

9 നിരൂപണം. ആസ്വാദനം വ്യക്തിനിഷ്ഠം, നിരൂപണം മററുള്ളവക്കുകൂടി ബോദ്ധ്യമാവണം. പ്രബുദ്ധമായ പ്രതികരണവും മാനദണ്ഡങ്ങളെ മുൻനിർത്തിയുള്ള യുക്തിയുക്തമായ പ്രതിപാദനവും.

10 പലതരം നിരൂപണസരണികഠം—ആസ്വാദനരസം സ്ഫുരിക്കാത്ത നിരൂപണം കലാസുന്ദരമായിരിക്കയില്ല. ആസ്വാദനവും നിഷ്കൃഷ്ടപഠനവും കൊണ്ടുണ്ടാകുന്ന സ്വതന്ത്രമായ പ്രതികരണവും അതിനെ ആധാരമാക്കിയുള്ള മൂല്യനിർണ്ണയവുമാണു് നിരൂപണത്തിൻെറ ജീവൻ.

ഡോ: പി. കെ. നാരായണപിള്ള

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14
## SYNOPSIS
22-11-1977

# ലത്തീൻസാഹിത്യം

I ഉപക്രമം: ലത്തീൻഭാഷ ഒരു ഇൻഡോയൂറോപ്യൻ ഭാഷ.

II ലത്തീൻസാഹിത്യത്തെ 5 ഘട്ടങ്ങളായി തിരിക്കാം:

1 പ്രാക്ലിഖിതഘട്ടം 240 B. C. വരെ

2 ലിഖിതസാഹിത്യം—പ്രഥമഘട്ടം 240-80 B. C.
അന്ത്രോണിക്കൂസ്, നേവിയൂസ്, മാക്കിയൂസ് പ്ലാവുത്തൂസ്, എന്നിയൂസ്, പോ. കാത്തോ.

3 ലിഖിതസാഹിത്യം—ദ്വിതീയഘട്ടം
(സിസറോണിയൻ യുഗം) 80-42 B. C.
സിസറോ, ജൂലിസ്സീസർ, സാള്ളൂസ്റ്റ്, ലുക്രേഷ്യസ്, കത്തുള്ളൂസ്.

4 ലിഖിതസാഹിത്യം—തൃതീയഘട്ടം
(അഗസ്റ്റൻയുഗം = സുവർണ്ണയുഗം) 42 B.C. 17 A.D.
വേർജിൽ, ഹോറസ്, ഓവിസ്, ലിവി.

5 ലിഖിതസാഹിത്യം—ചതുർത്ഥഘട്ടം 17 A. D. 130 A. D.
സെനേക്കാകരം, പ്ലിനികരം, ടാസിററസ്, ഔറേലിയൂസ്, പേർസിയൂസ്, ലൂക്കൻ.

ഡോ: ജെ. കട്ടയ്ക്കൽ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

23-11-1977

# ഫ്രെഞ്ചുസാഹിത്യം

ഒരവലോകനം

1 ഫ്രെഞ്ചു ഭാഷയുടെ ഉല്പത്തി. റോമൻ ആക്രമണത്തിനുശേഷം സംസാരിച്ചുവന്ന ലത്തീനിന്റെ രൂപം.

2 പുരാതന കൃതികൾ. ക്രിസ്തുവർഷം 9-ാം നൂററാണ്ട്. റോളൻഡിന്റെ ചരമത്തെക്കുറിച്ചുള്ള വീരഗാഥ

3 16-ാം നൂററാണ്ട്. റാബെലേയുടെ ഹാസ്യകൃതികൾ.

4 വിജ്ഞാനനവോത്ഥാനം(Renaissance). പ്ലെയാദ് സംഘത്തിൽപ്പെട്ട ഏഴുകവികൾ–Dorat, Ronsard, du Bellay, Belleau, Baif, Judelle, Ponthus de Thyard. മോന്തേഞ്ഞിന്റെ ലേഖനങ്ങൾ

5 17-ാം നൂററാണ്ടിലെ പ്രധാനകൃതികൾ. മലേർബിന്റെ കവിത. ഫ്രെഞ്ച് അക്കാദമിയുടെ ഉത്ഭവവും പ്രവൃത്തികളും ശോകാന്തനാടകകൃത്തുകളായ കൊർനേയ്, റസീൻ. സീദ് എന്ന നാടകം. മൊല്യേറിന്റെ വിനോദനാടകങ്ങൾ. ലാഫോന്തേൻ എഴുതിയ ജന്തുകഥകളും അവയുടെ ഗുണപാഠങ്ങളും. ബ്വാലോവിന്റെ പദ്യശാസ്ത്രം.

6 18-ാം നൂററാണ്ട്. മോന്തെസ്ക്യുവിന്റെ കൃതികൾ. ദിദെറൊയുടെ വിജ്ഞാനകോശം. വൊൽത്തേറിന്റെ നാനാമുഖങ്ങളായ കൃതികൾ. റൂസ്സോയുടെ എമീൽ, കോൺട്രാസൊസ്യാൽ. വിനോദനാടകങ്ങൾ. നോവലുകൾ. ഫ്രെഞ്ചു വിപ്ലവം. ആന്ദ്രേ ഷെന്യേ. ദേശീയഗാനം.

7 19-ാം നൂററാണ്ട്. ഷത്തോബ്രിയാൻ. വിക്തോർ യൂഗോയുടെ പദ്യങ്ങളും നാടകങ്ങളും നോവലുകളും. ലമാർത്തീൻ, വിഞ്ഞി, മ്യൂസ്സേ– ഇവരുടെ ആത്മനിഷ്ഠമായ കവിത. പർനാഡ് സംഘക്കാരുടെ വസ്തുനിഷ്ഠമായ കവിത. നോവലെഴുത്തുകാരായ ബൽസാക്, ദ്യൂമാ, ജോർജ്സാൻഡ്, മെറിമേ, ഫ്ളൊബേർ, എമീൽ സൊലാ

8 20-ാംനൂററാണ്ട് ദ്രേഫ്യൂസ് കേസും സാഹിത്യകാരന്മാർ വഹിച്ച പങ്കും. പുതിയ പ്രവണതകൾ-യാഥാർത്ഥ്യവാദം, ആദർശവാദം, സ്ഥൂലദർശനം (Impressionism), മനശ്ശാസ്ത്രവിശകലനം, കലാവസ്തുപ്രേമം, സ്വപ്നലോകദൃശ്യപ്രകടനം മുതലായവ.

ഈ. ജീ. ത്രിവിക്രമൻപിള്ള

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14
## SYNOPSIS
16- 11 -1977

# ആംഗല സാഹിത്യം
## ഒരവലോകനം

പ്രാചീനകാലം–അഞ്ചാം നൂററാണ്ടു മുതൽ 1340 എ.ഡി. വരെ.

ആദ്യകാല കൃതികൾ 'ആങ്ഗ്ലോസാക്സൺ'എന്ന ഭാഷയിൽ. ഈ ഭാഷ ഇന്നത്തെ ഇംഗ്ലീഷിൻെറ പൂർവ്വരൂപമാണെങ്കിലും പ്രത്യേകം പഠിക്കാതെ മനസ്സിലാകുകയില്ല. 'ബെയോവുൾഫ്' ഏററവും പ്രധാനകാവ്യം. 'കുരിശിൻെറ സ്വപ്നം' തുടങ്ങിയ ഖണ്ഡകാവ്യങ്ങൾ

ഗദ്യകൃതികളിൽ ആൽഫ്രഡ് രാജാവിൻെറ 'ക്രോണിക്കിൾസ്' സർവപ്രധാനം.

ആധുനികകാലം 1340 മുതൽ ഇന്നോളം

പതിന്നാലാം നൂററാണ്ട്. ഇംഗ്ലീഷിലെ ആദ്യത്തെ മഹാകവി ജോഫ്രിചാസർ(1340-1400). പ്രധാന കൃതി 'കാൻററർബറി കഥകൾ' മറെറാരു കൃതി 'ട്രോയിലസും ക്രെസീഡയും'. മററുകവികൾ–ജോൺ ഗൗവർ, വില്യം ലാങ്ടൺ.

പതിനഞ്ചാംനൂററാണ്ടു. പദ്യസാഹിത്യം പൊതുവേ അപ്രധാനം. ഗദ്യത്തിൽ തോമസ് മാലോറിയുടെ 'ആർതറുടെ മരണം' (1470) ബൈബിളിൻെറ തർജ്ജമ.

പതിനാറാം നൂററാണ്ട്. വയററ്, സറേ എന്നീ കവികൾ ഇംഗ്ലീഷിലേക്കു സോണററുകൾ വിവർത്തനം ചെയ്തു. അവയിൽ ഉപയോഗിച്ച 'ബ്ലാങ്ക്‌വെഴ്സ്' എന്ന വൃത്തം ഇംഗ്ലണ്ടിൽ പ്രചരിപ്പിച്ചു.

ഏററവും പ്രധാന കവി-എഡ്മണ്ട്സ്പെൻസർ (1552-99). കൃതികൾ 'ഫെയറികിംഗ്', 'ഷെപ്പേഡ്സ്കലെൻഡർ'. 'മെററാഫിസിക്കൽ' കവികളിൽ ആദ്യത്തെ കവി ജോൺഡൺ.

നാടക സാഹിത്യത്തിൻെറ സുവർണ്ണകാലം. മിസ്റററിനാടകങ്ങൾ, മൊറാലിററിനാടകങ്ങൾ, ഇൻററർലൂഡുകൾ ഇവ ക്രമേണ രൂപാന്തരപ്പെട്ടു. പുതിയ നാടകങ്ങൾ സംജാതമായി. എണ്ണപ്പെട്ട നാടക കൃത്തുകൾ- തോമസ് കിഡ്, ക്രിസ്റ്റഫർമാർലോ. ഇവർ ഷേക്സ്പീയറുടെ മാർഗ്ഗദർശികളായി. ഷേക്സ്പീയർ(1564-1616)-നാടകകൃത്തുകളിൽ സർവാദരണീയൻ. പല തരം നാടകങ്ങൾ രചിച്ചു. നാടകങ്ങൾക്കു പുറമേ അനേകം സോണററുകളും രചിച്ചു. സമകാലികരിൽ അഗ്രഗണ്യൻ-ബെൻ ജോൺസൺ (1573–1637). 'ഹ്യൂമർ' നാടകങ്ങളുടെ കർത്താവ്.

ഗദ്യശാഖ താരതമ്യേന നിർജ്ജീവം. സർതോമസ് നോർത്തിൻെറ 'ജീവിതങ്ങൾ', ഹോളൻഡിൻെറ 'നാചുറൽ ഹിസ്റ്ററി'

എന്നീ തർജ്ജമകളും റോബർട്ട്ബർട്ടൻെറ 'അനാററമി ഓഫ് മെല ങ്കളി'യും.

പതിനേഴാം നൂററാണ്ട്. മിൽട്ടൺ (1608-1674)-പ്രധാനകവി. തിക ഞ്ഞ പ്യൂരിട്ടൺ. പ്രധാന കൃതികൾ-പാരഡൈസ് ലോസ്റ്റ് (ഇതിഹാ സകാവ്യം), ലിസിഡാസ് (വിലാപകാവ്യം), സാംസൺ ആഗനി സ്റ്റസ് (ക്ലാസിക്കൽനാടകം), അറിയോപ്പഗിററിക്കാ എന്ന ഗദ്യ കൃതി. മറെറാരു കവി ഡ്രൈഡൻ (1631-1700)

ഗദ്യകാരന്മാർ—(1) ബേക്കൺ(1561-1626) 'പ്രബന്ധങ്ങൾ', 'ന്യൂ അററ്ലാൻറിസ്' മുതലായവയുടെ കർത്താവ്. (2) തോമസ് ബ്രൗൺ. (3) ജോൺ ബനിയൻ. (4)ഡാനിയൽ ഡിഫോ. (5) ജോന തൻസ്വിഫ്ററ്-ഏററവും പ്രശസ്ത ഹാസ്യസാഹിത്യകാരൻ- 'ഗളിവ റുടെസഞ്ചാരകഥ'കളുടെ കർത്താവ്. നാടകരംഗം പൊതുവേ നിർജ്ജീവം

പതിനെട്ടാം നൂററാണ്ട്. 'യുക്തിയുടെ യുഗം.' പ്രധാന കവികൾ-അല ക്സാണ്ടർ പോപ്പ്, 'റേപ്പ് ഓഫ് ദ ലോക്കി'ൻെറ കർത്താവ്, ഒളിവർ ഗോൾഡ സ്മിത്ത്, ജെയിംസ്തോംസൺ, തോമസ് ഗ്രേ ('എലി ജി'യുടെ കർത്താവ്), വില്യം കോളിൻസ്, റോബർട്ട് ബേൺസ്.

ഗദ്യസാഹിത്യത്തിൽ നോവലിൻെറ ഉദയം. ആദ്യത്തെ നോവൽ സാമുവൽ റിച്ചാർഡ്സൻെറ 'പമീല'.

സാമുവൽ ജോൺസൺ എന്ന അതികായൻ. നിഘണ്ടു കൂടാ തെ, കവികളുടെ ജീവചരിത്രങ്ങളും ചില കവിതകളും അദ്ദേഹത്തി ൻേറതായുണ്ട്.

പത്തൊൻപതാം നൂററാണ്ട്. റൊമാൻറിക്ക് കവിതയുടെ തുടക്കം. ഉൽഘാടകൻ വില്യംവേഡ്സ്വർത്ത് (1770-1850). പ്രധാന കൃതി കൾ—'പ്രല്യൂഡ്' 'ഇമ്മോർട്ടാലിററി ഓഡ്'. 'ററിൻേറൺ ആബി ലൈൻസ്'. മററു കവികൾ- കോളറിഡ്ജ്, ബൈറൺ, കീററ് സ്, ഷെല്ലി, ടെന്നിസൺ, ബ്രൗണിംഗ് തുടങ്ങിയവർ.

നോവലുകളുടെ പ്രളയം. വാൾട്ടർസ്കോട്ട്-മുഖ്യമായും ചരി ത്രാഖ്യായികാകാരൻ. ചാറൽസ്ഡിക്കൻസ്, വില്യം മേക്പീസ് താക്കറെ തുടങ്ങിയവർ. സ്ത്രീനോവലിസ്റ്റുകളായ ജോർജ്എലിയററ്, ജെയിൻഓസ്റ്റിൻ, ബ്രാൺടി സഹോദരിമാർ.

പ്രബന്ധകാരന്മാർ- ചാററൽസ്ലാംബ്, വില്യം ഹാസ്ലിററ് തുടങ്ങിയവർ. ചരിത്രകാരനായ തോമസ്കാർലൈൽ. മററു ഗദ്യ ശാഖകളിൽ ജോൺസ്റ്റുവാർട്ടുമിൽ, റസ്കിൻ, ഹെൻറിഹ്യൂമാൻ തുടങ്ങി യവർ

ഇരുപതാംനൂററാണ്ട്. കവികൾ W. B. യീററ്സ്, T. S. എലിയ ററ്. രണ്ടാമത്തെ ആൾ ഒരു പ്രസിദ്ധ നാടകകൃത്തുകൂടിയാണ്. ബെർ ണാഡ്ഷാ ഈ നൂററാണ്ടിലെ ഏററവും പ്രശസ്തനായ നാടകകർത്താവും ചിന്തകനും.

പ്രൊ: കെ. ശങ്കരൻ നമ്പൂതിരി

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

24-11-1977

# റഷ്യൻസാഹിത്യം

ഒരവലോകനം

10-ാം നൂററാണ്ട്—റഷ്യൻസാഹിത്യത്തിൻെറ ആരംഭം.

1188—''ഈഗരിൻെറ പടയോട്ടത്തെപ്പററി'' എന്ന കവിത.

18-ാം നൂററാണ്ട്—അത്ഭുതകരമായ വളർച്ച.

ലെമെണോസൊവ്—കവി, ശാസ്ത്രജ്ഞൻ, നിരൂപകൻ. ഉത്തമമായ സാഹിത്യഭാഷയ്ക്ക് അടിസ്ഥാനമിടുന്നു.

ജെർഷാവിൻ—18-ാം നൂററാണ്ടിലെ ഏററവും വലിയ കവി. ക്ലാസ്സിക് രീതിയിൽ കവിത എഴുതുന്നു.

ഫൊൺവീസിൻ—''അരവിദ്യ'' എന്ന ഹാസ്യനാടകം. നാടകസാഹിത്യത്തിൻെറ ആരംഭം.

രജീശ്യെവ്—''പീററർബുർഗ്ഗിൽ നിന്നു് മോസ്ക്കൊവരെ ഒരു യാത്ര.'' കൃഷിക്കാരുടേയും കുടിയാന്മാരുടേയും കഷ്ടതകൾ വിവരിക്കുന്നു.

19-ാം നൂററാണ്ട്. ഡെക്കാബ്രിസ്റ്റുകൾ (1826)—സ്വേഛാധിപത്യത്തിനെതിരെ വിപ്ലവകാഹളം മുഴക്കിയ ഒരു സാഹിത്യപ്രസ്ഥാനം. സായുധവിപ്ലവം നടത്തിയതിനു് അവരിൽ പ്രമുഖരായ റിലേയ്യസ് മുതലായവർ വധശിക്ഷ അനുഭവിക്കുന്നു.

ഗ്രിബയേദവ് —''ബുദ്ധിമാൻെറ ദുഃഖം'' എന്ന ഉജ്ജ്വലത്തായ നാടകം, മാമൂലിൽ കടിച്ചുതൂങ്ങുന്ന സമുദായത്തിനെതിരെ സമരംചെയ്യുന്ന ചാററ്സ്ക്കി എന്ന ആദർശസമ്പന്നനാണു് നായകൻ.

പുഷ്ക്കിൻ (1799-1837)—റഷ്യൻഭാഷയിലെ ഏററവും വലിയ കവി. എല്ലാ സാഹിത്യവിഭാഗങ്ങളും കൈകാര്യം ചെയ്യുന്നു. ഏററവും മഹത്തരമായ കൃതി ''എവ്ഗേനി അനേഗിൻ.''

ലേർമെന്തോവ് (1814–1844)—''കവിയുടെ മരണം,'' ''ചിന്ത,'' ''കപ്പൽപായ്'' മുതലായ കവിതകൾ; ''സമകാലീനനായ കഥാനായകൻ'' എന്ന നോവൽ.

ഗോഗൽ (1809–1852)—''ഇൻസ്പെക്ടർ''–ഉദ്യോഗസ്ഥലോകത്തിന്റെ അഴിമതി വർണ്ണിക്കുന്നു. ''മരിച്ച ആത്മാക്കൾ''–ജന്മിത്വസമ്പ്രദായത്തെ അധിക്ഷേപിക്കുന്നു. പുഷ്ക്കിൻ തുടങ്ങിയ റീയലിസം ഗോഗലിൽ പൂർണ്ണവളർച്ചയെ പ്രാപിക്കുന്നു. Grotesque inmour.

ബെലിൻസ്ക്കി (Belinsky) (1811–1848)— റഷ്യൻ നിരൂപണസാഹിത്യത്തിന്റെ മുടിചൂടാമന്നൻ. ''കലയ്ക്കുവേണ്ടി കല" എന്ന വാദത്തിന്ന് എതിർവാദമായി ''കല യാഥാർത്ഥ്യത്തിന്റെ അവതരണം'' എന്ന സിദ്ധാന്തം സ്ഥാപിക്കുന്നു.

19-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ റിയലിസത്തിന്റെ വിജയം.

| | |
|---|---|
| നിരൂപണം: | ദോബ്രല്യൂസൊവ് |
| | ചെർണിഷേവ്സ്ക്കി |
| | പിസന്യേവ് |
| നോവൽ: | തുർഗന്യേവ്–''പിതാക്കളും പുത്രരും'' |
| | ദസ്തയേവ്സ്ക്കി–''കുററവും ശിക്ഷയും'' |
| | താൾസ്റ്റോയ്–''യുദ്ധവും സമാധാനവും'' |
| ചെറുകഥ: | ചേഹവ് |
| നാടകം: | ചേഹവ്–''ചെറിത്തോട്ടം'' |

സോവ്യററ്സാഹിത്യം: ഗോര്ക്കി–''അമ്മ,'' ''എന്റെ യൂണിവേഴ്സിററികൾ.'' സോഷ്യലിസ്റ്റ് റീയലിസത്തിന്റെ ആരംഭം.

മായക്കോവ്സ്ക്കി—''ലെനിൻ,'' ''സോവ്യററ് പാസ്പോർട്ട്''—കവിതകൾ.

മിഹായെൽഷോളഹോവ്—''ഡോൺ ശാന്തമായി ഒഴുകുന്നു.''

രണ്ടാം ലോകമഹായുദ്ധകാലത്തു പേരെടുത്ത സാഹിത്യകാരന്മാർ—ബെക്ക്, സിമനോവ്, ആൻതക്കോൽസ്ക്കീ മുതൽപേർ.

1950-നും 70-നും ഇടയ്ക്ക്— എവ്തുഷെങ്കൊ, വസ്ന്യെസെൻസ്ക്കി മുതലായവർ.

സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽനിന്നു് തെററിപ്പിരിഞ്ഞവർ എന്നു കരുതപ്പെടുന്ന സാഹിത്യകാരന്മാർ—പാസ്റ്റർനാക്ക്, സോൾനെററ്ഷിൻ.

പ്രൊഫ: സെലിൻ മാത്യു

# OPEN UNIVERSITY LECTURES

**ULLOOR MEMORIAL**

TRIVANDRUM-14

**SYNOPSIS**

29-11-1977

## ഹോമർ—ഇലിയഡ്, ഓഡിസി

ഇലിയഡിൻേറയും ഓഡിസിയുടേയും ഉൽപത്തിയെപ്പററിയുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള മറുപടിയും.

ഈ കാവ്യങ്ങളിലെ കഥകളുടെ ഉത്ഭവം.

കഥകളുടെ സാരം.

ഈ കാവ്യങ്ങൾ ലോകമഹാകൃതികൾക്കിടയിൽ ഏററവും ഉന്നതസ്ഥാനം അർഹിക്കുന്നതിൻെറ കാരണങ്ങൾ:

1. അവയിലെ മാധുര്യമുള്ള പദ്യസരണി.
2. അവ ഗ്രീക്കുകാരുടെ ആദിഗ്രന്ഥങ്ങളാണ്. അവ ഗ്രീക്കുകാരുടെ ചരിത്രം, സംസ്കാരം മുതലായവയെപററിയുള്ള സമ്പൂർണ്ണ വിവരങ്ങൾ തരുന്നു.
3. അവയെ ഉയർന്ന നീതിശാസ്ത്രങ്ങളായി ലോകം അംഗീകരിക്കുന്നു.
4. ഹോമറുടെ കാലത്തു യുദ്ധത്തിന് ഏററവും പ്രാധാന്യമുള്ള സ്ഥാനം ഉണ്ടായിരുന്നു. എങ്കിലും ഹോമർക്കു ശാന്തിയിലാണ് കൂടുതൽ താല്പര്യം കാണുന്നതു്.
5. അന്ധനായ കവിയുടെ വർണ്ണനാശക്തി. വലിയ കാര്യങ്ങളും ചെറിയ കാര്യങ്ങളും ഏററവും ചാതുര്യത്തോടെ വിവരിക്കുന്നു.
6. ഹോമർ ഒരു realist-ഉം romanticist-ഉം ഒന്നുചേർന്ന കവിയാണ്. ഉദാഹരണങ്ങൾ. ഹോമറുടെ കഥാപാത്രങ്ങൾ അദ്ദേഹത്തിൻെറ realism നല്ലപോലെ വെളിപ്പെടുത്തുന്നു.

പ്രൊഫ: കെ. പി. കരുണാകരമേനോൻ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

29-11-1977

# ഡോൺ ക്യൂക്സോട്ട്

1. ഡോൺ ക്യൂക്സോട്ട് എന്ന കൃതി-ഒരു ക്ലാസ്സിക്.
2. കർത്താവിനെപ്പററിയുള്ള ചില പ്രസക്തവസ്തുതകൾ.
3. കൃതി ഒരു ശില്പമെന്ന നിലയിൽ.
4. ചില രസകരങ്ങളായ സംഭവങ്ങൾ.
5. പ്രധാന കഥാപാത്രങ്ങൾ.
6. വിഭിന്ന വീക്ഷണകോണം.
7. കൃതിയുടെ അനശ്വരതയ്ക്കു നിദാനം.

പ്രൊഫ: കെ. ശ്രീനിവാസൻ

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14

## SYNOPSIS
30-11-1977

# ഡാൻറി — ഡിവൈൻ കോമഡി

ഡിവൈൻ കോമഡി ചരിത്രത്തിലെ ഒരു എല്ലുകക്കല്ലാണ്. കാരണം:

ഡാൻറിയുടെ ജീവിതകഥ.

ഡാൻറിയുടെ 'കോമഡി' എന്ന കാവ്യം 'ഡിവൈൻ കോമഡി' യാകുന്നു.

കാവ്യത്തിലെ കഥാസാരം.

സകല വിഷയങ്ങളും ഉൾക്കൊള്ളുന്ന ഈ കാവ്യത്തിൻെറ പ്രത്യക്ഷാർത്ഥവും പരോക്ഷാത്ഥത്തിൻെറ (allegorical ) കരുത്തും.

ഈ രണ്ടത്ഥങ്ങളും കാവ്യത്തിൽ ഇടകലൻ കിടക്കുന്നു.

സർവവ്യാപകമായ ഈ കാവ്യം തികച്ചും വ്യക്തിനിഷ്ഠമാണ്; ഡാൻറി തന്നെയാണ് ഈ കഥയിലെ നായകൻ.

ഡാൻറിയുടെ ആത്മവിശ്വാസം.

കാവ്യത്തിൻെറ അത്ഭുതകരമായ പ്രതാപവും ഗാംഭീര്യവും— അതേ സമയം വേണ്ടിടത്ത് കിരാതോചിതവും വികൃതവുമായ ഭാഷയും.

പ്രകൃതിവർണ്ണനകൾ; മററു വർണ്ണനകൾ. വൈരൂപ്യത്തിൻേറയും തിന്മകളുടേയും മുന്നിൽ കവി കണ്ണടയ്ക്കുന്നില്ല.

ഈ കാവ്യം യൂറോപ്യൻസാഹിത്യത്തിൻെറ തുടക്കം കുറിക്കുന്നു.

വൃത്തം—terza rima.

ഉപസംഹാരം.

പ്രൊഫ: കെ. പി. കരുണാകരമേനോൻ

# OPEN UNIVERSITY LECTURES

**ULLOOR MEMORIAL**

TRIVANDRUM-14


## SYNOPSIS

1-12-1977

# ചീനസാഹിത്യചരിത്രം

## I രാജ്യചരിത്രം

| | | |
|---|---|---|
| ക്രി. മു. | 2953-2206 | ചരിത്രാതീതം: അഞ്ചു തീ വംശഘട്ടം |
| | 2205-1766 | ഹ്സിയാ } വംശത്രയം |
| | 1765-1122 | ഷാങ്ങ് (യിൻ) } വംശത്രയം |
| | 1121- 256 | ചൗ { 722-481 വസന്തശരത്ത്; 500-246 സമരരാഷ്ട്രം } വംശത്രയം |
| | 255- 207 | ചിൻ |
| | 206- 219 | ക്രി. പി. ഹാൻ (ബുദ്ധമതപ്രചാരം) |
| ക്രി.പി. | 220- 264 | വെയ് (രാജ്യത്രയം: വെയ്, വു, ഷു) |
| | 265- 419 | ചിൻ |
| | 420- 588 | ദക്ഷിണോത്തരവംശങ്ങൾ (സുങ്ങ്, ചി, ലിയാങ്ങ്, ചെൻ) |
| | 589- 617 | സുഇ് |
| | 618- 906 | താങ്ങ് |
| | 907- 959 | വംശപഞ്ചകം |
| | 960-1276 | സുങ്ങ് |
| | 1277-1367 | യുവാൻ (മംഗോൾ) [വിദേശാധിപത്യം] |
| | 1368-1643 | മിങ്ങ് (ക്രിസ്തുമതപ്രചാരം) |
| | 1644-1911 | ചിങ്ങ് (മഞ്ചു) വിദേശാധിപത്യം പാശ്ചാത്യസ്വാധീനം |
| | 1911-1949 | ദേശീയജനതന്ത്രരാഷ്ട്രം |
| | 1949- | കമ്യൂണിസ്റ്റ് ജനകീയജനതന്ത്രരാഷ്ട്രം |

## II സാഹിത്യചരിത്രം

1 അസ്ഥിരേഖകൾ: വെളിപാടുകൾ
ഇ-ചിങ്ങ്: ഏററവും പഴയ കാവ്യമാതൃകകൾ

2 കൺഫ്യൂഷസ്: ക്രി. മു. 551-479

3 ഷൂ ചാങ്ങ്: ചരിത്രഗ്രന്ഥം

4 ലൗ ത്സെ: തൗ തെളിങ്ങ്

5 മോ ത്സെ: ഗദ്യലേഖനങ്ങൾ

6 മെൻസിയസ്

7 ചുവാങ് ത്സെ

8 ചൂ യുവാൻ ക്രി. മു. 4-ാം ശതകം
പുരാതനചീനയിലെ ഏററവും വലിയ കവി

9 ഡേമാ ചിയെൻ ക്രി. മു. 2-ാം ശതകം
ചരിത്രരേഖ: ചീനയുടെ പ്രഥമ ചരിത്രഗ്രന്ഥം

10 ഡേമാ ഹ്സിയാങ്-ജൂ

11 തൗചിയെൻ ക്രി. പി. 372-427 കവി

12 ലി പോ 701-762 കവി

13 തു ഫൂ 712-770 കവി

14 പി യെൻ-തി വെൻ: കൃത്രിമഗദ്യം

15 ഹാൻയു (ചാങ്ലി) 768-824
അഭിജാതഗദ്യപ്രസ്ഥാനം

16 പോ ചുയി 772-846 കവി

17 താങ് വംശകാലം: ചെറുകഥാപ്രസ്ഥാനം
യുവാൻമെൻ: യിങ്-യിങ് ചുവാൻ

18 ലിയു യുങ് 990-1050 } ത്സെ കവിതകൾ
സു തുങ്പോ 1036-1101 }

19 ത്സാ ചൂ: വടക്കൻ നാടകം
വാങ് ഷി-ഫു (13-ാം ശതകം) പടിഞ്ഞാറേമുറി

20 താങ് ഹ്സിയെൻത്സു: 1550-1617: നാടകകൃത്ത്

21 മിങ് വംശകാലം: നോവലിൻെറ സുവർണയുഗം
നാലു് അത്ഭുത കൃതികൾ: മൂന്നു രാജ്യങ്ങൾ
എല്ലാ മനുഷ്യരും സഹോദരർ
കുരങ്ങ്
സ്വർണത്താമര

22 വു ചിങ്-ത്സെ: 1701-1754: പണ്ഡിതന്മാർ
ത് സാവോ ഹ്സുവെ-ചിൻ: 1716-1763
ചെമന്ന മുറിയിലെ സ്വപ്നം
ലിജൂ-ചെൻ 1763-1830: കണ്ണാടിയിലെ പൂക്കൾ

23 ആധുനികഘട്ടം: പാശ്ചാത്യ സ്വാധീനം
ചെൻ തു-ഹ്സിയു; ലു ഹ്സുൺ; ലിൻ യുതാങ്;
മൗ തുൺ കോമോ; -ജോ, ഹുങ ഷെൻ; ത്സാവോ
യു; ഹ്സു ചിമോ; മൗ ത്സെദുങ്

ഡോ: കെ. അയ്യപ്പപ്പണിക്കർ

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14

## SYNOPSIS
7-12-1977

## വൈദികസാഹിത്യം

1 ലോകത്തിലെ ഏററവും പ്രാചീനസാഹിത്യം—പദ്യവും ഗദ്യവും. വിദ് (ജ്ഞാനം) എന്ന ധാതു. ഉത്കൃഷ്ടമായ ജ്ഞാനം എന്നർത്ഥം.

2 വൈദികസംസ്കാരത്തിൻെറ നാലഞ്ചു സഹസ്രാബ്ദത്തെ അനുസ്യൂതി. വേദപഠനം. ഗായത്രിമന്ത്രം.

3 വേദത്തിൻെറ അപൗരുഷേയത്വം. വേദത്തിൽ ദിവ്യത്വവും ചിരന്തനത്വവും ആരോപിച്ചു.

4 കാലം, കർത്താക്കരം—അവ്യക്തം. 4000 B. C. ക്കം 1500 B. C. ക്കും ഇടയ്ക്കുള്ള പല കാലങ്ങളും കല്പിച്ചിരിക്കുന്നു.

5 വികാസവും പരിണാമവും: മൂന്നു ഘട്ടങ്ങരം i) സൃഷ്ടി ii) വ്യാഖ്യാനവും വിനിയോഗവും iii) ക്രോഡീകരണം

6 മൂന്നു പ്രധാന വിഭാഗങ്ങരം: സംഹിത, ബ്രാഹ്മണം, സൂത്രം.

7 നാലു സംഹിതകളിൽ ഋഗ്വേദസംഹിത പ്രധാനം. ഋക് = പദ്യാത്മകമായ ദേവതാസ്തുതി. ലോകത്തിലെ ഏററവും പ്രാചീനമായ കൃതി.

പത്തു മണ്ഡലങ്ങരം, 85 അനുവാകങ്ങരം, 1017 സൂക്തങ്ങരം, 10580½ ഋക്കുകരം. എട്ടധ്യായം വീതമുള്ള എട്ടഷ്ടകങ്ങളായും വിഭജിച്ചിരിക്കുന്നു.

ദ്രഷ്ടാക്കരം: ഗൃത്സമദൻ, വിശ്വാമിത്രൻ, വാമദേവൻ, അത്രി, ഭരദ്വാജൻ, വസിഷ്ഠൻ, കണ്വൻ തുടങ്ങിയവർ. ബ്രാഹ്മണരും അബ്രാഹ്മണരും. സ്ത്രീകളും പുരുഷന്മാരും.

ശാഖകരം പലതുണ്ടായിരുന്നെങ്കിലും ശാകലശാഖയേ നിലവിലുള്ളൂ.

ഇന്ദ്രൻ, അഗ്നി, വരുണൻ, ഉഷസ്സ് തുടങ്ങിയ ദേവതമാരുടെ സ്തുതി. പ്രകൃതിശക്തികളിൽ കൂടി പരമമായ ശക്തിയെ കണ്ടെത്തി. ''ഏകംസദ്വിപ്രാ ബഹുധാ വദന്തി.'' ലൗകികകാര്യങ്ങളും പ്രതിപാദിക്കുന്നു. ഉത്കൃഷ്ടചിന്തകൾ. അകൃത്രിമവും ലളിതവുമായ കവിത. ഉഷസ്സൂക്തം ഏററവും മനോഹരമായ കാവ്യശില്പം

ലോകസംസ്കാരചരിത്രത്തിലെ അതിപ്രധാനമായ ഒരു കൃതി.

8 മററു സംഹിതകൾ: ത്രയീ—ഋഗ്വേദം, സാമവേദം, യജുർവ്വേദം അഥർവ്വവേദം. അർവ്വാചീനം മററു മൂന്നുസംഹിതകളിലും ഋക്കുകൾ ചേർത്തിരിക്കുന്നു. സാമവേദം 75 മന്ത്രങ്ങളൊഴിയെ മറെറല്ലാം ഋക്കുകൾ തന്നെ. യജുർവ്വേദം. കൃഷ്ണശുക്ല ശാഖകൾ. അഥർവ്വവേദം—ക്ഷുദ്രദേവതകളും ആഭിചാര കർമ്മങ്ങളും അതിപ്രാചീനമായ സംസ്കാരത്തിൻെറ അംശങ്ങൾ

9 ബ്രാഹ്മണങ്ങൾ: ബ്രഹ്മത്തെ (മന്ത്രത്തെ) സംബന്ധിച്ചവ. മന്ത്രവും യാഗവുമായുള്ള ബന്ധം പ്രധാന ചർച്ചാവിഷയം. ലോകത്തിലെ ഏററവും പ്രാചീനമായ ഗദ്യരചന; ഏററവും പ്രാചീനമായ ദൈവിക കർമ്മവിവരണം.

10 ആരണ്യകവും ഉപനിഷത്തും: ബ്രാഹ്മണങ്ങളുടെ അവസാന ഭാഗം. ഏകാന്തതയിലുള്ള സത്യാന്വേഷണം. സമീപത്തിരുന്നുള്ള പഠനം, ഗുഹ്യമായ ജ്ഞാനം. പത്തുപനിഷത്തുകൾ പ്രധാനം. ഏകമായ പ്രപഞ്ചശക്തിയെക്കണ്ടെത്തൽ. അതു മനുഷ്യചേതനതന്നെയെന്ന നിഗമനം കേനോപനിഷത്ത്. മഹാവാക്യങ്ങൾ.

11 സൂത്രങ്ങൾ: ശ്രൗതസൂത്രം, ഗൃഹ്യസൂത്രം, ധർമ്മസൂത്രം

12 വൈദികസ്വരങ്ങളും വേദത്തിൻെറ ഭദ്രത കാത്തുസൂക്ഷിക്കുവാനുള്ള മററുപായങ്ങളും.

ഡോ: പി. കെ. നാരായണപിള്ള

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

7-12-1977

# കേരളീയ സംസ്കൃതസാഹിത്യം

### കാവ്യമണ്ഡലം

ആരംഭം—കാവ്യവിഭാഗങ്ങൾ—മഹാകാവ്യം— യമകകാവ്യം —ചരിത്രകാവ്യം—സന്ദേശകാവ്യം—ശാസ്ത്രകാവ്യം—ലഘുകാവ്യം സ്തോത്രം—ഗീതികവനം—ഗദ്യകാവ്യം ചമ്പു—നാടകസാഹിത്യം —നാടകാഭിനയം—പ്രശസ്തികാവ്യം— മുക്തകങ്ങൾ—പ്രാകൃതഭാഷാ നിബദ്ധങ്ങളായ ചില കൃതികൾ.

### ശാസ്ത്രമണ്ഡലം

വൈദികസാഹിത്യ സംബന്ധികളായ വ്യാഖ്യാനങ്ങളും കൃതികളും—ധർമ്മശാസ്ത്രം—വേദാന്തം—മീമാംസ—തന്ത്രവും ശില്പവും— കേരളത്തിലെ പ്രത്യേകതകൾ—ജ്യോതിശ്ശാസ്ത്രത്തിന്റെ അഭിവൃദ്ധി —ആയുർവേദം—വ്യാകരണം—ഛന്ദശ്ശാസ്ത്രം—തർക്കശാസ്ത്രം.

### വിമർശമണ്ഡലം

കേരളീയരുടെ സാഹിത്യ വിമർശ സംബന്ധിയായ കൃതികൾ —വ്യാഖ്യാനങ്ങളുടെ പ്രത്യേകതകൾ—നാടകവിമർശനം—നടാങ്കുശം —വ്യംഗ്യവ്യാഖ്യ—ആട്ടപ്രകാരങ്ങൾ.

### ഇന്നത്തെ അവസ്ഥ

സംസ്കൃതസാഹിത്യത്തിന്റെ വളർച്ച നിന്നിട്ടില്ല. അധുനാതന്മാരുടെ കൃതികൾ അതിനു തെളിവാണു . ഭാവി ഇരുണ്ടതല്ല.

ഡോ: എൻ. പി. ഉണ്ണി

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

8-12-1977

# കാളിദാസൻ

**ആമുഖം**

വിശ്വസംസ്കൃതിക്കു ഭാരതത്തിൻെറ അനർഘ സംഭാവന കാളിദാസകവിത.

**ജീവിതം**

അതിശയോക്തി കലൎന്ന കുറേ കെട്ടുകഥകൾ—അവയിൽ സത്യമെത്രയുണ്ടെന്നു് നിർണ്ണയിക്കാൻ പ്രയാസം.

**കാലം**

വ്യത്യസ്തമായ അഭിപ്രായങ്ങൾ—ബി. സി. ഒന്നാം നൂററാണ്ടു്, എ. ഡി. നാലാം നൂററാണ്ടു് എന്നിവ പ്രബലങ്ങളായ മതങ്ങൾ.

**കൃതികൾ**

കുമാരസംഭവം, രഘുവംശം, മേഘസന്ദേശം എന്ന മൂന്നു കാവ്യങ്ങൾ; മാളവികാഗ്നിമിത്രം, വിക്രമോർവ്വശീയം, അഭിജ്ഞാനശാകുന്തളം എന്ന മൂന്നു നാടകങ്ങൾ; ചിലരുടെ മതത്തിൽ ഋതുസംഹാരം കൂടി.

കാളിദാസൻേറതെന്ന പേരിൽ പ്രചരിച്ച കൃതികൾ—ഘടകപ്പരകാവ്യം മുതലായവ.

**ഉപാദാനങ്ങൾ**

തൻെറ കാലത്തെ ഒട്ടെല്ലാ ചിന്താധാരകളും ഉൾക്കൊണ്ടിരുന്നു. വേദോപനിഷത്തുകൾ, രാമായണം, ഭാരതം വിഷ്ണുപുരാണം, വായുപുരാണം, ഷഡ്ദർശനങ്ങൾ, അർത്ഥശാസ്ത്രം, കാമശാസ്ത്രം മുതലായവ. വാല്മീകിയോടും ഭഗവദ്ഗീതയോടും കൂടുതൽ കടപ്പാടു്.

**ജീവിതവീക്ഷണം**

പരലോകവും ഇഹലോകവും, ആധ്യാത്മികതയും ഭൗതികതയും, ദേവത്വവും മനുഷ്യത്വവും—ഈ ദ്വന്ദ്വങ്ങളുടെ സമന്വയനം സാധിച്ചിരിക്കുന്നു. ജീവിതാഭിനിവേശം വർദ്ധിപ്പിക്കുമാറു് പ്രസാദാത്മകമായ ജീവിതവീക്ഷണം.

ഉത്കൃഷ്ടമായ ജീവിതാദർശങ്ങളിലുള്ള അചഞ്ചലമായ വിശ്വാസം—ധർമ്മനിഷ്ഠ, ത്യാഗോജ്ജ്വലത മുതലായവ.

**പ്രകൃതി കാളിദാസകവിതയിൽ**

പ്രകൃതിയും മനുഷ്യനും ഒരുപോലെ കൂടിക്കലരുന്ന അനുഭൂതിമധുരമായ ദൃശ്യങ്ങൾ കാളിദാസ കവിതയിൽ ധാരാളം—സ്നേഹം ചരാചരങ്ങളിൽ മുഴുവൻ വ്യാപിച്ചിരിക്കുന്നു. വിശ്വപ്രേമദർശനം പ്രകൃതിയിലൂടെ.

**പ്രതിപാദനശൈലി**

പ്രസന്നസുഭഗമായ വൈദർഭീശൈലി — പണ്ഡിതന്മാരുടെ മാത്രം കവിയല്ലാതായതു് ഇതുകൊണ്ടു്—ഉള്ളിൽ തട്ടുന്ന അലങ്കാരപ്രയോഗം—ദുഷ്കരമായ ചിത്രബന്ധാദികൾ കാളിദാസകവിതയിൽ കാണാനില്ല.

എൻ. വി. പി. ഉണിത്തിരി

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

8-12-1977.

# മദ്ധ്യകാല ഭാരതീയ സാഹിത്യം.

## രൂപരേഖ

I വിഷയത്തിന്റെ വ്യാപ്തി — നിർവചനം —കാലഘട്ടത്തിന്റെ സവിശേഷതകൾ--

എ പൂർവമധ്യകാലം

ബി ഉത്തര മധ്യകാലം

സി ഈ കാലഘട്ടത്തിൽ ആധുനികഭാരതീയ ആര്യഭാഷകളിലെ സാഹിത്യധാരകളുടെ സാമാന്യസ്വഭാവം •

സി 1. ഭക്തിപ്രസ്ഥാനം

സി1-1. സഗുണഭക്തി- രാമഭക്തി, കൃഷ്ണഭക്തി

സി1-2. നിർഗ്ഗുണഭക്തി- ദാർശനികചിന്ത——സൂഫീവാദം—

സി—2. രീതിസമ്പ്രദായം (ഫോർമലിസം)

സി2—2. ഫോർമലിസത്തിന്റെ ചട്ടക്കൂടിനുള്ളിൽ സാഹിത്യത്തെ ഒതുക്കാനുള്ള തീവ്രയത്നം

സി2—2. ഇതിന്റെ ചലനങ്ങൾ ആര്യഭാഷാ സാഹിത്യങ്ങളിൽ.

II മുകളിൽപ്പറഞ്ഞ പ്രസ്ഥാന സവിശേഷതകൾ മധ്യകാല സാഹിത്യത്തിൽ എങ്ങനെ പ്രതിഫലിച്ചിരിക്കുന്നു എന്ന പരിശോധന

II—1 ഹിന്ദിസാഹിത്യം

എ. ഭക്തി—നിർഗ്ഗുണ ശാഖ

കബീർ-നാനാക്, ദാദൂ, മലൂക്ക്ദാസ്, ജായസീ, കുതുബൻ, മംഝൻ,——

സഗുണശാഖ——

കൃഷ്ണഭക്തി

അഷ്ടഛാപ് കവികൾ, സൂർദാസ്, പരമാനന്ദദാസ്, നന്ദദാസ്——

രാമഭക്തി

തുളസീദാസ്, നാഭാദാസ്, കൃഷ്ണദാസ്, ചതുർഭുജദാസ്, ഗോവിന്ദസ്വാമി-

ബി. രീതികാലം—സവിശേഷതകൾ

കേശവദാസ്, ചിന്താമണി ത്രിപാഠി, ബിഹാരി, മതിറാം, ഭൂഷൺ, ദേവ്

II·2 ബംഗാളീസാഹിത്യം

എ. ഭക്തികാലം—വൈഷ്ണവകവികഠം

മുകുന്ദറാം, ചണ്ഡീമംഗളം, ജ്ഞാനദാസ്, ഗോവിന്ദദാസ്, വൃന്ദാവനദാസ്, കൃഷ്ണദാസ്

ഈ കവികളുടെ ഭക്തിനിർഭര കൃതികഠം.

മുസ്ലീം ഭക്തകവികഠം

ദൗലത്ത് കാസ്സിം, സെയ്ദ് അലാവുൽ

ബി. പുതിയ ചലനങ്ങഠം

നാടോടി സാഹിത്യത്തിനു മുൻതൂക്കം—നാടൻ കഥകഠം, പാട്ടുകഠം ഇവയുടെ മാതൃകയിലുള്ള അനേകം കൃതികഠം.

സി. മാററത്തിൻെറ കതിരുകഠം

മൃത്യുഞ്ജയ വിദ്യാലങ്കാർ, റാം മോഹൻറായ്, മൈക്കേൽ മധുസൂദനദത്തു് തുടങ്ങിയവർ

II·3 മറാഠി സാഹിത്യം

എ. ഭക്തിയുടെ ആരംഭരേഖകഠം

തുകാം റാം, മുക്തേശ്വർ, വാമന പണ്ഡിത്, മേറോപന്ത് രാമചന്ദ്ര പറാഡ്കർ, അജ്ഞാനദാസ്

ബി. വീരഗാഥകഠം, ലക്ഷണ ഗ്രന്ഥങ്ങഠം, ശൃംഗാരഗ്രന്ഥങ്ങഠം

സി. നവോത്ഥാനത്തിൻെറ മൂന്നു യുഗങ്ങഠം

i) കേശവ ദാമലേ കാലം
ii) ഭാസ്കര രാമചന്ദ്രതാംബേ കാലം
iii) രവികിരണമണ്ഡലം-സംഘം

II·4 ഗുജറാത്തി സാഹിത്യം

എ. ഭക്തികാലം

നമ്മദാശങ്കർ, ഗോവർധനറാം

ബി. ഇതര ചലനങ്ങഠം

മണിലാൽ ദ്വിവേദി, ആനന്ദശങ്കർ, കേശവലാൽ ധ്രുവ്

II·5 പഞ്ചാബി സാഹിത്യം

II·6 ഒറിയ സാഹിത്യം

III ഉപസംഹാരം

മധ്യകാല സാഹിത്യത്തിലെ സാമാന്യസ്വഭാവങ്ങഠം
സാംസ്കാരിക സമന്വയം
ആശയപരമായ സാദൃശ്യം
വൈകാരികമായ ഐക്യം

ഡോ: വെള്ളായണി അർജ്ജുനൻ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

13-12-1977

# ഹെൻറിക് ഇബ്സൻ (1828–1906)

1 പത്തൊൻപതാം നൂററാണ്ടിലെ ഏററവും ശ്രദ്ധേയനായ നാടക കൃത്ത്.

2 ജീവചരിത്രവും ജീവിത പശ്ചാത്തലവും.

3 1848-ൻെറ സ്വാധീനം—ഇബ്സനിലും യൂറോപ്പിലെ ചിന്താ മണ്ഡലത്തിലും.

4 ഇബ്സൻെറ ജീവിത സമീപനം—അതിൻെറ ആത്മനിഷ്ഠത—സ്വാതന്ത്ര്യം, സത്യം ഇവയുടെ മുൻതൂക്കം. കലാസങ്കല്പം – കല ജീവിതം തന്നെ.

5 ആദ്യകാലകൃതികൾ—കാവ്യനാടകങ്ങൾ

കാററിലിൻ, ബ്രാണ്ട്, പീർഗിൻറ്, എംപറർ അൻഡ് ഗലിലിയൻ.

6 സാമൂഹ്യ നാടകങ്ങൾ—സമൂഹത്തിൻെറ തൂണുകൾ, പാവക്കൂട്, പ്രേതങ്ങൾ, ജനദ്രോഹി, കാട്ടുതാറാവ്, ഹെഡ്ഡാ, ഗാബ്ളർ.

7 അന്ത്യകാലഘട്ടം—ആത്മകഥാംശം കൂടുതലുള്ള നാടകങ്ങൾ

രാജശില്പി

8 ഇബ്സൻെറ നാടകസങ്കേതത്തെപ്പററി—റിയലിസം.

9 ഇബ്സൻെറ സ്വാധീനം—ബർണാർഡ്ഷാ, മലയാളത്തിൽ എൻ. കൃഷ്ണപിള്ള.

10 ഇബ്സൻെറ സ്ഥാനം വിശ്വസാഹിത്യത്തിൽ - മഹാന്മാരായ അഞ്ചു നാടകകൃത്തുകളിൽ ഒരാൾ.

പ്രൊഫ: കെ. ശ്രീനിവാസൻ

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14

## SYNOPSIS
14-12-1977

# ആധുനിക ഭാരതീയസാഹിത്യങ്ങൾ—ദാക്ഷിണാത്യം

1 ആധുനിക ഭാരതീയ സാഹിത്യങ്ങൾ:

ആധുനികം എന്ന പദം ഏതർത്ഥത്തിൽ

a) കാലപരിഗണന

b) സാഹിത്യസ്വഭാവം അടിസ്ഥാനമാക്കി

classical × modern

2 ഭാരതം—ഭാഷയുടെ കാഴ്ചപ്പാടിൽ

നാലു ഭാഷാ ഗോത്രങ്ങൾ 1) ആസ്ട്രിക്
2) സൈനോടിബററൻ
3) ദ്രാവിഡം
4) ഇൻഡോ-ആര്യൻ

179 ഭാഷകൾ

544 ഭാഷാഭേദങ്ങൾ

179 ഭാഷകളിൽ ഭൂരിപക്ഷവും tribal speeches
(അപരിഷ്കൃതവർഗ്ഗഭാഷകൾ)

3 സാഹിത്യഭാഷകൾ

| | | |
|---|---|---|
| അക്കാദമി അംഗീകരിച്ചവ | | 22 |
| ഗവണ്മെൻറ് | ,, | 15 |

4 ദ്രാവിഡഭാഷകൾ—ദാക്ഷിണാത്യ ഭാഷകൾ

തമിഴ് - തമിൾ - ദമിളം - ദ്രമിഡം - ദ്രാവിഡം

നാലു ഭാഷകളും വ്യവഹാര ഭാഷകൾ എന്ന നിലയിൽ വളരെ പഴക്കമുള്ളവ തന്നെ. പക്ഷേ സാഹിത്യകൃതികൾ അവയിൽ അങ്കുരിച്ചതു താഴെ ചേർക്കുന്ന ക്രമത്തിലാണ്.

തമിഴ്, കന്നടം, തെലുങ്ക്, മലയാളം

5 ഈ നാലു സാഹിത്യങ്ങളിൽ കാണുന്ന സാമാന്യസ്വഭാവങ്ങൾ

A) ഇൻഡോ-ആര്യൻ സ്വാധീനം

B) പാശ്ചാത്യസ്വാധീനം

C) മററു സമാനസ്വഭാവങ്ങൾ

6 ഒരു വിഹഗവീക്ഷണം

A) തമിഴ്

ഭാരതീയ സംസ്കാരത്തിൻെറ അടിത്തറ ശരിക്കും ഗ്രഹിക്കണമെങ്കിൽ പ്രാചീന തമിഴ്സാഹിത്യപഠനം അനുപേക്ഷണീയം.

B) കന്നടം

C) തെലുങ്ക് - Italian of the East

ഭാഷയുടെ ശബ്ദസൗഖ്യം പ്രത്യേകം ശ്രദ്ധാർഹം

D) മലയാളം

15-ാം ശതകത്തിലെ തെലുങ്ക് കവിത മലയാളം എന്ന പദം ഉദ്ധരിച്ചിട്ടുണ്ട്.

References:


1) Languages and Literatures of Modern India (1962) —Suniti kumar Chatterji

2) Indian Literature —Ed. V. Nagendra

3) Contemporary Indian Literature —Sahitya Akademi (Symposium)


ഡോ: കെ. എം. ജോർജ്ജ്

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

14-12-1977

# ഹിന്ദി സാഹിത്യം

## ഒരവലോകനം.

ആമുഖം

ഭാരതീയ ഭാഷകളിൽ പ്രധാനപ്പെട്ട ഒരു ഭാഷ. ഹിന്ദിയുടെ വിഭിന്നബോലികൾ അഥവാ ഡയലക്റ്റുകൾ. ഹിന്ദിസാഹിത്യത്തിന്റെ ഉദ്ഭവം അപഭ്രംശ സാഹിത്യത്തിൽ നിന്ന്. അപഭ്രംശ സാഹിത്യത്തിന്റെ സംക്ഷിപ്ത രൂപം. അപഭ്രംശം മുതൽ ആധുനിക [ഖഡീബോലി] ഹിന്ദി വരെയുള്ള വികാസ പ്രക്രിയ.

## ഒന്നാം ഭാഗം

ഹിന്ദി സാഹിത്യത്തിന്റെ രണ്ടു കാലഘട്ടങ്ങൾ-പ്രാചീനം, നവീനം. മലയാള സാഹിത്യ ചരിത്ര രീതി സ്വീകരിച്ചുകൊണ്ടുള്ള വിഭജനം-ഭാരതേന്ദുവരെ പ്രാചീനം അതിനുശേഷം ആധുനികം. ആധുനികത്തിൽ സ്വാതന്ത്ര്യത്തിനുശേഷം അധുനാതനം എന്നും പറയാം.

പ്രാചീനം-പദ്യമയം:

സാമൂഹ്യമെന്നും അദ്ധ്യാത്മികമെന്നും തരം തിരിക്കാം. രാജാവും ഈശ്വരനും. ലോകരുടെ സാമാന്യ ജീവിതപ്രശ്നങ്ങൾ വിഷയമായില്ല. രാജാവിന്റെ കഥ: വീര ഗാഥയിലും തുടന്ന് ഭക്തികാലത്തും രീതി കാവ്യങ്ങളിലും. ഈശ്വരന്റെ കഥ: ആരംഭം മുതൽ തുടന്നു വരുന്ന അപഭ്രംശം മുതൽ ആധുനികഘട്ടം വരെ. പല മതങ്ങൾ, മാങ്ങൾ, പ്രസ്ഥാനങ്ങൾ ഇവയെല്ലാം കവിതയിൽ സ്വാധീനം ചെലുത്തുന്നു.

സിദ്ധന്മാർ, സന്തന്മാർ, യോഗികൾ, സൂഫികൾ, രാമഭക്തർ, കൃഷ്ണഭക്തർ, പൗരാണികർ, നാടൻ അവധൂതന്മാർ തുടങ്ങിയവർ. ഈ കാലഘട്ടത്തെ മൂന്നു നാലു അതികായന്മാർ - കബീർ, ജായസി, സൂർ, തുളസി. ഈശ്വരസാന്നിദ്ധ്യത്തിൽ നിന്നു രാജസന്നിധിയിലേയ്ക്കു സ്വാധീനിച്ച കാലഘട്ടം – സൌന്ദര്യവും സുഖഭോഗവും. മലയാളത്തിലെ ശൃംഗാരക്കവിതകളോടു സാദൃശ്യം.

നീതികാവ്യം:

സംസ്കൃതത്തിൽനിന്നുടലെടുത്ത നീതികാവ്യപ്രസ്ഥാനം.

കാവ്യരൂപങ്ങൾ—ഒരെത്തിനോട്ടം.

## രണ്ടാം ഭാഗം

ആധുനിക കാലഘട്ടം—എല്ലാ ഭാരതീയ സാഹിത്യങ്ങളിലും ഒരുപോലെ നവോത്ഥാനം, രാഷ്ട്രീയ പ്രബുദ്ധത, പാശ്ചാത്യ കവിതയുടെ സ്വാധീനം, മാർക്സിസ്റ്റ് സാഹിത്യസ്വാധീനം—വീണ്ടും സ്വതന്ത്രസ്വഛന്ദതാവാദത്തിലേയ്ക്കു് പ്രേരണ.

പ്രമുഖ കേന്ദ്രങ്ങൾ—ഗാന്ധിജി, വിവേകാനന്ദൻ

മാർക്സ , ഉമർഖയ്യാം

സാഹിത്യത്തിന്റെ പുതിയ രൂപങ്ങളും ശൈലികളും. പദ്യത്തിൽ നിന്നു് ഗദ്യത്തിലേയ്ക്കു്. ഗദ്യനാടകം, ഉപന്യാസം, ചെറുകഥ, നോവൽ. മററു ഗദ്യരൂപങ്ങൾ—ജീവചരിത്രം, ഏകാങ്കം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ.

അധുനാതനം (1947-നു് ശേഷം)

സ്വതന്ത്രഭാരതത്തിൽ പാശ്ചാത്യാനുകരണം കൂടിവരുന്നുവെന്ന ദുഃഖസത്യം—സാഹിത്യത്തിന്റെ എല്ലാ രംഗങ്ങളിലും ഈ സ്ഥിതിവിശേഷത്തിന്റെ കാരണം. വ്യക്തിയിലേക്കു് തിരിയുന്ന സാഹിത്യം ഒരു ഭാഗത്തു്; മറെറാരു ഭാഗത്തു് ഉപേക്ഷിച്ചു കിടന്ന ഗ്രാമപ്രദേശങ്ങളിലെ കഥ പറയാനുള്ള ഉത്സാഹം. ഇതിന്റെ സ്വാധീനം നാടകങ്ങളിലും മററും—കവിതയിൽപോലും—സിനിമയിലും, ഭോജപുരി ഛത്തീസ്ഗഢി—രിജസ്ഥാനി—മൈഥിലിയിലും.

പരീക്ഷണ കവിത, നയീകവിത, അകവിത വരെ. കഥയിലും നോവലിലും പുതിയ പരീക്ഷണങ്ങൾ, പ്രതിനിധി സാഹിത്യകാരന്മാർ—അജ്ഞേയ്. മുക്തിബോധ്, ധർമ്മവീർ ഭാരതി, ധൂമിൽ, ജഗദീശ്, ചതുർത്ഥി, ദീപ്തി ഖണ്ഡേൽവാൽ, കേദാരനാഥ് തുടങ്ങിയവർ.

പഴയ സമ്പ്രദായത്തിലുള്ള കൃതികൾ തുടരുന്നു. പരിഭാഷകൾ ഉൾക്കൊണ്ടുകൊണ്ടും ശാസ്ത്രീയ സാങ്കേതിക പദാവലി രചിച്ചും ഹിന്ദിഭാഷ സാഹിത്യേതരമായ വിഷയങ്ങളിലും പ്രൗഢമായ ഗ്രന്ഥസമ്പത്താർജ്ജിച്ചു വരുന്നു. ഇനിയും വളരെയേറെ പ്രവർത്തിക്കേണ്ടതുണ്ടു്.

ഡോ: എൻ. ഇ. വിശ്വനാഥ അയ്യർ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

15-12-1977

# ആധുനിക പ്രാദേശിക സാഹിത്യങ്ങളിലെ നവോത്ഥാനം

1 നവോത്ഥാനം(Renaissance)എന്നാൽ എന്തു്?
സാഹിത്യാദി കലകളിലെ പുനർജന്മത്തെക്കുറിക്കുന്ന ഒരു സംജ്ഞ.

സാഹിത്യത്തിൽ തുടർച്ചയായ ഒരു വികാസമാണു കാണുന്നതെങ്കിൽ 'നവോത്ഥാനം' എന്ന ആശയത്തിൻെറ പ്രസക്തിയെന്തു്? **J. H. Cousins: India had always been awake and stood in no need of re-awakening.**

എങ്കിലും ചരിത്രം സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോാം ശാദ്ധ്വല പ്രദേശങ്ങളുടെ ഇടയിൽ ഊഷര ഭൂമികരാം കാണാൻ കഴിയും.

ജീവിതത്തിൻെറ സ്വാഭാവികമായ താളക്രമത്തിൽ ജനനം വളർച്ച, തകർച്ച, എന്നിവ അനുപേക്ഷണീയമാണെങ്കിൽ സമൂഹത്തിൻെറ പ്രതിഫലനമായ സംസ്ക്കാരത്തിലും സാഹിത്യത്തിലും ഈ സ്ഥിതിഭേദങ്ങരാം സ്വാഭാവികം തന്നെ,

2 സാഹിത്യത്തിലെ നവോത്ഥാനം ഭാരതീയ നവോത്ഥാനത്തിൻെറ ഒരു ഭാഗം മാത്രം.

19-ാം ശതകത്തിൻെറ അവസാനം 20-ാം ശതകത്തിൻെറ ആരംഭം— രാഷ്ട്രീയവും സാമൂഹികവുമായ നവോദയത്തിൻെറ ഘട്ടം

ഈ ഘട്ടത്തിൻെറ ആഹ്വാനങ്ങരാം സാഹിത്യത്തിൽ പ്രതിബിംബിക്കുന്നു.

3 ഇന്ത്യ ബഹുവർണ്ണാങ്കിതമായ ഒരു വസ്ത്രം; അതിൻെറ ഇഴകരാം ഒരററത്തു തുടങ്ങിയാൽ മററൊരററത്തു ചെന്നു ലയിക്കുന്നു.

ബുദ്ധമതം ഒരററത്തു തുടങ്ങിയപ്പോൾ ഭക്തിപ്രസ്ഥാനം മറെറാര ററത്തു ആരംഭിച്ചു. സിക്കമതം പഞ്ചാബിൽ തുടങ്ങി വടക്കേ ഇന്ത്യ മുഴുവൻ വ്യാപിച്ചു. ബ്രഹ്മസമാജവും ആര്യസമാജവും ബംഗാളിൽ ആരംഭിച്ചു പടിഞ്ഞാറൻ തീരമൊട്ടാകെ വ്യാപിച്ചു. രാമലിംഗസ്വാമി, നാരായണഗുരു, ടാഗോർ, അരവിന്ദൻ, ഇവരുടെ സ്വാധീനശക്തി ദേശമാകെ തിരയടിച്ചു

4 നവോത്ഥാനഘട്ടം ചെറിയതോതിൽ 1857-ൽ തന്നേ ആരംഭിക്കുന്നു

ഉണർച്ച, പരിഷ്കാരത്വര, വിപ്ലവാസക്തി, വിദ്യാഭ്യാസരംഗം, മൂന്നുസർവ്വകലാശാലകൾ

1887-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മൂന്നാം സെഷൻ മദ്രാസിൽ, മദ്രാസ്, മദ്രാസീ സംയുക്ത സംസ്കാരം. പുതിയ ചക്രവാളങ്ങളിലേക്കുള്ള പ്രയാണം.

5 ബ്രിട്ടനുമായുള്ള സമ്പർക്കം, സംഘട്ടനം, സംഘർഷം

അന്ധമായ അനുകരണം

പാരമ്പര്യത്തോടുള്ള ബഹുമാനം

ത്യാജ്യഗ്രാഹ്യവിവേചനം

നാലുഘട്ടങ്ങൾ-നവോത്ഥാനത്തിൽ

(a) 1857–1905

മതപരവും സാംസ്കാരികവുമായ ഉണർച്ച

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം

(b) 1905–1920

ദേശീയ ചിന്താഗതി

'വന്ദേമാതരം'

(c) 1920–1947

ഗന്ധിയൻ വിപ്ലവം

വിദ്യാഭ്യാസം, സാമ്പത്തികരംഗം, സാഹിത്യം, സാമൂഹ്യജീവിതം-ഇവയിലെല്ലാം

(d) 1947നുശേഷം

സ്വാതന്ത്ര്യലബ്ധിക്കുശേഷം

ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിൽ വന്ന പരാജയം

ജനാധിപത്യം നേരിട്ട വെല്ലുവിളികൾ

6 മേൽകാണിച്ച നവോത്ഥാനഘട്ടങ്ങൾ സാഹിത്യത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു?

ഡോ: കെ. എം. ജോർജ്ജ്

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

25-1-1978

## തമിഴ് സാഹിത്യചരിത്രം

1 സംഘകാലം (ക്രി. മു. 500 ക്രി. പി. 100)
സംഘം—സംഘകാലം—എട്ടുത്തൊക—പത്തുപ്പാട്ടു ഗ്രന്ഥങ്ങൾ —സവിശേഷതകൾ.

2 സംഘം 'മരുവിയ'കാലം (ക്രി.പി. 100—600)
പതിനെൺകിഴ്ക്കണക്കു ഗ്രന്ഥങ്ങൾ—തിരുക്കുറൾ—മററു ഗ്രന്ഥങ്ങൾ—ചിലപ്പതികാരം—മണിമേഖല—തിരുമന്ത്രം.

3 പല്ലവർകാലം (ക്രി. പി. 600—850)
നായന്മാർ—ആഴ്വാർ—ബൗദ്ധന്മാർ — അവരുടെ സംഭാവനകൾ. ജൈനമതക്കാർ —അവരുടെ സംഭാവനകൾ.

4 ചോഴർകാലം (ക്രി. പി. 850—1350)
അഞ്ചു വലിയ കാവ്യങ്ങൾ—അഞ്ചു ലഘുകാവ്യങ്ങൾ—വ്യാകരണഗ്രന്ഥങ്ങൾ—കലിങ്കത്തുപ്പരണി—കമ്പരാമായണം — ഒട്ടക്കൂത്തൻ—സ്കന്ദപുരാണം.

5 നായക്കർകാലം (ക്രി. പി. 1350—1750)
വ്യാഖ്യാതാക്കൾ — ശൈവസിദ്ധാന്തശാസ്ത്രങ്ങൾ—പ്രബന്ധവ്യാഖ്യാതാക്കൾ—പതിനെട്ടു സിദ്ധന്മാർ — സാഹിത്യവ്യാകരണവ്യാഖ്യാതാക്കൾ—മററു ഗ്രന്ഥങ്ങൾ — കച്ചിയപ്പമുനി—വീരകവി—കാളമേഘം—ഇരട്ടയർ ശൈവമഠങ്ങളും അവയുടെ പങ്കും—തായുമാനവർ—മുഹമ്മദീയ കവികൾ.

6 പാശ്ചാത്യ സ്വാധീന തമിഴ്സാഹിത്യം (ക്രി.പി. 1750-നു ശേഷം)
തമിഴിലെ ഗദ്യവളർച്ച—പാശ്ചാത്യസ്വാധീനം—വീരമാമുനി തുടങ്ങി കാൽഡ്‌വെൽ വരെ — മുക്കൂടൽ അരുണാചലക്കവി —രാമചന്ദ്രകവി—മഹാവിദ്വാൻ മീനാക്ഷി സുന്ദരംപിള്ള—രാമലിങ്ക അടികൾ — മററു പണ്ഡിതന്മാർ — 19-20 നൂററാണ്ടിലെ തമിഴ് പണ്ഡിതന്മാർ.

7 ആധുനികകാലം.
ഇയൽത്തമിഴ്—ഭാരതി മുതൽ ആധുനിക യുഗത്തിൽ ജീവിക്കുന്ന അനേകം കവികൾ—നാടകം—ചെറുകഥ — നോവൽ സാഹിത്യം—20-ാം നൂററാണ്ടിലെ സാഹിത്യവളർച്ച.

ഡോ: എം. ഇളയപെരുമാൾ

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14

## SYNOPSIS
20-12-1977

# കന്നടസാഹിത്യം

1 കന്നടഭാഷ സംസ്ഥാന പുനർവിഭജനത്തിനു മുമ്പ് ബോംബേ, മൈസൂർ, മദ്രാസ്, ഹൈദരാബാദ് എന്നീ സംസ്ഥാനങ്ങളുടെ കീഴിൽ നാലുഭരണകൂടങ്ങൾക്കു വിധേയമായി പുലർന്നുപോന്നു.

1956-ൽ കർണ്ണാടകസംസ്ഥാനം രൂപംകൊണ്ടു.

2 കന്നടം എന്ന പേരു് ദേശത്തിനും ഭാഷയ്ക്കും ഉപയോഗിച്ചുവന്നു.
മററു രൂപങ്ങൾ: കർണ്ണാടകം, കാനറീസ്.
ഹളകന്നടം → ഹൊസകന്നടം

3 ആദ്യകാലം

9-ാം ശതകത്തിൽ സാഹിത്യം രൂപംകൊള്ളുന്നു. അഞ്ചാം ശതകം മുതൽ ലഭിക്കുന്ന ലിഖിതങ്ങൾ വരമൊഴിയുടെ രൂപം വ്യക്തമാക്കുന്നു.

4 കന്നടസാഹിത്യത്തിലെ കാലഘട്ടങ്ങൾ

| | |
|---|---|
| 1 ജൈനഘട്ടം | 12-ാം ശതകം വരെ |
| 2 വീരശൈവഘട്ടം | (12–15 ശതകങ്ങൾ) |
| 3 വൈഷ്ണവഘട്ടം | (15–18 ,, ) |
| 4 ആധുനികഘട്ടം | 18-ാം ശതകത്തിനു ശേഷം |

ഒന്നാം ഘട്ടത്തിനു് ഇതിഹാസഘട്ടം എന്നും, രണ്ടും മൂന്നും ഘട്ടങ്ങൾ ചേർത്തു ഭക്തിസാഹിത്യഘട്ടം എന്നും, നാലാം ഘട്ടത്തിനു് നവീനഘട്ടം എന്നും പറയാറുണ്ടു്.

മതവും സാഹിത്യവും ഒരേതരം പ്രവണതയ്ക്കു വിധേയമാകാറുണ്ടെങ്കിലും, സാഹിത്യത്തിൻെറ വിഭജനം മതപരമായ അടിസ്ഥാനങ്ങൾക്കു വിധേയമാകണമെന്നില്ല.

5 സംസ്കൃതത്തിൻെറ സ്വാധീനം ആദ്യഘട്ടത്തിൽതന്നെ പ്രകടം
മാർഗ്ഗിരീതി (സംസ്കൃത സ്വാധീനമുള്ളതു്)
ദേശി ,, (സംഭാഷണഭാഷയ്ക്കു പ്രാധാന്യം കൊടുക്കുന്നു)
ജൈനമതപ്രചാരം പ്രാദേശികഭാഷയ്ക്കു മുന്നേററം നൽകി.

6 കവിരാജമാർഗ്ഗ

നൃപതുംഗരാജാവിൻെറ സദസ്യരിൽ ഒരാളായിരുന്നിരിക്കാം കർത്താവു് (9 ാം ശതകം).

ദണ്ഡിയുടെ 'കാവ്യാദർശം' എന്ന കാവ്യശാസ്ത്രത്തിൻെറ ഭാഷാന്തരീകരണമാണു് കവിരാജമാർഗ്ഗ. സംസ കൃതത്തിൻെറയും കന്നടത്തിൻെറയും അംശങ്ങൾ സമന്വയിച്ചിരിക്കുന്നു. ആദ്യഗ്രന്ഥം,

അലങ്കാരഗ്രന്ഥം എന്നീ നിലകളിൽ പ്രശസ്തം. ഇന്നും കന്നടത്തിൽ ഒരു കൈത്തിരിയായി ശോഭിക്കുന്ന ഒരപൂർവ്വഗ്രന്ഥം.

സംസ്കൃതത്തിലെയും കന്നടത്തിലെയും കവികളെയും കാവ്യങ്ങളെയും സ്മരിച്ചിരിക്കുന്നു.

7 വഡ്ഡാരാധന (11-ാം ശതകം)

വലിയ ആരാധന; ജ്ഞാനം, ദർശനം, ചാരിത്രം, തപസ്സ് എന്നീ നാലു് ആദർശങ്ങളിലൂടെ ആരാധ്യനയുടെ പരമകാഷ്ഠയിൽ പ്രവേശിക്കുന്നതിന്റെ വിവരണം ഉൾക്കൊള്ളുന്ന ഗ്രന്ഥം. കഥകളാണ് അടിസ്ഥാനം. ആ കഥകൾക്ക ഏകതാനതയില്ല; പക്ഷേ കാഥികൻ കലാകാരനാണ്; നല്ല ഗദ്യകാരനും.

8 പമ്പ (10-ാം ശതകം)

കന്നടത്തിന്റെ ആദികവി—വൈദികജൈനസമ്പ്രദായങ്ങളെ ഉൾക്കൊണ്ട മഹാകവി.

കൃതികൾ 1) ആദിപുരാണം (941 A.D.)

രണ്ടു ജൈനപുരാണങ്ങൾ

2) പമ്പഭാരതം അഥവാ വിക്രമാർജ്ജുനവിജയം

സംക്ഷേപണസാമർത്ഥ്യം അസാമാന്യം

9 പൊന്ന, രന്ന— പമ്പന്റെ സമകാലികർ

പൊന്ന: കൃതികൾ— ശാന്തിപുരാണ, ഭുവനൈകരാമാഭ്യുദയ

രന്ന: കൃതികൾ - അജിതപുരാണ (രണ്ടാം തീർത്ഥംകരൻ)

സാഹസഭീമവിജയ (ഗദായുദ്ധ)

10 ഇതരകവികൾ— നാഗവർമ്മൻ: കർണ്ണാടക കാദംബരി

ദുർഗ്ഗസിംഹൻ: പഞ്ചതന്ത്രം (വിവർത്തനം)

നയസേന: (12-ാം ശതകം)

ധർമ്മാമൃതം (ജൈനമതത്തിലെ 14 ഗുണവ്രതങ്ങളെക്കുറിച്ചുള്ള വിവരണം)

11 വചനസാഹിത്യം

അനുഭവത്തിൽനിന്നും ഉറഞ്ഞുകൂടിയ വാണിയാണ് കന്നടത്തിലെ 'വചന'

ബസവേശ്വരൻ - ഏററവും പ്രസിദ്ധൻ (12-ാം ശതകം)

വീരശൈവസംസ്കാരത്തെ വളർത്തിയ മഹാൻ. തൊഴിൽ മാഹാത്മ്യം, സാമൂഹികസമത്വം ഇവയെ ജനങ്ങളുടെ ഭാഷയിൽ പ്രഘോഷിക്കുന്നു.

സർവ്വജ്ഞ;

12 ആധുനിക കന്നടം. മിഷ്യനറിമാരുടെ സേവനം

ഇംഗ്ലീഷ്, ബംഗാളി, മറാഠി എന്നീ ഭാഷകളുടെ സ്വാധീനം. നവോത്ഥാനം: പ്രേരണയും പ്രയോക്താക്കളും.

ജീപി, രാജരത്നം, ബി.എം. ശ്രീകണ്ഠയ്യാ, കെ. വി. പുട്ടപ്പാ, ബേന്ദ്രേ, ഗോവിന്ദപ്പയ്യ്, മാസ്തി വെങ്കടേശയ്യങ്കാർ, വി. കെ. ഗോകക്, കൈലാസം, കെ. ശിവരാം കരന്ത തുടങ്ങിയവർ.

പുതിയ തലമുറ:

ഡോ: കെ. എം. ജോർജ്ജ്

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

21-12-1977

# ഭാരതീയസാഹിത്യത്തിലേ ചില അതികായന്മാർ

1 തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനം

2 രവീന്ദ്രനാഥ ടാഗോർ(1861-1941)

ടാഗോർ ഒരു വിശ്വസാഹിത്യകാരൻ മാത്രമായിരുന്നില്ല; മികച്ച ഒരു കലാകാരനും ആയിരുന്നു. സംഗീതം, ചിത്രമെഴുത്ത് ആദിയായ കലകളിൽ അദ്ദേഹത്തിന്റെ സംഭാവന അമൂല്യമാണ്

'മനുഷ്യമതം' (Religion of Man)അദ്ദേഹം ഉയർത്തിപിടിച്ച ഒരു തത്ത്വം. ഇന്ത്യയുടെ മൊത്തത്തിലുള്ള നവോത്ഥാനത്തിന് ടാഗോർ നേതൃത്വം നൽകി.

ആധുനികകാലത്തു അഖിലലോക പ്രശസ്തി നേടിയ സാഹിത്യകാരന്മാരിൽ അഗ്രഗണ്യൻ ടാഗോർ തന്നെ.

3 പ്രേം ചന്ദ്(1880-1937)

ഹിന്ദിയിലും ഉറുദുവിലും കഥകളും നോവലുകളും എഴുതി അഖിലഭാരത പ്രശസ്തി നേടിയ ഒരു അതികായൻ പ്രഗതിവാദത്തിന്റെ പ്രയോക്താവും പ്രചാരകനും അദ്ദേഹത്തിന്റെ നോവലുകളുടെ സവിശേഷത സ്വഭാവ ചിത്രീകരണ പാടവമാണ്.

പ്രശസ്തകൃതികൾ-ഗോദാനം, പ്രേമാശ്രമം,നിർമ്മല,കായകല്പ, രംഗഭൂമി.

4 സുബ്രഹ്മണ്യ ഭാരതി(1882-1921)

തമിഴിലെ ഏററവും പ്രസിദ്ധനായ ആധുനികകവി. ദേശസ്നേഹത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും ഉജ്ജ്വല പ്രവാചകൻ. ഗദ്യവും പദ്യവും ഒരുപോലെ സമർത്ഥമായി കൈകാര്യം ചെയ്തു. കണ്ണൻപാട്ടു, പാഞ്ചാലിശപഥം, കുയിൽ തുടങ്ങിയ കവിതകളിലൂടെ ഭാരതി തമിഴരുടെ ഹൃദയത്തിൽ കൊടികുത്തിവാണു.

5 വിശ്വനാഥ സത്യനാരായണ(1893- 1976)

70-ൽപരം തെലുങ്കുഗ്രന്ഥങ്ങളുടെ കർത്താവ്. കവിതകൾ, ഗാനങ്ങൾ, നോവലുകൾ, ഉപന്യാസങ്ങൾ, നാടകങ്ങൾ- ഇങ്ങനെ അദ്ദേഹം പോഷിപ്പിക്കാത്ത സാഹിത്യ ശാഖകൾ വിരളം തന്നെ.

വള്ളത്തോളിനെപ്പോലെ ദേശാഭിമാന പ്രേരിതങ്ങളായ രചനകൾ കൊണ്ടു തെലുങ്കുനാട്ടുകാരേ ചലിപ്പിച്ച മഹാൻ.

ജ്ഞാനപീഠം അവാർഡു നേടിയിട്ടുണ്ടു .

6 മഹമ്മദ് ഇഖ്ബാൽ(1875-1938)

ഉറുദുവിൽ എഴുതി അഖിലലോകപ്രശസ്തി നേടിയ മഹാൻ. ഖുർആൻ അടിസ്ഥാനമാക്കിയുള്ള ജീവിതവീക്ഷണം, പ്രത്യേകിച്ചും വ്യക്തിയുടെ വളർച്ച അദ്ദേഹത്തിൻെറ കൃതികളിൽ ഓളമടിക്കുന്നു.

ഭൗതികവാദം പാശ്ചാത്യസംസ്കാരത്തെ തകർക്കുമെന്ന് ഇഖ്ബാൽ പാശ്ചാത്യരേ ഉദ്ബോധിപ്പിച്ചു.

അദ്ദേഹത്തിൻെറ പ്രത്യേക ശൈലി തലമുറകളേ സ്വാധീനിക്കുകയുണ്ടായി.

ഡോ: കെ. എം. ജോർജ്ജ്

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

22-12-1977

# തെലുങ്കുസാഹിത്യം

1 ആന്ധ്രപ്രദേശ്—തെലുങ്കു സംസാരിക്കപ്പെടുന്ന ഭൂവിഭാഗം — ചരിത്രപശ്ചാത്തലം—തെലുങ്കുഭാഷ—ഉദ്ഭവം—വികാസം.

2 അതിപ്രാചീനസാഹിത്യം—A. D. 500-1000

1 പുരാണയുഗം 1000-1300

നന്നയ്യഭട്ടൻ, വേമുലവാഡഭീമകവി, നന്നെചോഡകവി, അഥർവണാചാര്യ, സോമനാഥകവി, ഭദ്രഭൂപതി, തിക്കന്നെ. രംഗനാഥരാമായണം, എർറാ പ്രഗഡ, സോമന്ന, കേതന്ന, മാരന്ന, ജക്കയ്യ തുടങ്ങിയവർ.

3 കാവ്യകാലം 1400–1700

പ്രഥമഘട്ടം—നൂതന പ്രസ്ഥാനങ്ങൾ—സാഹിത്യത്തിന്റെ വസന്തം—

മഹാകവി ശ്രീനാഥൻ, ബിന്ദുകൊണ്ട വല്ലഭരായലു, ഭൈരവകവി, അന്നമാചാര്യ, പിനവീറന്ന, ഭൂബഗ്ഗണ്ട നാരായണകവി, ദഗ്ഗപ്പള്ളിദ്ദുഗ്ഗയ്യ, സൂരന്ന, വേമന്ന, പോതന്ന എന്നീ കവികളുടെ കാവ്യങ്ങൾ—അവയുടെ സവിശേഷതകൾ.

b) ദ്വിതീയഘട്ടം

കൃഷ്ണദേവരായർ, പെദ്ദന്ന, മല്ലന്ന, തിമന്ന, ധൂർജടി, ചിന്നന്ന, തെലഗന്ന തുടങ്ങിയ സാഹിത്യനായകന്മാരുടെ കൃതികൾ—അവയുടെ പ്രാഭവം.

3 മധ്യകാലം 1650-1850

പല തരത്തിലുള്ള സാഹിത്യപ്രസ്ഥാനങ്ങൾ—പരിവർത്തനങ്ങൾ—

പ്രമുഖ സാഹിത്യകാരന്മാർ:

കാമേശ്വരകവി, വേങ്കടപതി, തിമ്മകവി, ലക്ഷ്മണകവി, പുഷ്പഗിരി, തിമന്ന, കസ്തൂരിരംഗ കവി, പരശുരാമ പന്തലു.

4 ആധുനികകാലം 1850–

a) പ്രഥമഘട്ടം—ചരിത്ര പശ്ചാത്തലം.

പ്രമുഖ കവികൾ

ചിന്നമസൂരി, പാർവതീശ്വരകവി, സീതാരാമാചാര്യലു, വീരേശലിംഗം പന്തുലു, വേദം വെങ്കടരായശാസ്ത്രി, ജയന്തിരാമയ്യ, ചിലകമർത്തി ലക്ഷ്മീനരസിംഹം, വീരഭദ്രറാവു—ഇവരുടെ സംഭാവനകൾ.

b) ദ്വിതീയഘട്ടം

നവീന കവിതാപ്രസ്ഥാനം. ഗദ്യകൃതികൾ—നോവൽ, നാടകം, കഥ.

c) തൃതീയഘട്ടം

പാശ്ചാത്യ പ്രാഭവം—അന്യസാഹിത്യ പ്രാഭവങ്ങൾ—പുതിയ വഴിത്തിരിവ്—അത്യാധുനിക പ്രവണതകൾ—

5 അദ്യതനകാലം

1950-നു ശേഷമുള്ള നവീനസാഹിത്യധാരകൾ.

6 ഉപസംഹാരം

തെലുഗുസാഹിത്യത്തിൻെറ സവിശേഷതകൾ.

ഡോ: വെള്ളായണി അർജ്ജുനൻ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

22-12-1977

# ജർമ്മൻ സാഹിത്യം

ഒരവലോകനം

1 ജർമ്മൻ ഭാഷയും സംസ്കൃതം മുതലായ ആര്യഭാഷകളും തമ്മിലുള്ള ഗോത്രബന്ധം.

2 ഗോതിക്ക്, ഹൈ ജർമ്മൻ, ആധുനിക ജർമ്മൻ. പുരാതന സാഹിത്യകൃതികൾ.

3 16-ാം നൂററാണ്ടിലെ മതവിപ്ലവം (Reformation). ലൂതറിൻെറ ബൈബിളും ലേഖനങ്ങളും കവിതകളും—അവയ്ക്കുള്ള പ്രാധാന്യം.

4 17—ാം നൂററാണ്ട്. മതപരമായ സമരങ്ങൾ സാഹിത്യകൃതികളുടെ കുറവ്

5 18—ാം നൂററാണ്ട്. സാഹിത്യനവോത്ഥാനം. തത്ത്വചിന്തകന്മാർ- ലൈപ്നിററ്സ്, കാൻറ്. സാഹിത്യകാരന്മാരുടെ സംഘങ്ങൾ. ഗെല്ലർട്ട്- കഥാകൃത്ത്. ക്ലോപ്ഷ്റ്റോക്ക്— മഹാകാവ്യകൃത്ത്. ലെസ്സിങ്ങ്-നാടകകൃത്ത് . കൊടുംകാററും സമ്മർദ്ദവും എന്ന പ്രസ്ഥാനം. ഹെർഡർ.

6 Goethe (ഗ്യേററ്) ജീവിതത്തിലെ പ്രധാനഘട്ടങ്ങളും കൃതികളും. ചെറുപ്പത്തിലെ വിദ്യാഭ്യാസവും കലാവാസനയും. ഉർഫൗസ്റ്റ്. ജീവിതത്തിൻെറ മദ്ധ്യകാലത്തിലെ കൃതികൾ. ഫൗസ്റ്റ് ഒന്നാംഭാഗം. വാർദ്ധക്യത്തിലെ കൃതികൾ. ഫൗസ്റ്റ് രണ്ടാംഭാഗം. ആത്മകഥ. മഹാമനസ്കത.

7 ഷില്ലർ- ജീവിതത്തിലെ പ്രധാന സംഭവങ്ങൾ, നാടകങ്ങൾ, പദ്യകൃതികൾ. മററു ഗ്രന്ഥകാരന്മാർ.

8 19—ാം നൂററാണ്ട്. ഷ്ളേഗൽ സഹോദരന്മാർ. ബ്രെൻറാനോ. ഗ്രിം സഹോദരന്മാർ. ഐഖൻഡൊർഫ്. ഹേഗലും ഷൗപൻഹവറും. റ്യൂക്കെർട്ട്. ഹൈനെ. കെല്ലർ. കാർല് മാർക്ക്സ്.

9 20—ാം നൂററാണ്ട്. രണ്ടുമഹായുദ്ധങ്ങൾ. പതനവും ഉയർച്ചയും. നവീനസാഹിത്യകൃതികൾ

ഈ. ജീ. ത്രിവിക്രമൻപിള്ള

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

3-1-1978

1 ബംഗാളിസാഹിത്യം—കാലഘട്ടങ്ങൾ

2 പ്രാചീന ബംഗാളിസാഹിത്യം

3 മദ്ധ്യകാല ബംഗാളി സാഹിത്യം

4 ആധുനിക ബംഗാളിസാഹിത്യം – മൈക്കിൾ മധുസൂദനദത്തും മററുള്ളവരും.

5 ഗദ്യസാഹിത്യത്തിൻെറ വികാസം

6 നോവൽ—ബങ്കിം ചന്ദ്രചാററർജിയും മററുള്ളവരും

7 രവീന്ദ്രനാഥടാഗോർ

8 ടാഗോറിൻെറ സമകാലികർ

9 ചെറുകഥ

10 നാടകം

11 ബംഗാളിസാഹിത്യം—ടാഗോറിനുശേഷം

12 മററു ഗദ്യകൃതികൾ

മിസിസ് നീലിന ഏബ്രഹാം

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

3-1-1978

# ആധുനികസാഹിത്യവിമർശനം

1 വിമർശനം എന്ത്? അതിൽ ആധുനികതയ്ക്ക് എന്താണ് പ്രസക്തി? ഭാരതീയസാഹിത്യപശ്ചാത്തലത്തിൽ, ആധുനികതയ്ക്ക് രണ്ടർത്ഥം:

എ) ഭാരതീയ സാഹിത്യവിമർശനത്തെ വ്യവഹാരത്തിൽ, പ്രാചീന സാഹിത്യവിമർശനമായി പരിഗണിയ്ക്കുന്നു; പാശ്ചാത്യ സാഹിത്യവിമർശനത്തെ ആധുനികമായും.

ബി) ലോകപശ്ചാത്തലത്തിൽ, സാഹിത്യവിമർശനത്തിന്റെ ആധുനികസ്ഥിതി.

2 ഇന്നത്തെ സാഹിത്യവിമർശനത്തിന്റെ സാമാന്യസ്ഥിതി അവ്യവസ്ഥ, അത്യന്ത വൈവിധ്യം, ബഹുമാർഗ്ഗപരത എന്നിവയാണ്. ഇവിടെ പൗരസ്ത്യവിമർശനത്തെയും പാശ്ചാത്യവിമർശനത്തെയും താരതമ്യപ്പെടുത്തുന്നു.

3 വിമർശനത്തിലെ ഈ നാനാത്വത്തിന്റെ നിദാനങ്ങൾ—ആധുനിക വിജ്ഞാനങ്ങളുടെ ഉള്ളടക്കത്തിന്റെ സ്വാധീനശക്തിയും തത്വശാസ്ത്രങ്ങളുടെ വ്യത്യാസവും. ഇതുമൂലം ആധുനിക വിമർശനത്തിൽ സംഭവിച്ച മാർഗ്ഗഭേദങ്ങളും പ്രവണതകളും.

4 ഈ നാനാത്വത്തിന്റെ നടുവിൽ സാഹിത്യവിമർശകന്റെ നില. പൊതുവെ പറഞ്ഞാൽ, നാലുതരം പ്രവണതകൾ.

5 ഏററവും നല്ല വിമർശനരീതി ഏതു്? ഏററവും നല്ല സാഹിത്യവിമർശകൻ ആർ?

6 അതിപ്രമുഖരായ ചില ആധുനിക സാഹിത്യവിമർശകർ.

പ്രൊ: സുകുമാർ അഴീക്കോട്

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14

**SYNOPSIS**

4-1-1978

## ഇന്തോ-ആംഗ്ലിയൻസാഹിത്യം

ഉത്ഭവം: ഇന്തോ-ആംഗ്ലിയൻ എന്ന സംജ്ഞ. ബംഗാളിൽ ഉത്ഭവം. 1830 ൽ കാശിപ്രസാദ്ഘോഷ് 'The Shair and other Poems' പ്രസിദ്ധീകരിച്ചു. ആദ്യകാലഘട്ടത്തിൽ വളർച്ചയ്ക്കു് തടസ്സങ്ങരം ഉണ്ടായി. അവയെല്ലാം നീങ്ങി. ഇന്നു് മററു ഭാഷകളോടൊപ്പം വളൎന്നു വികാസം പ്രാപിച്ചിട്ടുണ്ടു്.

ഗദ്യം: 19-ാം നൂററാണ്ടിലെ ഗദ്യകാരന്മാർ.

20-ാം നൂററാണ്ടിൽ—ടാഗോറും ശ്രീ അരബിന്ദോയും. ടാഗോറിൻെറ സ്വതന്ത്രകൃതികരം. The Child, Sadhana, Nationalism-Personality.

പോണ്ടിച്ചേരി ആശ്രമത്തിൽ കഴിഞ്ഞ അരബിന്ദോ ആദ്ധ്യാത്മിക വിഷയങ്ങളെ കുറിച്ചെഴുതി. The Life Divine, Essays in Gita. The Social Cycle തുടങ്ങിയവ അദ്ദേഹത്തിൻെറ കൃതികരം.

ഗാന്ധി, നെഹ്റു, രാധാകൃഷ്ണൻ, രാജഗോപാലാചാരി എന്നിവർ.

ഓർക്കപ്പെടേണ്ട മററു ചിലർ C. N. മേനവൻ, V. K. Gokak, Sen Gupta, Arabindo എന്നിവർ സാഹിത്യനിരൂപകർ. ജേർണലുകളും ഗദ്യത്തിൻെറ വളർച്ചയെ സഹായിച്ചു. ഉള്ളൂരിൻെറ ഗദ്യലേഖനങ്ങരം.

നാടകം: അധികം വികസിച്ചിട്ടില്ല. ടാഗോറും അരബിന്ദോയും ആദ്യനാടകകൃത്തുകരം. ടാഗോറിൻെറ നാടകങ്ങരം – Sanyasi, Sacrifice, Mukta-Dhara അരബിന്ദോ- Perseus The Deliverer, Vasavadatta, Rodogune Eric. മററുള്ളവർ ഹരീന്ദ്രനാഥചതോപാദ്ധ്യായ, A. S.P. അയ്യർ, ലോബോപ്രഭു.

കവിത: പത്തൊൻപതാം നൂററാണ്ടിൽ. തുടന്നു് അരു, തോരുദത്തു് സഹോദരിമാർ. ഇംഗ്ലണ്ടിൽ വിദ്യാഭ്യാസം ലഭിച്ചവർ. 'Ancient Ballads and Legends of Hindustan,' 'A Sheaf gleaned in French Fields.' തോരുവിൻെറ സമാഹാരങ്ങരം. Edmund Gosse, H.A.L. ഫിഷർ എന്നിവർ പ്രശംസിച്ചിരിക്കുന്നു. ടാഗോറിൻെറ ഗീതാഞ്ജലി-1913-ൽ നോബൽസമ്മാനം ലഭിച്ചു. അദ്ദേഹത്തിൻെറ മററു കവിതകരം – Uravasi മെച്ചപ്പെട്ട കവിത–

സരോജിനി നായിഡു-കവിതകൾ – The Broken Wing, The Bird of Time, The Sceptered Flute - ഹരീന്ദ്രനാഥ ചതോപാദ്ധ്യായയുടെ കവിതകൾ–The Feast of Youth, The Perfume of Earth തുടങ്ങിയവ. അരബിന്ദോ കവിതകൾ – The Rose God, Thought, The Paracelete-ഇതിഹാസമഹാകാവ്യമാണ് Savithri അദ്ദേഹത്തിൻെറ അനുയായികൾ–K. D. സെത്ന, ദിലീപ്കുമാർ റായ്, നളിനീകാന്ത ഗുപ്ത ആധുനിക കവികൾ. P. Lal, B.Rajan-Nissim Ezekiel-A. K Ramanujam, Adil Jussawala, Kamala Das തുടങ്ങിയവർ–Writer's Worshop-Culcutta-യുടെ സ്ഥാപകനാണ് Lal - Miscellany മാസിക-കവിതകൾ. The Parrot's Death, Love's the First - Ezekiel-ജ്ഞതൻ–Encounter മാസികയിലൂടെ പ്രസിദ്ധനായി. അഞ്ചു സമാഹാരങ്ങൾ. A Time to Change. Sixty Poems, The Third. The Unfinisned Man, The Exact Man അഡിൽ ജസ്സവാല–യുവകവി. ആദ്യസമാഹാരം Land's End; Land's End-Frost എന്നിവ അതിലെ നല്ല രണ്ടു കവിതകൾ-കമലാദാസ് മലയാള ചെറുകഥയിലൂടെ പ്രശസ്തയായ മാധവിക്കുട്ടി. Summer in Calcutta, A Relationship, Forest Fire - An introduction നല്ല ചില കവിതകൾ.

നോവൽ: K. S വെങ്കിട്ടരമണി, R. C. ദത്ത് ആദ്യനോവലിസ്റ്റുകൾ. മുൽക്ക്രാജ് ആനന്ദ് The Coolie തുടങ്ങിയ പ്രസിദ്ധനോവലുകൾ. ഹുമയൂൺ, കബീർ, D. F. കാരക, A. S. P. അയ്യർ, R. K നാരായൺ-മററു നോവലിസ്റ്റുകൾ. സ്വതന്ത്ര ഇന്ത്യയിലെ എഴുത്തുകാർ. കമല മാർക്കണ്ഡേയ, കശ്വന്ത്സിംഗ്, ശാന്താരാമറാവു, മനോഹർ മല്ഗോങ്കാർ, ഭാബനി ഭട്ടാചാര്യ, രാജാറാവു, G. V. ദേശാനി, സുധീൻബോസ് തുടങ്ങിയവർ. മിക്കവയും യുദ്ധകാലകെടുതികളുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ശാന്താരാമറാവുവിൻെറ Remember the House, നയനാതാരാസൈഗാളിൻെറ A Time to be Happy എന്നിവ സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ജീവിതം. രാജറാവു, G. V. ദേശാനി, സുധീൻബോസ് എന്നിവർ ഈസ്റ്റ്-വെസ്റ്റ് സംഘട്ടനങ്ങളുടെ പശ്ചാത്തലത്തിൽ നോവലുകൾ രചിച്ചിരിക്കുന്നു. രാജറാവുവിൻെറ നോവലുകൾ Kanthapura and The Serpent and the Rope–സുധീൻബോസിൻെറ നോവലുകൾ–And Gazelles leaping–Cradle of the Clouds, The Flame of the Forest - R. K. നാരായൺ ഏററവും പ്രശസ്തനായ നോവലിസ്റ്റ്. മാൽഗുഡിനോവലുകൾ എന്ന പേരിൽ പ്രശസ്തങ്ങൾ. പത്തിൽ പരം നോവലുകളെഴുതി. Graham Greene എന്ന സുപ്രസിദ്ധ ഇംഗ്ലീഷ് നോവലിസ്റ്റ് നാരായണൻെറ കഴിവുകളെ പ്രശംസിച്ചിട്ടുണ്ട്.

ഡോ: എൻ. വിശ്വനാഥൻ

# OPEN UNIVERSITY LECTURES

**ULLOOR MEMORIAL**

TRIVANDRUM-14

**SYNOPSIS**

5-1-1978

## മലയാളസാഹിത്യത്തിൻെറ ഉദയവും പാട്ടുപ്രസ്ഥാനവും

1 മലയാളം—ദ്രാവിഡഗോത്രത്തിലെ ഒരു ഭാഷ. ദ്രാവിഡപദത്തിൻെറ വ്യുത്പത്തി. നാലു സമ്പുഷ്ടഭാഷകൾ—തെലുങ്ക്, കർണ്ണാടകം, തമിഴ്, മലയാളം. ഇവയുടെ പരസ്പരബന്ധം. തമിഴും മലയാളവും ഏററവും അടുത്ത ഭാഷകൾ.

2 ഉത്തരദ്രാവിഡം—തെലുങ്ക്, കർണ്ണാടകം. ദക്ഷിണദ്രാവിഡം—തമിഴ്, മലയാളം. ദ്രാവിഡർ സംസാരിച്ചു വന്ന ഭാഷയുടെ പൊതുവേയുള്ള പേർ-തമിഴ്. തമിഴകം—തെലുങ്കും കർണ്ണാടകവും സംസാരിച്ചിരുന്ന ഭാഗമൊഴിച്ചുള്ള ദ്രാവിഡദേശം-ചേര, ചോഴ, പാണ്ഡ്യരാജ്യങ്ങൾ. പശ്ചിമഭാഗം ചേരരാജ്യം.

3 ചെന്തമിഴ്—ചെവ്വാക്കിയ ഭാഷ, സംസ്കരിച്ച ഭാഷ. മധുരയിലെ സംഘം. പാണ്ഡ്യദേശത്തെ തമിഴിനു ചെന്തമിഴെന്നു പേർ സിദ്ധിച്ചു. വ്യവസ്ഥാപിതഭാഷ ഉണ്ടായപ്പോൾ തമിഴകം മുഴവനും വിദ്വാന്മാർ എ. ഡി. പ്രഥമ ശതകങ്ങളിൽ തന്നെ അതിൽ സാഹിത്യരചന ചെയ്തു.

4 ചെന്തമിഴ്സാഹിത്യം കേരളത്തിൽ. അകനാനൂറ്, പുറനാനൂറ് ഇവയിലെ ചില പാട്ടുകൾ. പതിററിപ്പത്തു്-എ. ഡി. ആദ്യത്തെ മൂന്നു ശതകങ്ങളിൽ ജീവിച്ചിരുന്ന ചേരരാജാക്കന്മാരുടെ അപദാനം. ചെലപ്പതികാരം (എ. ഡി. രണ്ടാം ശതകം)—ചേരൻ ചെങ്കുട്ടവൻെറ അനുജൻ ഇളങ്കോവടികളുടെ കൃതി, കോവലൻേറയും കർണ്ണകിയുടേയും കഥ. കൊടുങ്ങല്ലൂർദേവി ചെങ്കുട്ടവൻ പ്രതിഷ്ഠിച്ച കർണ്ണകീപ്രതിമ.

5 കേരളീയ സംസ്കൃതസാഹിത്യം. ഏതാണ്ട 2000 കൊല്ലത്തെ പ്പഴക്കം. വലിയ സാഹിത്യസമ്പത്തു്. ശ്രീശങ്കരൻ, വില്വമംഗലത്തു സ്വാമിയാർ തുടങ്ങിയ മഹാപുരുഷന്മാർ.

6 സംഭാഷണഭാഷയായിത്തുടൻ പൂർവ്വദ്രാവിഡഭാഷ വികസിച്ചു വന്നു. ശിലാശാസനങ്ങളും മററും. മലയാള പദം ഭാഷാവാചിയായി എ. ഡി. 13-ാം നൂററാണ്ടിലെ തെല്ലുങ്കു വ്യാകരണഗ്രന്ഥത്തിൽ പ്രയോഗിച്ചുകാണുന്നു. തമിഴിൻേറയും സംസ്കൃതത്തിൻേറയും സ്വാധീനത്തിൽ സാഹിത്യത്തിൻെറ ഉദയം.

7 പാട്ടും മണിപ്രവാളവും. ''ദ്രമിഡസംഘാതാക്ഷരനിബദ്ധമെതുകമോന വൃത്തവിശേഷയുക്തം പാട്ടു്.'' ഉദാ- രാമചരിതം. ''ഭാഷാസംസ്കൃതയോഗോ മണിപ്രവാളം.'' ഉദാ– ഉണ്ണുനീലീസന്ദേശം. മൂന്നാമതൊരു സാഹിത്യസരണി.

8 രാമചരിതം: ലക്ഷണമൊത്ത പാട്ടുകൃതി. കൎത്താവും കാലവും. പുതിയ വെളിച്ചം. മുൻ പ്രസാധനങ്ങളും സംശോധിത സംസ്കരണവും. ഭാഷാരീതി. സാഹിത്യഭംഗി. മൂലകൃതിയായ വാല്മീകി രാമായണം യുദ്ധകാണ്ഡവും മററു് ഉപജീവ്യകൃതികളും. മുഖ്യപഠനങ്ങൾ.

9 രാമകഥപ്പാട്ടു്: പാട്ടുസാഹിത്യത്തിൻെറ വികാസം – രണ്ടാം ഘട്ടം. കർത്താവും കാലവും—അയ്യിപ്പിള്ളആശാൻ (A.D. 1400 നു് അടുത്ത കാലം). പ്രസാധനം. ഭാഷ. സാഹിത്യഭംഗി. വൃത്തവൈവിധ്യം. മൂലകൃതി—വാല്മീകിരാമായണം. പഠനവും വ്യാഖ്യാനവും—ഭാഷാപരിമളം.

ഡോ: പി. കെ. നാരായണപിള്ള

# OPEN UNIVERSITY LECTURES
## ULLOOR MEMORIAL
TRIVANDRUM-14

## SYNOPSIS
10 1-1978

### കൃഷ്ണഗാഥ

പാട്ട്, മണിപ്രവാളം, നാടൻപാട്ട്—ഇവയുടെ ഗുണങ്ങൾ കൃഷ്ണഗാഥയിൽ സമ്മേളിച്ചിരിക്കുന്നു.

15-ാം നൂററാണ്ടിൽ കോലത്തുനാടു വാണിരുന്ന ഉദയവർമ്മ കോലത്തിരിയുടെ സദസ്യനായിരുന്ന ചെറുശ്ശേരിയാണ് ഇതിൻെറ കർത്താവ്.

മഞ്ജരിയാണ് ഉടനീളം ഉപയോഗിച്ചിരിക്കുന്ന വൃത്തം. ദേവന്മാർ കൃഷ്ണനെ സ്തുതിച്ച് പാടുന്ന ഘട്ടത്തിൽ മററു വൃത്തങ്ങളും ഉണ്ട്. ഗാഥ എന്നതു് വൃത്തനാമമാണെന്ന അഭിപ്രായം ശരിയല്ല

രചനയെ സംബന്ധിച്ച കഥ. അതിൽ ഉന്തിപ്പാട്ടിൻെറ സ്വാധീനത കാണുന്നതു് ശരിയല്ല. മഞ്ജരി ദ്രുതകവിതയായി എഴുതാൻ എളുപ്പമാണെന്ന സൂചന

മഞ്ജരിയുടെ ഓരോ ഗണവും ഓരോ വാക്കാക്കാൻ ചെറുശ്ശേരി ശ്രദ്ധിച്ചിരിക്കുന്നു. അതു വഴിനോക്കുമ്പോൾ മഞ്ജരിയിലെ അവസാന ഗണത്തിൽ ഒരക്ഷരമല്ല, രണ്ടക്ഷരമാണ് ഉള്ളതെന്നു കരുതണം

മലയാളത്തിലെ ശബ്ദവിന്യാസ വൈചിത്ര്യം ഗണങ്ങളുടെ കോണിൽ നിന്നു പഠിക്കണം.

ഭാഗവതം 10, 11, 12 സ്കന്ധങ്ങളെ പ്രധാനമായും ആധാരമാക്കിയാണ് കൃഷ്ണഗാഥ രചിച്ചിരിക്കുന്നതു്.

സംസ്കൃതത്തിലും മലയാളത്തിലും തൻെറ മുൻഗാമികളോട ചെറുശ്ശേരിക്കു് ആധമർണ്യമുണ്ട്.

പൊതുവെ മഹാകാവ്യത്തിൻെറ ചട്ടക്കൂടാണ് ഇതിനുള്ളതു്. പല ആഖ്യാന കൗശലങ്ങളും ഗാഥയെ സമാകർഷകമാക്കുന്നു.

അർത്ഥാലങ്കാര ബഹുലമായ കൃതിയാണ് കൃഷ്ണഗാഥ എന്ന ധാരണയിൽ ഭാഗികമായ സത്യമേ ഉള്ളു.

സ്ത്രൈണവും നിരാഡംബരവും, നിസർഗലളിതവും മാധുര്യനിർഭരവുമാണ് ചെറുശ്ശേരിയുടെ ശൈലി.

അംഗിയായ രസം ശാന്തമാണ് കാരണങ്ങൾ

1. കവിയുടെ പ്രതിജ്ഞ
2. ഗാഥയിലെ പ്രതിപാദ്യത്തിന്റെ സ്വഭാവം.
3. ആനന്ദവർദ്ധനന്റെ പിൻബലം.
4. കൃതിയുടെ ഏകാഗ്രത–unity of hero മാത്രമല്ല unity of plot-ഉം കവി ദീക്ഷിച്ചിരിക്കുന്നു
5. മററുരസങ്ങൾ വെറും അംഗങ്ങൾ മാത്രം.

ഹാസ്യാദ്ഭുതങ്ങളിൽ മുക്കിയ പ്രതിപാദനം.

നായകനേയുള്ള നായികയില്ല. ഭാഗവതത്തിൽ രാസക്രീഡയുടെ ശൃംഗാരത്വം നിക്ഷേധിച്ചിട്ടുണ്ട്.

മനുഷ്യന് തീര്യക്കിൽതോന്നുന്ന രതി രസാഭാസമാണെങ്കിൽ ദേവനു മനുഷ്യനിൽ തോന്നുന്നതും അങ്ങനെ തന്നെ.

ഒരാൾക്ക് പലരോടു രതി വർണിച്ചാലും ശൃംഗാരാഭാസമാണ്. അനുവാചകനിലാണ് രസം ഉദ്ഭൂതമാവുന്നതു്.

ഡോ: ററി. ഭാസ്കരൻ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

10-1-1978

# മണിപ്രവാള സാഹിത്യം

1 സംസ്കൃത ഭാഷയുടെ അതിപ്രസരം ഭാരതീയ ഭാഷകളിൽ ഒതുങ്ങുന്നതായിരുന്നില്ല. ഭാരതവുമായി സമ്പക്ത്തിലിരുന്ന വിദേശരാജ്യങ്ങളിലെ ഭാഷകളിലും സംസ്കൃതം സ്വാധീനം ചെലുത്തിയിരുന്നു. ദക്ഷിണേന്ത്യയിൽ മണിപ്രവാളമെന്നപോലെ ഉത്തരേന്ത്യയിൽ ശാടകലം എന്നൊരു ഭാഷാശൈലി നിലവിലിരുന്നു.

2 സംസ്കൃതവും കേരളവും— ആര്യന്മാരുടെ അധിനിവേശത്തോടെ തമിഴിന്റെ ആധിപത്യം കുറയുകയും ക്രമേണ സംസ്കൃതത്തിന്റെ പ്രഭാവം ആരംഭിക്കുകയും ചെയ്തു. നാടകാഭിനയമാണ് ഇതിനിടയാക്കിയ സാഹചര്യം എന്നു തോന്നുന്നു.

3 മണിപ്രവാള ലക്ഷണം. ലീലാതിലകകാരനാണ് നാമിന്നറിയുന്ന മണിപ്രവാളത്തിന് അതിരുകൾ കല്പിച്ചത്. തമിഴ് + സംസ്കൃതം, കന്നടം + സംസ്കൃതം, തെലുങ്ക് + സംസ്കൃതം– ഇവയിൽ നിന്നും വ്യതിരിക്തമായി മണിപ്രവാളത്തെ ഭാഷാസംസ്കൃതയോഗമായി നിർണ്ണയിച്ചു.

4 ആദ്യകാലമണിപ്രവാളം. തോലൻ കൂടിയാട്ട പരിഷ്കരണത്തിലൂടെ മണിപ്രവാളം സുപരിചിതമാക്കി. നാടകത്തിലെ പ്രതിശ്ലോകങ്ങൾ മണിപ്രവാളത്തിലാക്കി. വൈശികതന്ത്രം, മന്ത്രാങ്കം ആട്ടപ്രകാരം തുടങ്ങി അനേകം കൃതികൾ.

5 പ്രാചീന മണിപ്രവാള ചമ്പുക്കൾ -- ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവിചരിതം, ഉണ്ണിയാടിചരിതം ഇവ മൂന്നും നർത്തകികളെ കേന്ദ്രീകരിച്ച് എഴുതപ്പെട്ടവയാണ്. നായികാ വർണ്ണനമാണ് മുഖ്യലക്ഷ്യം. കഥയ്ക്കു പ്രാധാന്യം തീരെ ഇല്ല.

6 സന്ദേശകാവ്യങ്ങൾ—ഉണ്ണുനീലിസന്ദേശമാണ് ഭാഷയിലെ പ്രഥമവും പ്രധാനവുമായ സന്ദേശകാവ്യം. ചമ്പുക്കളിലെപ്പോലെ ഇതിലും ഒരു നടിയാണ് നായിക. അവളെ പുകഴ്ത്താനാണ് കവിയുടെ താൽപര്യം. ചരിത്രപരവും, ഭൂമിശാസ്ത്രപരവുമായ

പ്രാധാന്യം ഇതിനുണ്ട്. കോകസന്ദേശം അപൂർണ്ണമായി ലഭിച്ചിട്ടുണ്ട്. ലീലാതിലകത്തിൽ കാകസന്ദേശം തുടങ്ങിയ പല സന്ദേശങ്ങളിൽ നിന്നും ഉദ്ധരണം കാണാം.

7 ലഘു കാവ്യങ്ങൾ — അനേകം ലഘുകാവ്യങ്ങൾ നായികാവർണ്ണനപരമായി ഇക്കാലത്തുണ്ടായിട്ടുണ്ട്. ചെറിയച്ചി, ഇളയച്ചി കൗണോത്തര, ഉത്തരാചന്ദ്രിക, മോദിനീവെണ്ണിലാവ് എന്നിങ്ങനെ അനേകം സുന്ദരികളെ പുകഴ്ത്തുന്ന മനോഹര കാവ്യങ്ങൾ.

8 സ്തോത്രങ്ങൾ— മണിപ്രവാളം എന്നാൽ കേവലം ശൃംഗാരശ്ലോകങ്ങൾ എന്നുമാത്രം ധരിക്കരുത്. വാസുദേവസ്തവം, അനന്തപുരവർണ്ണനം, ചെല്ലൂർനാഥസ്തവം തുടങ്ങിയവ ശ്രദ്ധേയങ്ങളായ സ്തോത്രരത്നങ്ങളാണ്.

9 ചന്ദ്രോത്സവമാണ് ഭാഷയിലെ ഏററവും സൗന്ദര്യം തുളുമ്പുന്ന കാവ്യം ''മധുര മധുര ഭാഷാസംസ്കൃതാന്യോന്യ സമ്മേളനത്താൽസുരഭില''മാണീകാവ്യം.

10 ലീലാതിലകമാണ് ലക്ഷണഗ്രന്ഥം. കാവ്യമെന്ന നിലയിൽ ഇതിനു സ്ഥാനമില്ലെങ്കിലും അനേകം കാവ്യങ്ങളിൽ നിന്നുള്ള ഉദ്ധരണങ്ങൾ ഇതിൽ കാണാം.

11 പിൽക്കാല കൃതികളിൽ ചമ്പുക്കളാണധികവും. മഴമംഗലത്തിൻെറ ഭാഷാനൈഷധചമ്പു, കൊടിയവിരഹം, രാജരത്നാവലീയം, ബാണയുദ്ധം ഇവ മനോഹരരത്നങ്ങളാണ്.

നീലകണ്ഠകവിയുടെ തെങ്കൈലനാഥോദയം ശ്രദ്ധേയമായ മറെറാരു മണിപ്രവാള ചമ്പുവാണ്.

ജ്യോതിഷഗ്രന്ഥങ്ങൾ പലതും മണിപ്രവാളത്തിൽ രചിതങ്ങളായിരിക്കുന്നു.

തുഞ്ചത്തെഴുത്തച്ഛൻെറ ആവിർഭാവത്തോടെ മലയാളശൈലിയ്ക്കു ഒരു പുതിയഭാവം കൈവന്നു. വെണ്മണിപ്രസ്ഥാനംമണിപ്രവാളത്തിൻെറ ശയ്യാസുഖത്തെ അവതരിപ്പിച്ചെങ്കിലും അതു ആധുനികരിൽ കാര്യമായ ആഭിമുഖ്യം ജനിപ്പിച്ചില്ല.

അപരിമേയപ്രഭാവമായ ഒരു സാഹിത്യ സാമ്രാജ്യമാണ് മണിപ്രവാളകവികൾ നമുക്കു നൽകിയിട്ടുള്ളതു്.

ഡോ: എൻ. പി. ഉണ്ണി

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

11-1-1978

## പുനവും മഹിഷമംഗലവും

1 കൊല്ലവർഷം ഏഴാം നൂററാണ്ടിൽ കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പിൽ ജനിച്ച് കോലത്തിരിയെ ആശ്രയിച്ചു വളൎന്ന് കോഴിക്കോട്ട് വിക്രമൻ സാമൂതിരിയെ ആശ്രയിച്ചു ജീവിച്ചിട്ടുള്ള ഒരു മണിപ്രവാള മഹാകവിയാണ് പുനം.

2 പുനം പതിനെട്ടരക്കവികളിൽപ്പെട്ട അരക്കവിയായിരുന്നു.

3 അരക്കവിയുടെ നിർവ്വചനം

4 ഭാഷാരാമായണ ചമ്പുവിൽ പകുതിയും പരകാവ്യാപഹാരങ്ങളാണ്.

5 ചാക്യാരിൽ നിന്നുദ്ഭവിച്ച ഒരു കാവ്യപ്രസ്ഥാനമാവണം മണിപ്രവാളം.

6 ഉണ്ണിയാടീചരിതത്തിൻെറ കർത്താവു ദാമോദരച്ചാക്യാരാണല്ലോ.

7 കൂടിയാട്ടത്തിലെ വിദൂഷകൻ ധാരാളം ഭാഷാശ്ലോകങ്ങൾ ഉപയോഗിക്കുന്നു.

8 പാഠകത്തിനുവേണ്ടി പുനം നിൎമ്മിച്ച കൊട്ടത്തവയാണ് ഭാഷാരാമായണ പ്രബന്ധങ്ങൾ.

9 മിക്കകഥകളുടെയും ഉപക്രമം തോഴനെ സംബോധന ചെയ്തു കൊണ്ടാണ്.

10 പാഠക കഥാമാലിക അതിനു തെളിവുമാണ്.

11 ലോകോത്തരവർണ്ണനാനിപുണകവികർമ്മ കാവ്യം എന്ന ലക്ഷണ ത്തിനു യോജിച്ച രണ്ടു കൃതികളാണ് ഭാഷയിലുള്ളതു്:

1 കൃഷ്ണഗാഥ. 2. ഭാഷാരാമായണചമ്പു

12 രാമായണത്തിലെ ചില ഉദാഹരണങ്ങൾ: ഭാരതാദിചമ്പുക്കൾ.

13 കൊല്ലം എട്ടാം നൂററാണ്ടിൽ കൊച്ചീമഹാരാജാവിനെ ആശ്ര യിച്ചു ജീവിച്ചിരുന്ന മണിപ്രവാളകവിയാണ് മഴമംഗലം. ജന്മദേശം—തൃശ്ശൂർ

14 മഴമംഗലത്തിൻെറ പ്രധാന കൃതി ഭാഷാനൈഷധചമ്പു. ഒന്നാ ന്തരം കൃതി.

15 ഇതു പാഠകത്തിനുവേണ്ടി നിർമ്മിച്ചതാണെന്നുള്ളതിനു തെളി വില്ല.

16 ഇതിൽ പരാപഹാരമില്ല. കവിത പുനത്തിൻേറതിൽ നിന്നു താഴെയല്ല.

17 രണ്ടു ഭാഗമുള്ള ഒന്നാന്തരം മണിപ്രവാള ചമ്പൂകാവ്യം

18 നൈഷധ ചമ്പുവിൽ നിന്നു് ഉദാഹരണം. കൊടിയവിരഹാദി കൃതികൾ.

19 ചമ്പുക്കളിൽ ഉള്ളൂരും വടക്കുംകൂറും എടുത്തു പറഞ്ഞിട്ടുള്ള രണ്ടു ദോഷങ്ങൾ. 1. പരാപഹാരം 2. യതിഭംഗം.

20 പരാപഹാരത്തിൻെറ കാരണം. യതിഭംഗത്തിൻെറ കാരണം.

21 തുള്ളൽക്കഥകളും ആട്ടക്കഥകളുമെന്നപോലെ മണിപ്രവാള ചമ്പുക്കളും കൂത്തമ്പലത്തിൻെറ സന്താനങ്ങളാണ്.

പ്രൊ: കെ. പി. നാരായണപിഷാരടി

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

11-1-1978

## Folk Literature

I സാമാന്യ ജനവിജ്ഞാനീയം എന്നാലെന്തു്?

II സാമാന്യ ജനവിജ്ഞാനീയ വിഭാഗങ്ങൾ.

III സാഹിത്യം- സാമാന്യ ജനങ്ങളുടെ സംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്ന വാമൊഴിയും വരമൊഴിയും.

IV ഗാനസാഹിത്യം.

V ഗാനസാഹിത്യവിഭാഗങ്ങൾ.

VI വാച്യം, അർദ്ധവാച്യം, അവാച്യം എന്നിങ്ങനെയുള്ള രൂപാന്തരങ്ങൾ.

VII വടക്കൻ പാട്ടും തെക്കൻപാട്ടും.

IIIV ഭക്തിഗാനങ്ങൾ, സ്തവങ്ങൾ.

IX മലയാളത്തിലും മററു ഭാഷകളിലുമുണ്ടായിട്ടുള്ള സാമാന്യ ജനവിജ്ഞാനീയ പഠനങ്ങൾ.

X സാമാന്യജനവിജ്ഞാനീയ പഠനം എങ്ങനെ സമഗ്രമായി നടത്താം? ആധുനിക സാഹിത്യത്തിൽ ഉണ്ടായിട്ടുള്ള സ്വാധീനം.

ഡോ. വി. എസ്. ശർമ്മ

# OPEN UNIVERSITY LECTURES

**ULLOOR MEMORIAL**

TRIVANDRUM-14

**SYNOPSIS**

12-1-1978

## എഴുത്തച്ഛൻെറ കവിത

1 16–ാം ശതകംവരെ മലയാള കവിതയിൽ സാമാന്യേന കാണപ്പെട്ടിരുന്ന കാവ്യസംസ്ക്കാരത്തിൻെറ സ്വഭാവസവിശേഷതകഠം. മണിപ്രവാളസംസ്ക്കാരം– പാരമ്പര്യാധിഷ്ഠിത വർണ്ണനകഠം അനിയന്ത്രിതമായ കല്പനാപ്രകടനങ്ങഠം, ധൂർത്തമായ കാമചിത്രണങ്ങഠം

2 ഭാരതമൊട്ടുക്കു് 15, 16. നൂററാണ്ടുകളിൽമാനവജീവിതത്തിൻെറ ആദ്ധ്യാത്മികതലത്തിൽ അനുഭവപ്പെട്ട അവ്യവസ്ഥിതത്വം-മാനസികമായും സാന്മാർഗ്ഗികമായും മതപരമായും, ബൗദ്ധികമായും ഒരു നവോത്ഥാനം ആവശ്യമായിവന്നതു്–ഇതരസാഹിത്യങ്ങളിലെന്നപോലെ മലയാള കവിതയിലും ഭക്തിപ്രസ്ഥാനം ആവിർഭവിച്ചതു്- ആ പ്രസ്ഥാനത്തിൻെറ ഈടു വയ്പിൽ എഴുത്തച്ഛൻേറതായ സംഭാവന.

3 അദ്ധ്യാത്മരാമായണം:– വാല്മീകി രാമായണത്തെ അപേക്ഷിച്ചു് അതിനു് ഭക്തിപ്രചാരണത്തിലുള്ള മേൽക്കോയ്മ–രാമനെ ഇതിൽ ഈശ്വരനാക്കിയിരിക്കുന്നുവെന്ന വസ്തുത-ഭൗതികവും ആദ്ധ്യാത്മികവുമായ ജീവിതത്തെ ഉദാത്തീകരിച്ചുകൊണ്ടു് രണ്ടിനെയും ഹൃദ്യമായ ഒരു കുടുംബകഥയിൽ സമന്വയിപ്പിക്കുന്ന വൈഭവം–പാത്രസൃഷ്ടി- ക്ഷത്രിയ ധർമ്മാചരണത്തിൽ ബ്രാഹ്മണ്യത്തിൻെറ മേധാവിത്വം പുലന്നതു്—ബ്രാഹ്മണ്യത്തെ പരമാവധി ആദരിച്ചുപോന്ന സാമ്രാജ്യത്തിൻെറ കഥ.

4 മഹാഭാരതം:–എഴുത്തച്ഛൻെറ വിവത്തനം എത്ര കണ്ടു് ഉൽകൃഷ്ട സാഹിത്യത്തിൽപ്പെടുന്നു–കാവ്യാത്മകമായ രംഗങ്ങഠം ദൃഷ്ടാന്തങ്ങഠം

5 ശ്രീമദ്ഭാഗവതം: – ഭാഷാരീതി.

6 ഇതരകൃതികൾ:—ഹരിനാമകീർത്തനം, ചിന്താരത്നം തുടങ്ങിയവ.

7 എഴുത്തച്ഛന്റെ കവിതയിൽ സന്മാർഗ്ഗചിന്തനം—തത്വകഥനം- ഭക്തിക്കു നല്കിയ മുൻതൂക്കം

8 സാഹിത്യപരമായ മേന്മ -ഭാഷാപരമായ പ്രത്യേകതകൾ-മണി പ്രവാളത്തിന്റെയും പാട്ടിന്റെയും സമന്വയനം- ആധുനിക മല യാള കവിതയുടെ പിതാവ് എന്ന പ്രശസ്തി എത്രത്തോളം എഴുത്തച്ഛൻ അർഹിക്കുന്നു.

9 ചില ശ്രദ്ധേയങ്ങളായ ഉദ്ധരണങ്ങൾ

10 പൊതുവായ ചില ലഘുചോദ്യങ്ങൾ.

പ്രൊഫ: പി. കരുണാകരൻ നായർ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

12-1-1978

# ആട്ടക്കഥാ സാഹിത്യം

## (കഥകളിസാഹിത്യം)

1 മററു സാഹിത്യ പ്രസ്ഥാനങ്ങളെ അപേക്ഷിച്ച് കഥകളി സാഹിത്യത്തിനുള്ള പ്രത്യേകതയും പ്രധാന്യവും.

2 കൊട്ടാരക്കരത്തമ്പുരാൻ–കഥകളിയുടെ ഉപജ്ഞാതാവ്. രാമനാട്ടം— അഭിനയപരമായ മേന്മ.

3 കോട്ടയത്തുതമ്പുരാൻ കഥകളിക്കും സാഹിത്യത്തിനും നൽകിയിട്ടുള്ള സംഭാവനകൾ.

4 ഉണ്ണായിവാര്യരും 'നളചരിതം' ആട്ടക്കഥയും.

5 കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവും (ധർമ്മരാജാ) വിദ്വത്സദസ്സും. ധർമ്മരാജാവിന്റെ ആട്ടക്കഥകൾ-അദ്ദേഹം ചെയ്ത കലാപോഷണം.

6 അശ്വതി തിരുനാളിന്റെ കൃതികൾ.

7 വിദ്വാൻ കോയിത്തമ്പുരാന്റെ 'രാവണവിജയം.'

8 ഇരയിമ്മൻ തമ്പിയുടെ കഥകൾ.

9 മററുചില പ്രധാന ആട്ടക്കഥകൾ–ഇന്ന് പ്രചാരത്തിലുള്ളവ.

10 ആട്ടക്കഥാ പ്രസ്ഥാനവും ആധുനിക കവികളും.

പ്രൊഫ: അമ്പലപ്പുഴ രാമവർമ്മ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

26-1-1978

# മലയാളഗദ്യം—വികാസപരിണാമചരിത്രം

1 മലയാളഗദ്യത്തിന്റെ ആദിരൂപങ്ങൾ—കുലശേഖരചക്രവർത്തിമാരുടെ ശാസനങ്ങൾ—ശാസനമലയാളത്തെക്കുറിച്ചു നടന്നിട്ടുള്ള പഠനങ്ങൾ—ഡോ: ഏ. സി. ശേഖർ, പ്രൊഫ: ഇളംകുളം, പ്രൊഫ: സി. എൽ. ആന്റണി എന്നിവരുടെ നിഗമനങ്ങൾ—ശാസനമലയാളമാതൃകകൾ (A. D. 9–13)

2 ഭാഷാകൗടലീയം, ആട്ടപ്രകാരം, ക്രമദീപിക, ഗദ്യവികാസചരിത്രത്തിൽ അവയ്ക്കുള്ള സ്ഥാനം—ഉദാഹരണങ്ങൾ (A. D. 13-14). ഡോ. കെ. എൻ. എഴുത്തച്ഛൻ, ഡോ: എം. ലീലാവതി എന്നിവരുടെ ഗവേഷണ പ്രബന്ധങ്ങൾ.

3 നമ്പ്യാന്തമിഴും മലയാളഗദ്യവും (A. D. 14–16)

ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം, അംബരീഷോപാഖ്യാനം, നളോപാഖ്യാനം, ദേവീമഹാത്മ്യം, രാമായണം തമിഴ്, ഭാഗവതം ഗദ്യം, ഉത്തരരാമായണം ഗദ്യം—മാതൃകകൾ—അപചയകാരണങ്ങൾ. ഡോ: പി. കെ. നാരായണപിള്ള, ഡോ: പി. വി. വേലായുധൻ പിള്ള എന്നിവരുടെ പഠനങ്ങൾ.

4 വ്യവഹാരഭാഷയിൽ ഉടൽപൂണ്ടഗദ്യം. മിഷനറിമാരും മലയാളഭാഷയും - A. D. 16–19.

രണ്ടുഘട്ടങ്ങൾ. ഒന്നാംഘട്ടം—കത്തോലിക്കാമിഷനറിമാർ (A.D. 16 – 18). രണ്ടാംഘട്ടം (A. D. 18–19) പ്രൊട്ടസ്റ്റന്റു മിഷണറിമാർ. ഗദ്യമാതൃകകൾ – ഉദിയംപേരൂർ സുനഹദോസിന്റെ കാനോനാകൾ(1599), വേദതർക്കം (1768), സംക്ഷേപവേദാർത്ഥം (1772), ജ്ഞാനമുത്തുമാല (1784), വർത്തമാനപ്പുസ്തകം (1785), സത്യവാദഖേടം (1861), ബാലാഭ്യസനം (1867), കേരളപ്പഴമ (1863), മലയാളഭാഷയെക്കുറിച്ച് (1889).

5 കേരളവർമ്മ വലിയകോയിത്തമ്പുരാനും, പാഠ്യപുസ്തകസമിതിയും, മലയാളഗദ്യവികാസവും. പത്രപ്രവർത്തനവും ഭാഷാഗദ്യവും. 19-ാം നൂററാണ്ടും, ആധുനികഗദ്യവും.

ഡോ. സാമുവൽ ചന്ദനപ്പള്ളി

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

26-1-1978

# മലയാളനോവൽ–സി. വി.ക്കു ശേഷം

I മലയാളനോവലിൻെറ ഒന്നാംഘട്ടം - 1877 - 1930; രണ്ടാം ഘട്ടം 1940-1960; മൂന്നാംഘട്ടം 1960-1977

II ഒന്നാം ഘട്ടത്തിൽ തന്നെ i ആറു വിധത്തിലുള്ള നോവലുകളും ii വിവർത്തനങ്ങളും മലയാളത്തിനു സിദ്ധിച്ചു.

സാമൂഹ്യനോവലുകൾ, ചരിത്രാഖ്യായികകൾ, രാഷ്ട്രീയനോവലുകൾ, അപസർപ്പകനോവലുകൾ, ആക്ഷേപനോവലുകൾ, പിക്കാറസ്ക്കു നോവലുകൾ; ദുർഗ്ഗേശനന്ദിനി, പാവങ്ങൾ എന്നീ വിവർത്തനങ്ങൾ.

III ഒന്നാം ഘട്ടത്തിൽതന്നെ ചന്തുമേനോനും സി. വി. യും മികച്ച നോവൽ സങ്കല്പങ്ങളും മലയാളത്തിനു നല്കി.

IV രാമരാജബഹദൂറിനും, ബാല്യകാലസഖിയ്ക്കുമിടയിൽ ധാരാളം കൃതികൾ പ്രസിദ്ധീകൃതമായി; അവയിൽ ശ്രദ്ധിക്കപ്പെട്ടതു്, ഒന്നോ രണ്ടോമാത്രം.

V 1930- മുതലിങ്ങോട്ടു ചെറുകഥ വളർന്നു; 1940 മുതൽ 1960 വരെയുള്ള ഘട്ടമാണു് മലയാളനോവലിൻെറ നവോത്ഥാന കാലം, 1930-കളിൽ ചെറുകഥാകൃത്തുക്കളായി രംഗപ്രവേശം ചെയ്തവരാണു്, പില്ക്കാലത്തു് നോവൽ സാഹിത്യത്തെ പുഷ്ട മാക്കിയതു്. ദേവ്, ബഷീർ, തകഴി, ഉറൂബ്, പൊററക്കാട്ട- ഓരോരുത്തർക്കുമുണ്ടു് തനതായ നോവൽ സങ്കല്പം.

VI നവോത്ഥാന കാല നോവൽ

സങ്കല്പങ്ങൾ; രണ്ടാംഘട്ടത്തിലെ വീക്ഷണം, ശുഭാപ്തിവിശ്വാസം-

i ദേവിൻെറ നോവൽ സങ്കല്പം, വ്യക്തിക്കു തനിയെ നേടിയെടുക്കാവുന്ന സ്വാതന്ത്ര്യം.

ii തകഴി:- മർദ്ദിതർക്ക് സംഘടിച്ചു നേടിയെടുക്കാവുന്ന സ്വാതന്ത്ര്യം.

iii ബഷീർ:- അസ്തിത്വസ്വാതന്ത്ര്യം.

iv പൊററക്കാട്ട്:- മനുഷ്യരുടെ വൈചിത്ര്യവും മനോഹാരിതയും.

v ഉറൂബ്:- സമ്പൂർണ്ണ വ്യക്തിത്വങ്ങളുള്ള ഭാരതീയ ജനതയുടെ വികാസത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചുമുള്ള സങ്കല്പം.

vi മററു നോവലിസ്റ്റുകൾ:- പുതിയരചനാരീതികൾ

VII മൂന്നാംഘട്ടം ആരംഭം. പുതിയ സങ്കല്പങ്ങൾ-വിഷാദാത്മക വീക്ഷണം.

1 കേവിലൻ – തകരുന്ന സമൂഹങ്ങൾ.
2 പാറപ്പുറത്ത് – പതറുന്ന മനുഷ്യർ.
3 സുരേന്ദ്രൻ – വികാരജീവികൾ.

VIII മൂന്നാംഘട്ടത്തിലെ രണ്ടു റൊമാൻറിക്ക നോവലിസ്റ്റുകൾ-

1 എം. ടി. വാസുദേവൻ നായർ — ദുഃഖം, ആത്മനിന്ദ, പക, നൈരാശ്യം
2 രാജലക്ഷ്മി - നൈരാശ്യം.

IX ആധുനികർ- (മൂന്നാംഘട്ടം, ഉത്തരഭാഗം)

1 ആക്ഷേപ ഹാസ്യം– എൻ.പി. മുഹമ്മദ്, വി.കെ.എൻ.
2 മുരടിപ്പും മോഹഭംഗവും- സി. രാധാകൃഷ്ണൻ. കുഞ്ഞുകുട്ടൻ,
3 അസ്തിത്വബോധം— കാക്കനാടൻ, മുകുന്ദൻ, ആനന്ദ്, ഒ. വി. വിജയൻ തുടങ്ങിയവർ
4 പാരനോയിയ– കത്രർ ശശി, പത്മരാജൻ;

X പാരമ്പര്യത്തിൻെറ തുടർച്ച;

1 വിലാസിനി, 2 പി. കെ. ബാലകൃഷ്ണൻ,
3 ലളിതാംബിക അന്തർജ്ജനം,
4 വത്സല, പെരുമ്പടവം ശ്രീധരൻ–

പ്രൊഫ: കെ. എം. തരകൻ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

**SYNOPSIS**

31-1-1978

# ആധുനികനോവൽ–സി. വി.ക്കു ശേഷം പ്രമുഖരായ നോവൽകർത്താക്കൾ

1 കാല്പനികതയുടെ വെള്ളിനക്ഷത്രം—മൂത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാടിന്റെ 'അപ്ഫന്റെ മകൾ.'

2 ആശയ പ്രചരണമാധ്യമങ്ങളായിത്തീന്ന നോവലുകൾ:

a) കേശവദേവിന്റെ പ്രധാന നോവലുകൾ:
ഓടയിൽനിന്നു്, അയൽക്കാർ, അധികാരം, കണ്ണാടി.

b) തകഴി ശിവശങ്കരപ്പിള്ളയുടെ പ്രമുഖ നോവലുകൾ:
തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, ഏണിപ്പടികൾ,
ചെമ്മീൻ–മലയാളസാഹിത്യത്തിലെ നിത്യകന്യക.

3 മാനവികതയുടെ ശബ്ദം:
വൈക്കം മുഹമ്മദു ബഷീറിന്റെ രണ്ടു നോവലുകൾ:
ബാല്യകാലസഖി, 'ന്റുപ്പുപ്പാക്കൊരാനേണ്ടാന്നു്!'.

4 റിയലിസത്തിൻേറയും റൊമാൻറിസിസത്തിൻേറയും സമന്വയം
ഉറൂബിന്റെ രണ്ടു നോവലുകൾ:
ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും.

5 ഏകാന്തപഥികരുടെ കഥകൾ:
എം. ടി. വാസുദേവൻ നായരുടെ നാലു നോവലുകൾ:
നാലുകെട്ടു്, അസുരവിത്തു്, കാലം, മഞ്ഞു്.

6 നോവലിന്റെ കൂമ്പടഞ്ഞിട്ടില്ല!
ലളിതാംബിക അന്തർജ്ജനത്തിന്റെ 'അഗ്നിസാക്ഷി.'

ഡോ: വി. എസ്സ്. വാരിയർ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

1-2-1978

## ആധുനിക മലയാള നാടകം—പ്രമുഖ ഗ്രന്ഥകർത്താക്കൾ.

കുറുപ്പില്ലാക്കളരി (1909) മുതൽ വീരജനനിവരെ(1966)

1 സി. വി. രാമൻപിള്ള-ആധുനിക മലയാള ഗദ്യനാടകത്തിൻെറ ആവിർഭാവം-കുറുപ്പില്ലാക്കളരി തുടങ്ങിയ പ്രഹസനങ്ങൾ.

2 ഈ. വി. കൃഷ്ണപിള്ള—പ്രഹസന രചനയിൽ വരുത്തിയ ശ്രദ്ധേയമായ മാററങ്ങൾ-ചരിത്ര നാടകങ്ങൾ.

3 എൻ. പി. ചെല്ലപ്പൻനായർ. ഈ. വി. യുടെ ഫലിതവും പരിഹാസവും കൂടുതൽ രസനീയമാക്കിതീർത്തു—അനുകരണങ്ങൾ.

4 ടി. എൻ. ഗോപിനാഥൻ നായർ—സോമർ സെററ്മോമിൻെറ രചനാരീതിയുടെ പ്രചാരം— അനുകരണങ്ങൾ — ജനദ്രോഹിയും ഇബ്സനും.

5 കൈനിക്കര പത്മനാഭപിള്ള—ചരിത്രനാടകങ്ങളുടെ പുരോഗതി

6 കൈനിക്കര കുമാരപിള്ള—ഗദ്യനാടക രചനാരീതി പരിപുഷ്ടമാക്കിത്തീർത്തു — പരീക്ഷണങ്ങൾ.

7 എൻ. കൃഷ്ണപിള്ള—ഇബ്സൻ പ്രസ്ഥാനം വിജയപൂർവം അരങ്ങേറുന്നു-ഇബ്സൻ പ്രസ്ഥാനത്തിൻെറ സർവ്വാതിശായിയായ സ്വാധീനം— ശ്രദ്ധേയമായ കൃതികൾ—ഗണനീയരായ നാടകകൃത്തുകൾ.

8 സി. ജെ. തോമസ്സും നാടകപരീക്ഷണങ്ങളും.

9 ജി. ശങ്കരപിള്ളയുടെ സംഭാവനകൾ

10 തോപ്പിൽഭാസിയുടെ നാടകങ്ങൾ— സംഗീത നാടകപരിഷ്ക്കരണം.

11 കെ. ടി. മുഹമ്മദിൻെറ രചനാരീതി—പരീക്ഷണങ്ങൾ.

12 എൻ. എൻ. പിള്ളയുടെ സംഭാവനകൾ.

13 ചെറുകാടിൻെറയും, തിക്കോടിയൻെറയും, ഉറൂബിൻെറയും മററും നാടകങ്ങളിൽ കണ്ടു വരുന്ന സവിശേഷതകൾ.

14 ജീവചരിത്രനാടകങ്ങളും ദേശഭക്തി നാടകങ്ങളും—മഹാത്മാ— വീരജനനി കെ. പി. കേശവമേനോൻെറയും ഡോക്ടർ പി. കെ. നാരായണപിള്ളയുടെയും സംഭാവനകൾ.

ശ്രീ. വേളമാനൂർ എൻ. ജനാർദ്ദനൻപിള്ള

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

2-2-1978

# ജീവചരിത്രവും ആത്മകഥയും മലയാളത്തിൽ

1 ഭാഷാസാഹിത്യത്തിൽ ജീവചരിത്രത്തിനുള്ള സ്ഥാനം. നാടകങ്ങൾ, കവിതകൾ, കഥകൾ, നോവലുകൾ എന്നിവയെ അപേക്ഷിച്ച് മലയാളത്തിൽ ജീവചരിത്രങ്ങളും ആത്മകഥയും സംഖ്യാബലത്തിൽ കുറയാൻ കാരണം.

2 ജീവചരിത്രവും ആത്മകഥയും എന്നാലെന്ത്? അവ എന്തിനെ പ്രതിഫലിപ്പിക്കുന്നു. സമകാലികചരിത്രത്തിൽ എന്തു സ്ഥാനമാണ് അവയ്ക്കുള്ളത്. എങ്ങനെ അവ സമുദായത്തെ ഉത്തേജിപ്പിക്കുന്നു.

3 കീർത്തിമാന്മാർ എത്ര വിധം. ജീവചരിത്രത്തിനും ആത്മകഥയ്ക്കും വിഷയമാകുന്ന കീർത്തിമാന്മാർ.

4 ജീവചരിത്രം ഒരു കലയാണ്.

5 ജീവചരിത്രരചന മൂന്നു ഘട്ടങ്ങൾ. ഉപാദാനങ്ങളുടെ സമാഹരണം, സംശോധനം, സമാഖ്യാനം.

6 സമാഹരണം—കിട്ടാവുന്ന രേഖകൾ സമ്പാദിക്കൽ, അഭിമുഖസംഭാഷണം വഴി വിവരങ്ങൾ ശേഖരിക്കൽ.

7 സംശോധനം ലഭിച്ച വസ്തുതകളെ ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യുക. സത്യങ്ങളെ അസത്യങ്ങളിൽനിന്നും അബദ്ധങ്ങളിൽനിന്നും അർദ്ധസത്യങ്ങളിൽനിന്നും വേർതിരിച്ചെടുക്കുക.

8 സമാഖ്യാനം അല്ലെങ്കിൽ ആഖ്യാനപ്രക്രിയ. മുട്ടകൾ ശേഖരിച്ചാൽ അവ ആംലെററാകയില്ല. രചനയിൽ ദീക്ഷിക്കേണ്ട ഗുണങ്ങൾ.

9 മലയാളത്തിലെ ജീവചരിത്രങ്ങൾ ആത്മകഥകൾ.

10 ലിററൺ സ്റ്റ്രാച്ചിയുടേയും ആന്ദ്രേമൊറവായുടേയും സിദ്ധാന്തങ്ങൾ സ്വീകരിച്ചെഴുതിയ ജീവചരിത്രങ്ങൾ.

11 പി. കെ. പരമേശ്വരൻനായർ—വാംട്ടയർ, മഹാത്മാഗാന്ധി, സാഹിത്യപഞ്ചാനനൻ, സി. വി. രാമൻ പിള്ള.

12 എൻ. ബാലകൃഷ്ണൻ നായർ–കെ. ചിന്നമ്മ, വി. കൃഷ്ണൻതമ്പി, സ്വരാജ്യാഭിമാനി, രാജാ രവിവർമ്മ, സാക്ഷാൽ സി. വി , മഹർഷി ചട്ടമ്പിസ്വാമിതിരുവടികൾ.

13 കെ. ഭാസ്കരപിള്ള–സ്വദേശാഭിമാനി, ചട്ടമ്പിസ്വാമികഠം, ടോംസ്റ്റോയി.

14 ജീവചരിത്രങ്ങളുടെ തരംതിരിവ്, 5– കഥാനായകന്മാരുടെ സ്ഥിതി അനുസരിച്ച്.

15 യോഗികഠം, തത്വജ്ഞാനികഠം, മതാചാര്യന്മാർ എന്നിവരുടെ ജീവചരിത്രങ്ങഠം.

16 സാഹിത്യകാരന്മാർ, കലാകാരന്മാർ, കവികഠം എന്നിവരുടെ ജീവചരിത്രങ്ങഠം മലയാളത്തിൽ.

17 രാഷ്ട്രീയനേതാക്കന്മാർ, ഭരണാധികാരികഠം എന്നിവരുടെ ജീവചരിത്രങ്ങഠം.

18 സമുദായനേതാക്കന്മാർ, സാമൂഹ്യവിപ്ലവകാരികഠം എന്നിവരുടെ ജീവചരിത്രങ്ങഠം.

19 ശാസ്ത്രജ്ഞന്മാർ, വിജ്ഞാനികഠം, ലോകോപകാരികഠം എന്നിവരുടെ ജീവചരിത്രങ്ങഠം.

20 ജീവചരിത്രത്തിൽ കലയ്ക്കും വിമർശത്തിനുമുള്ള പൊരുത്തം മലയാളത്തിലെ ഗ്രന്ഥകാരൻമാർ എങ്ങനെ അനുവർത്തിക്കുന്നു. Non-Fiction-ൽ Fiction-ൻെറ പ്രതീതി വരുത്തുക.

21 ആത്മകഥ എങ്ങനെ, എന്തിനുവേണ്ടി എഴുതുന്നു. ലക്ഷണങ്ങഠം.

22 മലയാളത്തിലെ പ്രധാനപ്പെട്ട ആത്മകഥകഠം.

23. ഉപസംഹാരം.

ശ്രീ. കെ. ഭാസ്കരപിള്ള

# OPEN UNIVERSITY LECTURES

**ULLOOR MEMORIAL**

TRIVANDRUM-14

**SYNOPSIS**

2-2-1978

## ഉപന്യാസം- മലയാളത്തിൽ

1 ഉപന്യാസം എന്ന പദം വളരെ വ്യാപകമായ അർത്ഥത്തിൽ പ്രയോഗിക്കുന്നു.

2 ഇംഗ്ലീഷിൽ 'Essay' എന്ന വിഭാഗത്തിൽപ്പെടുന്ന കൃതികളുടെ രൂപത്തിലുള്ള 'നിബന്ധ'ങ്ങളെയാണു് ഉപന്യാസങ്ങൾ എന്നു് വിളിക്കുക.

3 അതിവ്യാപ്തി, അവ്യാപ്തി എന്ന ദോഷങ്ങൾ സ്പർശിക്കാത്ത ഒരു നിർവ്വചനം ഇതിനു നൽകുക വിഷമമാണു്.

4 A. D. യുടെ ആരംഭത്തിൽ ജീവിച്ചിരുന്ന ഇററാലിയനായ Senaca യുടേയും ഗ്രീക്കുകാരനായ Plutarch - ൻേറയും കൃതികളിൽ 'ഉപന്യാസ'ത്തിൻെറ പ്രാഗ്‌രൂപം ദർശിക്കാം.—പാശ്ചാത്യസാഹിത്യത്തിൽ 16-ാം നൂററാണ്ടിൽ ഫ്രഞ്ചുകാരനായ Montaigne ഈ പ്രസ്ഥാനത്തിനു് ഉണർവ്വു് നൽകി.

5 ഉപന്യാസത്തെ മററു് സാഹിത്യരൂപങ്ങളിൽ നിന്നു വേർതിരിക്കുന്ന പ്രത്യേകതകൾ—ചർച്ച.

6 19-ാം നൂററാണ്ടിലെ ആംഗലസാഹിത്യകാരനായ ചാറൽസ് ലാംബിൻെറ ഉപന്യാസങ്ങൾ-'Essays of Elia' ആത്മനിഷ്ഠങ്ങളായ ഉപന്യാസങ്ങൾക്കു് ഉത്തമോദാഹരണങ്ങൾ.

7 മലയാളത്തിൽ ഗദ്യശാഖ പരിപുഷ്ടി പ്രാപിക്കാൻ തുടങ്ങിയ കാലഘട്ടം — കേരളവർമ്മയുടെ കാലഘട്ടം - പത്തൊൻപതാം നൂററാണ്ടു് - നോവൽപ്രസ്ഥാനംപോലെ ഉപന്യാസപ്രസ്ഥാനവും ഇവിടെ ഉടലെടുത്തു.

8 ജോർജ്ജുമാത്തൻെറ സത്യവാദഖേടം- ഗദ്യമാലിക- പ്രബന്ധമഞ്ജരി,- കേസരിയുടെ ഉപന്യാസങ്ങൾ- ഈ. വി. യും സഞ്ജയനും-മററു് ഉപന്യാസകാരന്മാർ- കേ. പി. കേശവമേനോൻ, എ. പി. ഉദയഭാനു.

9 ഭാഷയിൽ മററു പ്രസ്ഥാനങ്ങളെപ്പോലെ ഉപന്യാസപ്രസ്ഥാനം വളൎന്നിട്ടില്ല.

പ്രൊഫ: കെ. കുമാരൻ നായർ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

7-2-1978

# സാഹിത്യവിമർശനം മലയാളത്തിൽ

1 വിമർശനമെന്ന സാഹിത്യശാഖയുടെ അഭാവം പത്തൊമ്പതാം നൂററാണ്ടിൻെറ അന്ത്യദശകങ്ങറംവരെ-എന്നാൽ സാഹിത്യതത്വവിചാരവും വിലയിരുത്തലും ഉണ്ടായിരുന്നു വ്യാഖ്യാനങ്ങളും ലീലാതിലകത്തിലെ ലക്ഷണചച്ച്യും- അടിസ്ഥാനം ഭാരതീയ കാവ്യമീമാംസ—ആന്തരാർത്ഥത്തെക്കാറം ലക്ഷണങ്ങറംക്ക് പ്രധാന്യം-സാങ്കേതികത്വം പ്രബലമായിരുന്നു.

2 കേരളവമ്മയും രാജരാജവമ്മയും— സാഹിത്യത്തെക്കുറിച്ചുള്ള സാമാന്യചച്ച്യും സ്വാതന്ത്ര്യകാവ്യ നിരൂപണവും ആരംഭിക്കുന്നു—പത്രപ്രവത്തനത്തിൻെറയും സാഹിത്യസംഘടനകളുടെയും സംഭാവന- ദ്വിതീയാക്ഷരപ്രാസവാദം, രൂപഭാവങ്ങളുടെ ആപേക്ഷിക പ്രാധാന്യത്തെപ്പററി ചച്ച്-ജീവൽ സാഹിത്യം ചച്ച്ാവിഷയം-രാജരാജവമ്മയുടെ ലക്ഷണ ഗ്രന്ഥങ്ങളും അവതാരികകളും—അവതാരികകളിലെ മൗലികചിന്ത---രസധ്വനി സിദ്ധാന്തങ്ങറം സജ്ഗാത്മക സാഹിത്യത്തിൻെറ വികാസത്തിന് അനുയോജ്യമായി വ്യഖ്യാനിക്കയും പ്രയോഗിക്കയും ചെയ്യപ്പെടുന്നു—ഈ ഭാരതീയ സമീപനത്തിൻെറ വികാസം ഇന്നോളം.

3 രാജരാജവമ്മയും സാഹിത്യ പഞ്ചാനനനും-പ്രാചീനകൃതികളുടെ സമഗ്ര നിരൂപണവും ഗവേഷണവും— നളചരിതം, ശാകുന്തളം, എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ—വിമർശന സാഹിത്യത്തിന് ഉറച്ച അടിത്തറ പാകുന്ന ഉത്തമമാതൃകകറം-- സാഹിത്യത്തിലെ നൂതനപ്രവണതകളെ വിലയിരുത്തുന്നതിൽ രാജരാജവമ്മയും സാഹിത്യ പഞ്ചാനനനും തമ്മിലുള്ള അന്തരം.

4 ഉള്ളൂർ, ആശാൻ, വള്ളത്തോറം എന്നിവരുടെ നിരൂപണങ്ങറം ഗവേഷണത്തിൻെറ വളച്ച്—സാഹിത്യചരിത്രങ്ങറം- ഉള്ളൂർ, ആററൂർ കൃഷ്ണപിഷരാടി, ചേലനാട്ട് അച്യുതമേനോൻ, ആർ. നാരായണ പണിക്കർ എന്നിവരുടെ സംഭാവനകറം – പാശ്ചാത്യകാവ്യതത്വങ്ങറം മലയാളവിമശ്ന സാഹിത്യത്തിൽ കടന്നു വരുന്നു-ശങ്കരൻ നമ്പ്യാരുടെ സംഭാവന- കെ. രാമകൃഷ്ണപിള്ളയുടെ സാമൂഹ്യസമീപനം.

5 പരിവർത്തനദശ-ഏ. ബാലകൃഷ്ണപിള്ള പാശ്ചാത്യസാഹിത്യരൂപങ്ങളും പ്രസ്ഥാനങ്ങളും നൂതന സമീപനങ്ങളും മലയാളികൾക്ക പരിചയപ്പെടുത്തുന്നു—വിമർശനം സാഹിത്യരചനയ്ക്കു നേതൃത്വം വഹിക്കാൻ തുടങ്ങുന്നു—കാല്പനികതയും റിയലിസവും—മനശ്ശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ സമീപനങ്ങൾ—ഭാരതീയ കാവ്യമീമാംസയും പാശ്ചാത്യതത്വങ്ങളും സമന്വയിപ്പിക്കാനുള്ള പരിശ്രമം-ജോസഫ് മുണ്ടശ്ശേരിയും എം. പി. പോളും – സാമൂഹ്യലക്ഷ്യങ്ങൾ സാഹിത്യ വിമർശനത്തിൽ പ്രാമാണ്യം നേടുന്നു—മുണ്ടശ്ശേരിയും കുററിപ്പുഴ കൃഷ്ണപിള്ളയും - പുരോഗമനസാഹിത്യം-പ്രമേയം പ്രധാനമാകുന്നു.

6 ഭാരതീയ സമീപനത്തിൻെറ പുതിയ മുഖം— സൗന്ദര്യാത്മക സാഹിത്യ നിരൂപണം—കുട്ടികൃഷ്ണമാരാര്— ഒററകൃതികളുടെ പഠനവും സാമാന്യതത്വങ്ങളും തമ്മിലുള്ള സമന്വയം-പുസ്തക നിരൂപണത്തിൻെറ വളർച്ചയും തളർച്ചയും-മുണ്ടശ്ശേരി, മാരാര്, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ, ഗുപ്തൻനായർ, കെ. സുരേന്ദ്രൻ തുടങ്ങിയവരുടേയും പുതിയ തലമുറക്കാരുടെയും ഗ്രന്ഥനിരൂപണങ്ങൾ.

7 ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള വിമർശന സാഹിത്യം - ഒരു വശത്ത് അക്കാദമിക് പഠനങ്ങളും ഗവേഷണവും—ഗുപ്തൻ നായർ, കെ. എം. ജോർജ്, സുകുമാർ അഴീക്കോട്, തുടങ്ങിയവരുടെയും കേരള സർവ്വകലാശാലയുടെയും സംഭാവനകൾ—മറുവശത്ത് സാഹിത്യ ബാഹ്യമായ സാമൂഹ്യതത്വസംഹിതകളെ ആസ്പദമാക്കിയുള്ള നിരൂപണം.

8 പുതിയ തലമുറക്കാർ-സാഹിത്യത്തിൻെറ സൗന്ദര്യാത്മകതത്വത്തിനും ഭാവരൂപങ്ങളുടെ പരസ്പരാശ്രിതത്വത്തിനും പ്രാധാന്യം കല്പിച്ചുകൊണ്ടുള്ള നിരൂപണം—ഭാരതീയ കാവ്യമീമാംസയിൽ അധിഷ്ഠിതമായ ബോധനവീകരണം—ടി. എസ്. എലിയററിൻെറയും ഐ. ഏ. റിച്ചേഡ്സിൻെറയും ചിന്താഗതികളുടെ സ്വാധീനം—സാമൂഹ്യപ്രാധാന്യമുള്ള നിരൂപണത്തിലെ പുതിയ പ്രവണതകൾ.

9. മലയാളത്തിലെ സാഹിത്യവിമർശനം ഇന്നും മുഖ്യമായി കവിതാനിരൂപണമാണ്. നാടക നിരൂപണരംഗത്ത് സി. ജെ. തോമസ്, കാട്ടുമാടം നാരായണൻ എന്നിങ്ങനെ ചുരുക്കം ചില എഴുത്തുകാർ മാത്രം—കഥാസാഹിത്യനിരൂപണം ഇന്നും ശൈശവാസ്ഥയിൽ—എഴുത്തുകാരെയും കൃതികളെയും കുറിച്ചുള്ള സമഗ്രപഠനങ്ങൾ വിരളം.

ശ്രീ. കെ. എസ്. നാരായണപിള്ള

# OPEN UNIVERSITY LECTURES

**ULLOOR MEMORIAL**

TRIVANDRUM-14

**SYNOPSIS**

8-2-1978

## മലയാള സാഹിത്യത്തിലെ ആധുനിക പ്രവണതകൾ

1 കഴിഞ്ഞ രണ്ടു ദശകങ്ങളിൽ മലയാള സാഹിത്യത്തിൽ പ്രകടമായിട്ടുള്ള പുതിയ പ്രവണതകൾ-തൊട്ടുമുമ്പുള്ള കാലഘട്ടത്തിലെ പരിവർത്തനത്തെക്കാൾ അടിസ്ഥാനപരമായ പരിവർത്തനം-സാഹിത്യത്തിൽ വിഗ്രഹ ഭഞ്ജനത്തിനും പാരമ്പര്യത്തിനുമുള്ള സമാന്തര പ്രാധാന്യം.

2 പുതിയ പ്രവണതകളുടെ പിന്നിലുള്ള പ്രേരകങ്ങൾ-സാഹിത്യസങ്കല്പത്തിൽ ലോകവ്യാപകമായുണ്ടായ പരിണാമം-ആധുനിക ജീവിതദർശനത്തിന്റെ സങ്കീർണ്ണത- ഇതരകലകളിലെ പുതിയ പ്രവണതകൾ-കലയ്ക്കു് തനതായ അസ്തിത്വം ഉണ്ടായിരിക്കണമെന്നും അതു് മററൊന്നിന്റെയും മാറെറാലിയാവരുതെന്നുമുള്ള അഭിലാഷം—ഭാരതീയ കലാപാരമ്പര്യത്തിന്റെ പുനർദശനവും പുനരാവിഷ്കരണവും.

3 കവിത—എല്ലാതരം ജീവിതാനുഭവങ്ങളും കവിതയ്ക്കു വിഷയമാകുന്നു—പാശ്ചാത്യകവിതാസരണിയോടും നമ്മുടെ പൗരാണിക സാഹിത്യത്തോടും നാടൻ പാട്ടുകളോടും ദൃശ്യകലകളോടുമുള്ള ബന്ധം—കവിതയിലെ ഭാവരൂപങ്ങൾ അഭേദ്യമാണെന്ന ബോധം—കേവലാശയമോ വികാരമോ മധുരമായി ചിത്രീകരിക്കാനുള്ള ഉപാധിമാത്രമല്ല കവിത—ജീവിതസ്പർശിയായ കാവ്യാനുഭൂതിയാണു് അതു് സൃഷ്ടിക്കുന്നതു്—അതിനായി അവതരിപ്പിക്കുന്ന ഇതിവൃത്തവും മററും പ്രതീകാത്മകങ്ങൾ - വിഷയത്തിന്റെ കാവ്യബാഹ്യമായ മൂല്യം പ്രധാനമല്ല.— ബിംബപ്രധാനമായ കവിത-രൂപം അനിയതം—അതു് അനുഭൂതിക്കൊത്തു് രൂപപ്പെടണം-നിയതവൃത്തം വേണ്ട, സന്ദർഭോചിതമായ താളം മതി-വാച്യാർത്ഥമല്ല, വ്യഞ്ജിപ്പിക്കപ്പെടുന്ന ഭാവമാണു പ്രധാനം—എല്ലാതരം പദങ്ങളും കവിതയിൽ ആവാം—ഓരോ കവിതയും ഭാഷയ്ക്കു് പുതിയ അർത്ഥതലം നൽകുന്നു. അയ്യപ്പപ്പണിക്കരുടെ കുരുക്ഷേത്രംതൊട്ടു് പണിക്കരുടെ കാർട്ടൂൺ കവിതകളും കടമ്മനിട്ടയുടെ കൃതികളുംവരെയുള്ള നവീന കവിതയുടെ വികാസം—സുഗതകുമാരിയുടെയും മററും കവിതകളിലെ ആധുനികത.

4 നാടകം-ഇതിവൃത്തത്തിനും സംഭാഷണത്തിനും പ്രാധാന്യമുള്ള സാഹിത്യ കൃതി എന്ന നിലവിട്ട് ക്രിയാംശ പ്രധാനമായി രംഗത്തു് അവതരിപ്പിക്കാൻ ഉപയുക്തമായ സാഹിത്യപാഠം എന്ന നിലയിലേയ്ക്കുള്ള പരിവർത്തനം റിയലിസം കുറഞ്ഞുവരുന്നു-എക്സ്പ്രഷനിസം സർറിയലിസം ദൃശ്യാവിഷ്കരണത്തിനുള്ള സാധ്യതകൾ പ്രകടമല്ലാത്ത അനുഭൂതികൾ ആവിഷ്കരിക്കാനുള്ള ശ്രമം-ഇതിവൃത്തത്തിന്റെയും പാത്രങ്ങളുടെയും പ്രതീകാത്മകത്വം-കാവ്യനാടകം ദൃശ്യപ്രധാനമായ നാടകം കേരളീയ ദൃശ്യകലാപാരമ്പര്യത്ത്യന്റെ പുനരാവിഷ്കരണം-സി. എൻ; ജീ. ശങ്കരപ്പിള്ള, കാവാലം.

5 നോവലും ചെറുകഥയും-കാര്യകാരണബന്ധമുള്ള സംഭവപ്രധാനമായ ഇതിവൃത്തം അനിവാര്യമല്ലാതാകുന്നു-യാഥാർത്ഥ്യം തിരസ്കരിക്കപ്പെടുന്നു—ജീവിത പ്രതിഫലനം സിദ്ധാന്തപരമല്ലാതാകുന്നു—പാത്രങ്ങൾ പ്രതീകാത്മകങ്ങൾ ആകുന്നു—സങ്കീർണ്ണാനുഭൂതികളുടെ ആവിഷ്കരണം—ഭൗതികമായ സംഭവ്യത മാനദണ്ഡമല്ല—ബിംബ പ്രധാനമായ നോവലും ചെറുകഥയും—രൂപം അനിയതം, ലക്ഷണയുക്തമല്ല – കവിതയോട് അടുപ്പം – ഒ. വി. വിജയൻ, മുകുന്ദൻ, ആനന്ദ്, മാധവിക്കുട്ടി, സഖറിയ, കുഞ്ഞബ്ദുള്ള—

6 ഈ പ്രവണതകൾക്ക് അടിസ്ഥാനപരമായി ഭാരതീയകലാദർശനത്തോട് ഗാഢബന്ധമുണ്ട്—ഇതിഹാസങ്ങൾ പ്രചോദന കേന്ദ്രങ്ങൾ.

7 അസ്തിത്വവാദത്തിന്റെ സ്വാധീനം—ക്രോഡീകൃതമായ തത്വശാസ്ത്രമല്ല—സമീപനം മാത്രം — എഴുത്തുകാരന്റെ ജീവിതദർശനം പ്രധാനം—അതു് അനുഭവാധിഷ്ഠിതം, കലാമാധ്യമത്തിലൂടെയുള്ള ദർശനം—

8 എഴുത്തുകാരന്റെ നിർമ്മമത—കലാസൃഷ്ടി സ്വയം ഭാവോദ്ദീപനം നടത്തണം—എഴുത്തുകാരൻ വൈകാരികമായോ വൈകാരികമായോ പക്ഷപാതം പ്രകടിപ്പിക്കുന്നില്ല-കലാസൃഷ്ടിക്ക് മൂർത്തതയും വ്യക്തിത്വവും വേണം.

9 മാധ്യമത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള ശ്രമം.

കെ. എസ്. നാരായണപിള്ള

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

8-2-1978

# സാഹിത്യഗവേഷണം–മലയാളത്തിൽ

I പ്രാചീനഗ്രന്ഥപ്രകാശനം

1 സ്വകാര്യപണ്ഡിതന്മാർ—ഉദാ: എസ്സ്. ടി. റെഡ്ഡ്യാർ.

2 പണ്ഡിതന്മാർ—ഉള്ളൂർ, സാഹിത്യപഞ്ചാനനൻ, നന്ത്യാരുവീടൻ, ആററൂർ, കെ. വി. എം, ഇളംകുളം, ശൂരനാടൻ, ഡോക്ടർ പി. കെ. നാരായണപിള്ള, ഡോ. കെ. എൻ. എഴുത്തച്ഛൻ, കൊച്ചുകൃഷ്ണനാടാർ.

3 പൊതുസ്ഥാപനങ്ങൾ
തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാല
കൊച്ചി ഭാഷാപരിഷ്കരണക്കമ്മിററി
മദ്രാസ്–കേരള–സർവകലാശാലകൾ
സാഹിത്യഅക്കാദമി

II സാഹിത്യചരിത്രം

പി. ഗോവിന്ദപ്പിള്ള, ആർ. നാരായണപ്പണിക്കർ, പി. ശങ്കരൻ നമ്പ്യാർ, ആററൂർ, കെ. എൻ. ഗോപാലപിള്ള, ജി. രാമകൃഷ്ണപിള്ള, ചേലനാടൻ, പി. ജെ. തോമസ്, ഉള്ളൂർ, പി. കെ. പരമേശ്വരൻ നായർ, ടി.എം. ചുമ്മാർ, മാടശ്ശേരി, ഡോ. കെ. എം. ജോർജ്, എൻ. കൃഷ്ണപിള്ള, ഒജ. സി. പാലക്കി, ഏ. ഡി. ഹരിശർമ്മ, ഇളംകുളം, കൃഷ്ണചൈതന്യ മുതൽപേരുടെ സംഭാവനകളിൽ പ്രധാനപ്പെട്ടവയുടെ സ്വരൂപവും സ്വഭാവവും.

III ഗവേഷണപ്രബന്ധങ്ങൾ

ലണ്ടൻ - പൂന - ഡെൽഹി - മദ്രാസ് - കേരളാ സർവകലാശാലകളിലെ ബിരുദാനന്തര ഗവേഷണത്തിൻെറ ഫലങ്ങൾ.

IV ഗവേഷണസാമഗ്രികൾ

ഗ്രന്ഥവിവരപ്പട്ടികകളും സൂചികകളും മററും.

V ഭാഷാസാഹിത്യഗവേഷണത്തിലെ സാധ്യതകൾ.

## ഭാവിസാധ്യതകൾ

- സാഹിത്യപരം
  - വരമൊഴി
  - വാമൊഴി
    - സഞ്ചയനവും സംരക്ഷണവും
    - കാലഗണനവും വർഗീകരണവും
    - പാഠനിരൂപണം, സംശോധിതസംസ്കരണം പ്രസാധനം വ്യാഖ്യാനം മൂല്യനിർണയനം
    - ചരിത്രനിർമിതി
    - താരതമ്യപഠനം
    - നിരൂപണം സാഹിത്യമീമാംസ
- ഭാഷാപരം

- മൗലികപഠനം
  - വ്യാകരണം
    - വിവരണ–
    - കാലക്രമിക–
    - താരമ്യാത്മക–
  - നിഘണ്ടു
    - പദകോശം
    - ആശയകോശം
  - ജനതാപഠനാത്മകം (Folklore)
    - സ്ഥലനാമങ്ങൾ
    - പഴഞ്ചൊല്ലുകൾ
    - കടംകഥകൾ
  - വൃത്തം
  - ഭാഷാപരിണാമം
    - ശിശുഭാഷ
    - ഭാഷണവൈകല്യങ്ങൾ

- വ്യുൽപന്നപഠനം
  - പ്രതിയോഗവ്യാകരണം
  - ഭാഷാധ്യാപനതത്ത്വങ്ങൾ
  - ശൈലീവിജ്ഞാനം
  - ഭാഷാസംവിധാനം
    - ലിപിപരിഷ്കാരം
    - സാങ്കേതികപദാവലി
    - വിവർത്തനനിയമങ്ങൾ
    - യന്ത്രവത്കരണം
    - വ്യവസ്ഥാപനം (standardisation)
- സമീപനഭേദങ്ങൾ
  - സാമൂഹികഭാഷാശാസ്ത്രം
  - മനോഭാഷാശാസ്ത്രം
  - ഗണിത-
  - കമ്പ്യൂട്ടർ

ഡോ: വി. ആർ. പ്രബോധചന്ദ്രൻ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

9-2-1978

# സിനിമാ സാഹിത്യം മലയാളത്തിൽ

സിനിമാ സാഹിത്യമെന്നതിന് രണ്ടർത്ഥം കല്പിക്കാം സിനിമായെപ്പററിയുള്ള സാഹിത്യവും സിനിമായിൽ നിന്നുയിർകൊണ്ട സാഹിത്യവും

സിനിമായെപ്പററിയുള്ള സാഹിത്യമെന്നാൽ സിനിമയുടെ സാങ്കേതികവും കലാപരവുമായ വശങ്ങളെപ്പററി എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ, മലയാളത്തിൽ വിരളമാണ്. ഏറിയാൽ നാലോ അഞ്ചോ പുസ്തകങ്ങൾ- അവയിൽ ഒന്ന് 'ചലച്ചിത്രകല' ഈ പ്രഭാഷണകർത്താവിൻേറതാണ്.

സിനിമായിൽ നിന്നുത്ഭവിക്കുന്ന സാഹിത്യരൂപങ്ങൾ സ്ക്രീൻപ്ലേ (തിരനാടകം), ചലച്ചിത്രകഥകൾ എന്നിവയാണെന്നു പൊതുവെ പറയാം. സാധാരണയായി പ്രസിദ്ധസാഹിത്യകൃതികളെ ആധാരമാക്കി ചലച്ചിത്രങ്ങൾ നിർമ്മിക്കുകയാണ് പതിവ്—വിശ്വസാഹിത്യത്തിൽ വിഖ്യാതി പെററ നോവലുകളും നാടകങ്ങളും ജീവചരിത്രങ്ങളും ചെറുകഥകളും വെള്ളിത്തിരയിൽ അവതരിപ്പിക്കപ്പെട്ടു കഴിഞ്ഞു. ആ പതിവ് ഇന്നും തുടരുകയാണ്. ഇവയൊന്നും ചലച്ചിത്രമെന്ന മാദ്ധ്യമത്തിനു വേണ്ടി എഴുതപ്പെട്ടവയല്ല. ഇവക്കു് ചലച്ചിത്രരൂപം നൽകുമ്പോൾ ആവശ്യമായ മാററങ്ങൾ വരുത്താറുണ്ട്. ഉദാഹരണങ്ങൾ വിക്ടർഹ്യൂഗോയുടെ 'പാവങ്ങൾ', 'നോത്തർ ദാമിലെ കൂനൻ', ടാംസ്റ്റായിയുടെ 'യുദ്ധവും സമാധാനവും', 'അന്നാ കരീനാ' പേൾബക്കിൻെറ 'നല്ല ഭൂമി' തുടങ്ങിയവ. ഷേക്സ്പീയരുടെ നാടകങ്ങളിൽ പോലും പല മാററങ്ങളും വരുത്തിയിട്ടാണ് വെള്ളിത്തിരയിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഇങ്ങനെ സിനിമാക്കു പാകപ്പെടുത്തിയ കൃതികൾ പിന്നിട്ട് അതേ രൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സിനിമക്കു വേണ്ടി മാത്രം എഴുതപ്പെടുന്ന കഥകളും ധാരാളമുണ്ട്. അത്തരം സ്വതന്ത്ര കഥകളാണ് യഥാർത്ഥ സിനിമാ സാഹിത്യം. ഈ കഥകൾ പിന്നിട്ട് സാഹിത്യത്തിൻെറ ഭാഗമായി ത്തീർന്നെന്നു വരാം. ഉദാഹരണമായി പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ എഡ്ഗാർ വാലസ് സിനിമക്കു വേണ്ടി എഴുതിയ കഥയാണ് പിന്നിട്ട് പ്രസിദ്ധിയാർജ്ജിച്ച 'കിംഗ് കാംഗ്' എന്ന നോവൽ; ഭാരതത്തിലാണെങ്കിൽ കെ. എ. അബ്ബാസ് എന്ന സാഹിത്യകാരൻ സിനിമക്കുവേണ്ടിയെഴുതിയ ചില കഥകൾ പിന്നിട്ട് സാഹിത്യകൃതികളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സിനിമയ്ക്കു വേണ്ടി രചിക്കപ്പെടുന്ന തിരക്കഥ പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്ന പതിവ് പാശ്ചാത്യലോകത്തിൽ ആരംഭിച്ചതാണ്. സോമർസെററ് മാം തുടങ്ങിയ ലോകപ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകളെ ആധാരമാക്കി രചിച്ചിട്ടുള്ള തിരക്കഥകൾ ഇതിനുദാഹരണമാണ്. റേഡിയോയുടെ ആവിർഭാവത്തിനുശേഷം റേഡിയോ നാടകം എന്നൊരു സാഹിത്യവിഭാഗമുണ്ടായതു പോലെ സിനിമാ വിശ്വവ്യാപകമായി വളർന്നതോടെ സ്ക്രീൻപ്ലേ, സ്ക്രീൻസ്റ്റോറി എന്ന സാഹിത്യവിഭാഗങ്ങളുമുണ്ടായിട്ടുണ്ട്.

മലയാളത്തിൽ ഈ വിഭാഗം ഇന്നും ശൈശവദശയിലാണ്. അഖിലഭാരതപ്രശസ്തിയാർജ്ജിച്ച 'ചെമ്മീൻ' എന്ന ചലച്ചിത്രത്തിൻെറ തിരനാടകം പോലും പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ശ്രീ. എം. ടി. വാസുദേവൻ നായരുടെ ഒന്നു രണ്ടു തിരനാടകങ്ങൾ പുസ്തകരൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതൊഴിച്ചാൽ എടുത്തുപറയത്തക്ക തിരനാടകങ്ങളൊന്നും നമ്മുടെ സാഹിത്യത്തിൽ പ്രസിദ്ധീകൃതങ്ങളായിട്ടില്ല. സിനിമയ്ക്കു വേണ്ടി പ്രതിഭാധനന്മാരായ സാഹിത്യകാരന്മാർ തയ്യാറാക്കുന്ന മൗലിക തിരക്കഥകൾ ഉത്തമസാഹിത്യത്തിൽ സ്ഥാനം ലഭിക്കേണ്ടവയാണ്. മലയാളത്തിൽ പെട്ട പല തിരക്കഥകളും ഉണ്ടായിട്ടുണ്ട്. പക്ഷെ അവ വെള്ളിത്തിരയുടെ വെളിയിലേക്കു കടന്നു് വിശാല സാഹിത്യത്തിൻെറ ഭാഗമായിട്ടില്ല.

ഒരു നല്ല തിരക്കഥയുടെ സവിശേഷതകളെന്തെല്ലാമാണ്? (1) ഹൃദയസ്പർശിത്വം- (2) നാടകീയത- (3) ചലനാത്മകത— (4) പരിണാമഗുപ്തി, വിശദീകരണം- ചലച്ചിത്രമെന്ന പദത്തിൽ തന്നെ ചലനമാണ്-ക്രിയാംശമാണ്—സർവപ്രധാനം

സിനിമയുടെ സ്വാധീനം സാഹിത്യത്തിൽ- കഥാ സാഹിത്യത്തിലും നാടക സാഹിത്യത്തിലും— സ്പഷ്ടമായി കാണാം. സിനിമയിൽ ഒരു കണ്ണ് വെച്ചുകൊണ്ട് ഇന്നു പലരും നോവലും നാടകവും രചിക്കുന്നു. പക്ഷെ അവരിൽ പലർക്കും സിനിമയെന്ന മാദ്ധ്യമത്തിൻെറ ആവശ്യങ്ങളെപ്പററി വേണ്ടത്ര അറിവു സിദ്ധിച്ചിട്ടില്ലാത്തതിനാൽ സിനിമാ സാഹിത്യത്തിന് സാരമായ സംഭാവന ചെയ്യുവാൻ കഴിയാതെ പോകുന്നു.

ശ്രീ. നാഗവള്ളി ആർ. എസ്. കുറുപ്പ്

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

9-2-1978

# മലയാളത്തിലെ രാഷ്ട്രീയസാഹിത്യം

1 നീക്കിബാക്കി:

2 രാഷ്ട്രം എന്നാൽ— ഒരു നിർവ്വചനം.

മുൻകാല സങ്കല്പം: ആധുനിക സങ്കല്പം.

മൗലിക ഘടകങ്ങൾ: നാല്.

1. ഭൂവിഭാഗം: 2. ജനം: 3. ഗവണ്മെൻറ്

4. പരമാധികാരം.

രാഷ്ട്രത്തെ സംബന്ധിക്കുന്ന സാഹിത്യം: രാഷ്ട്രീയസാഹിത്യം. അഥവാ ദേശീയ സാഹിത്യം.

3 കേരളത്തിൻെറ പരിമിതി.

രാഷ്ട്രീയ സാഹിത്യത്തിൻെറ ശുഷ്കത.

4 ദേശീയ സാഹിത്യത്തിലെ ആദ്യത്തെ അമൃതബിന്ദു.

''ജനനീ ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരീയസി''

5 മലയാളത്തിലെ ദേശീയതയുടെ ആദ്യത്തെ സ്ഫോടനം : കുണ്ടറ വിളംബരം (984 മകരം.ഒന്നാം തിയതി)

6 ഗാന്ധിജിക്കു മുമ്പ്:

സ്വദേശാഭിമാനിയിലെ മുഖപ്രസംഗങ്ങൾ. നാടുകടത്തൽ.

7 വിപ്രവാസകാലത്തെ രണ്ടു സാഹിത്യ ഗ്രന്ഥങ്ങൾ. കാറൽ മാർക്സ്. മഹാത്മാഗാന്ധി.

8 ഗാന്ധിജിയുടെ സ്വാധീനം: ദേശീയ സാഹിത്യപ്രസരണം. കേസരി ബാലകൃഷ്ണപിള്ള. മുഖപ്രസംഗങ്ങൾ.

9 ദേശീയ രാഷ്ട്രീയ നോവലുകളും ചെറുകഥകളും.

a. പാറപ്പുറം ii ഉദയഭാനു: iii അഹിഭയം.

b. ദേവിൻെറ ഭ്രാന്താലയം.

c. തകഴിയുടെ രണ്ടിടങ്ങഴി: അനുഭവങ്ങൾ പാളിച്ചകൾ. പുന്നപ്രവയലാറിനുശേഷം.

d. പൊൻകുന്നം വർക്കിയുടെ ചെറുകഥകൾ.

10 ദേ:രാ: നാടകങ്ങൾ.

a. കെ. ദാമോദരൻെറ പാട്ടബാക്കി

b. കുട്ടനാടു രാമകൃഷ്ണപിള്ളയുടെ നാടകങ്ങൾ: നിഴലുകൾ - പ്രതിമ ഏകാങ്കങ്ങൾ: നാളെ: വെള്ളപ്പൊക്കം. സമത്വ സുന്ദരം.

റേഡിയോ നാടകങ്ങൾ: സത്യഹരിശ്ചന്ദ്രൻ സമരരംഗത്ത്.

c. ദേവിന്റെ മുന്നോട്ട്.

d. തോപ്പിൽ ഭാസിയുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി: സർവ്വേക്കല്ല്.

11 ദേശീയ രാഷ്ട്രീയ കാവ്യമണ്ഡലം

a. മഹാകവിത്രയം ഉള്ളൂർ:,

b. ആശാന്റെ സ്വാതന്ത്ര്യഗീതം

c. വള്ളത്തോളിന്റെ കാവ്യഖണ്ഡങ്ങൾ

'എന്റെ ഗുരുനാഥൻ'

d. ജി. ശങ്കരക്കുറുപ്പിന്റെ ചില കവിതകൾ

e. ബോധേശ്വരന്റെ

i ഭാരതഭേരി

ii രക്തരേഖകൾ

12 പരിഭാഷകൾ

പ്രധാനമായും

'ആനന്ദമഠം'

ചിരസ്മരണകൾ

13 ദേശിയ ഗദ്യസാഹിത്യ കൃതികൾ

i ബി. കല്യാണിഅമ്മയുടെ 'വ്യാഴവട്ടസ്മരണകൾ'

ii ഭാസ്കരപിള്ളയുടെ 'സ്വദേശാഭിമാനി'

iii കെ. പി. കേശവമേനോന്റെ 'നവഭാരതശില്പികൾ'

'ഗാന്ധിജി—ജവഹരിലാൽ നെഹ്രു

iii സി. നാരായണപിള്ളയുടെ തിരുവിതാംകൂർ സ്വാതന്ത്ര്യസമരം.

iv കെ. ദാമോദരന്റെ 'കേരളസ്വാതന്ത്ര്യസമരം'

v കുട്ടനാട്ടു രാമകൃഷ്ണപിള്ളയുടെ 'ഇൻഡ്യൻ സ്വാതന്ത്ര്യസമരം'

vi ഈ. എം. എസിന്റെ 'ഗാന്ധിസം'

'ഇൻഡ്യൻ സ്വാതന്ത്ര്യസമരചരിത്രം'

vi പി. കേ. പരമേശ്വരൻനായരുടെ 'മഹാത്മാഗാന്ധി'

viii ഡാക്ടർ പി. കെ. നാരായണപിള്ളയുടെ

'ദേശീയഗാനം'

ix അക്കാമ്മവർക്കിയുടെ '114ന്റെ കഥ'

14 ഗാന്ധിയൻ സാഹിത്യം

15 ഭാഷാ ഇൻസ്റ്റിററ്യൂട്ടിന്റെ ചില പ്രസിദ്ധീകരണങ്ങൾ

16 ഉപസംഹാരം

ശ്രീ. കുട്ടനാട്ടു രാമകൃഷ്ണപിള്ള

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

10-2-1978

# ശാസ്ത്രസാഹിത്യം— മലയാളത്തിൽ

1 ശാസ്ത്രസാഹിത്യ ചരിത്രത്തിനു അഞ്ചു പരിണാമഘട്ടങ്ങൾ—ബുക്കുകമ്മററിയ്ക്കുമുമ്പു ഒററതിരിഞ്ഞ പ്രയത്നങ്ങളുടെ കാലം—കേരളവർമ്മയുടെ കാലം—ഏ. ആറിന്റെ കാലം- ശാസ്ത്രലേഖകന്മാരുടെ വസന്തകാലം— ഭാഷാഇൻസ്റ്റിററ്യൂട്ട്

2 ബുക്കുകമ്മിററിയ്ക്കു മുമ്പ് സംഘടിതയത്നമുണ്ടായില്ല— ഹോർടിക്കുസ് മലബാറിക്കുസ് — വൈദ്യഗ്രന്ഥങ്ങൾ—ഉപ്പോട്ടു കണ്ണൻ- ഗണിതം പാട്ടിൽ— ശ്ലോകങ്ങളിൽ- ബാലഭൂഷണം— വേദാന്തം തമിഴ്കലന്നഗദ്യത്തിൽ

3 കേരളവർമ്മയുടെ പ്രചോദനത്തിൽ – ഭാഷാപോഷിണി- വിദ്യാവിലാസിനി- വിദ്യാ വിനോദിനി മാസികകൾ വഴി പാഠപുസ്തകങ്ങൾ- ഫ്രോൺമെയർ- ചിദംബരവാധ്യാർ.

4 ഏ. ആറിന്റെ രസതന്ത്ര താല്പര്യം- ഭൂമിശാസ്ത്രം- രാമകൃഷ്ണപിള്ളയുടെ കൃഷിശാസ്ത്രം- ടി. കെ. കൃഷ്ണമേനോൻ —അപ്പൻതമ്പുരാൻ- എം. രാമവർമ്മതമ്പാൻ, പൈലോ പോളിന്റെ സാങ്കേതിക ശബ്ദാവലി— ഐ. സി. ചാക്കോ.

5 സാമാന്യ ശാസ്ത്രപ്രബന്ധങ്ങൾ— എം. രാജരാജവർമ്മ, ടി. കെ. ജോസഫ്, മുണ്ടശ്ശേരി, ഭാസ്കരൻ നായർ— സെക്കണ്ടറി തലത്തിൽ ബോധനം മലയാളത്തിലാക്കിയതു്.

6 സർവ്വകലാശാലാ തലത്തിനു വേണ്ട ഗ്രന്ഥങ്ങൾ—ഭാഷാ ഇൻസ്റ്റിററ്യൂട്ടിന്റെ പ്രയത്നങ്ങൾ—ശബ്ദാവലിയ്ക്കു ഐകരൂപ്യവും സ്വീകാര്യതയും വേണ്ടിയിരിക്കുന്നു.

പ്രൊ. സി. കെ. മൂസ്സതു്

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

10-2-1978

## മലയാള നിരൂപണം

വിഷയസൂചി:-

1 1890-ന ശേഷമുള്ള രണ്ടു ദശകങ്ങളിലാണ് നമ്മുടെ പ്രമുഖസാഹിത്യമാസികകളുടെ പ്രാരംഭവും സുവർണ്ണകാലവും. വിദ്യാവിനോദിനി, രസികരഞ്ജിനി, ഭാഷാപോഷിണി- ഇവയിലൂടെയാണ് ആദ്യത്തെ സാഹിത്യനിരൂപണങ്ങൾ പ്രത്യക്ഷപ്പെട്ടന്നതു്. സി. പി. അച്യുതമേനോൻ എന്ന പത്രാധിപർ ഈ കാലത്തുതന്നെ തുടങ്ങിയ ദ്വിതീയാക്ഷര പ്രാസാവാദം നിരൂപണത്തിന്റെ മറെറാരു മുഖത്തെ കാട്ടിത്തന്നു.

കേരളവർമ്മ, രാജരാജവർമ്മ, കെ. സി. കേശവപിള്ള, ഉള്ളൂർ. etc. പഴമയുടേയും പുതുമയുടേയും സമന്വയം—ഏ. ആറിൽ. ഏ. ആറിന്റെ രണ്ടു ശിഷ്യന്മാർ- കെ. രാമകൃഷ്ണപിള്ളയും സാഹിത്യപഞ്ചാനനും. Classical & Textual Criticism. കെ. രാമകൃഷ്ണപിള്ളയുടെ ശക്തികളും ദൗർബല്യങ്ങളും. മൂർക്കോത്തുകുമാരൻ, സി. വി. കുഞ്ഞുരാമൻ മുതലായവരുടെ നിരൂപണങ്ങൾ. സാഹിത്യത്തെ സാഹിത്യനിഷ്ഠമായ കാഴ്ചപ്പാടുകളിൽതന്നെ കാണുക എന്ന രീതി. നമ്മുടെ കവിത്രയം നിരൂപണ ശാഖയിലും കൃതഹസ്തരായിരുന്നു. Textual Criticismവും ഉള്ളൂരും. ക്ലാസ്സിക്—റൊമാൻറിക് സംഘർഷത്തിൽ ഈ മൂവരുടെയും നിലപാട്.

ഏ ബാലകൃഷ്ണപിള്ളയും നവലോകവും. റൊമാൻറിസിസത്തിൽ നിന്നു് റിയലിസത്തിലേക്കും ഫ്യൂച്ചറിസത്തിലേക്കും. നിരൂപണം ഇതരവിജ്ഞാനപദ്ധതികളുടെ കൂട്ടുപിടിച്ചു മുന്നോട്ടു നീങ്ങുന്നു.

ശങ്കരൻ നമ്പ്യാർ, എം. പി. പോാം, എം. ആർ. നായർ (സഞ്ജയൻ) എന്ന മൂന്നു് ഇംഗ്ലീഷ് പ്രൊഫസറന്മാരും മലയാളനിരൂപണവും. അരിസ്റ്റോട്ടൽ മുതൽ തുടങ്ങിയെങ്കിലും റിച്ചേഡ്സിലെത്തിയില്ല.

മുണ്ടശ്ശേരി, കുററിപ്പുഴ, മാരാർ. ഇവർ തമ്മിലുള്ള അന്തരം. സാഹിത്യലക്ഷ്യമെന്തു് എന്ന പ്രശ്നത്തിനു പ്രധാന്യം കൂടുന്നു. മാർക്സിസ്ററ്നിരൂപണം. കെ ദാമോദരൻ, ഈ. എം. എസ്, ദേവദാസ് തുടങ്ങിയവർ. പുരോഗമനസാഹിത്യ പ്രസ്ഥാനം.

വിമർശം ഇന്നു്. പാശ്ചാത്യസ്വാധീനം. വാരികകളിലെ ബുക് റിവ്യൂവിൻെറ പ്രഭാവം-ചിലപ്പോാം ദുഷ്പ്രഭാവം. 'സ്റേറാക് റെസ്പോൺസിനു' വഴികാട്ടുന്നു.

മലയാളം എം. എ. കോഴ്സും സാഹിത്യവിമർശവും

പ്രൊ: എസ്. ഗുപ്തൻ നായർ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

## SYNOPSIS

10-2-1978

# മലയാള സാഹിത്യത്തിലെ നവോത്ഥാനം

സംഗ്രഹം

റിനേസൻസ് എന്ന പദത്തിന്റെ ധാത്വർത്ഥം – നവജീവനോ നവവീര്യമോ ആർജിക്കുന്ന പ്രവണത – കാലഘട്ടം. വിജ്ഞാനോദയം. യൂറോപ്പിൽ 15-ാം നൂററാണ്ടിൽ നിന്നുണ്ടായ പരിവർത്തനം.

ഭാരതത്തിൽ 19-ാം നൂററാണ്ടിൽ രാജാറാംമോഹൻറായി ഉദ്ഘാടനം ചെയ്ത പുതിയ പരിഷ്ക്കരണോദ്യമങ്ങൾ. റായി 1883-ൽ മരിച്ചു. റായിയുടെ യൗവനകാലത്തിലാണ് ഇവിടെ 'ശിപായി ലഹള' നടന്നതു്–1857. അതേകൊല്ലം ഭാരതത്തിലെ 3 സർവകലാശാലകൾ ഉണ്ടായി (27 കോളേജുകൾ). കേശവചന്ദ്രസേനൻ 1830–1884, മഹർഷി ദേവേന്ദ്രനാഥടാഗൂർ 1817–1905, വിവേകാനന്ദൻ 1861-1902. പശ്ചിമേന്ത്യയിൽ റാനഡേ, ഗോഖലേ, ഭണ്ഡാക്കർ.

സാഹിത്യത്തിൽ ഈ മാററങ്ങളുടെ പ്രതിഫലനം അവിടെയും ബംഗാൾ മുൻപന്തിയിൽ–ബങ്കിംചന്ദ്രൻ, രമേശ്ചന്ദ്രൻ, മൈക്കേൽ മധുസൂദനൻ.

കേരളത്തിൽ. സംസ്കൃതാഭ്യസനവും ഇംഗ്ലീഷ് ഭാഷാഭ്യസനവും രണ്ടു കൈവഴികളായി. മിഷനറിമാർ–ബെയ്‌ലി, ഗുണ്ടർട്ട്, ഗാർത്ത്‌വെയ്ററ്, പീററ്, മൂളർ. സംസ്കൃത പണ്ഡിതന്മാർക്കു് ഗദ്യത്തോടുള്ള വൈമുഖ്യം. 1866-67 പാഠപുസ്തകക്കമ്മെററി (ആയില്യം)–കേരളവർമ്മയുടെ ഗദ്യനിർമ്മാണവൈഭവം—പാഠപുസ്തകങ്ങൾ നാട്ടുക്രിസ്ത്യാനികളുടെ ഗദ്യം–ജോർജ് മാത്തൻ, ഉമ്മൻ പിലിപ്പോസ്–സത്യവാദഖേടം 1863 (അക്ബർ 1894-ൽ) വലിയ കോയിത്തമ്പുരാനെപററിയുള്ള തെററിദ്ധാരണകൾ.

ഗദ്യസാഹിത്യവും നോവലും. പാതിരിമാരുടെ പ്രാരംഭ യത്നങ്ങൾ–ഘാതകവധം. പുല്ലേലികുഞ്ചു. റൊമാൻസ് എന്ന സങ്കല്പവും കുന്ദലതയും (1887). സാമൂഹ്യനോവൽ ഇന്ദുലേഖ (1889) യും ശാരദയും. (1891).

സി. വി. യും റൊമാൻസും (1891 മാർത്താണ്ഡവർമ്മ). ചന്തുമേനോനും സി. വി. യും ഇംഗ്ലീഷ് ഭാഷയും.

കവിതയിലെ മാററങ്ങാം.

സംസ്കൃതകാവ്യ തർജ്ജിമകളിൽനിന്ന് സ്വതന്ത്രരചനകളിലേക്ക്–ഇംഗ്ലീഷ് അനുകരണമായ സി. എസ്സിൻെറ ഒരു വിലാപവും (1902) വിലാപവും (വി. സി. 1908)–ആസന്നമരണചിന്താശതകവും മററും.

വീണപൂവു മുതൽ (1907-8) പുതിയതിൻെറ അംഗീകാരം.

നിയോക്ലാസിസത്തിൻെറ തിരോധാനം പൂർത്തിയായില്ല. ഒന്നാം ലോകമഹായുദ്ധം വരെ അതു നീണ്ടു.

പത്രപ്രവർത്തനം. അച്ചടി. ബെയിലിയും ഗുണ്ടർട്ടും (പശ്ചിമോദയം, രാജ്യസമാചാരം 1837-38).

ജ്ഞാനനിക്ഷേപം (1840)

നസ്രാണിദീപിക (1887) മനോരമ (1888)

സത്യനാദകാഹളം (1890)

സാഹിത്യമാസിക–വിദ്യാവിനോദിനി 1890
വിദ്യാവിലാസിനി
ഭാഷാപോഷിണി 1893
ആത്മപോഷിണി

സാഹിത്യവിമർശം– ഏ. ആർ. രാജരാജവർമ്മ
സി. പി, അച്യുതമേനോൻ
കെ. രാമകൃഷ്ണപിള്ള

പ്രൊഫ: എസ്. ഗുപ്തൻ നായർ

# OPEN UNIVERSITY LECTURES

## ULLOOR MEMORIAL

TRIVANDRUM-14

**SYNOPSIS**

10-2-1978

8066

# സാഹിത്യപഠനം—സാമഗ്രിസംശേഖരണം

1 ആമുഖം

2 സാധാരണക്കാരന്റെ യൂണിവേഴ്സിററി

3 അറിവിന്റെ ഉറവിടങ്ങൾ

4 ഗ്രന്ഥശാലാ മുഖ്യമായ പഠനം

5 ക്ലാസ്സുമുറികളിലെ വിദ്യാഭ്യാസം

6 സാമാന്യ അറിവ്—ലൈബ്രറിയെക്കുറിച്ച്

7 ക്രമാനുസാരമായ പുസ്തകാന്വേഷണം

8 ലൈബ്രറി ക്യാററലോഗുകൾ

9 വളരുന്ന ഗ്രന്ഥശാലാസേവനം

10 ഇൻഫർമേഷൻ സ്ഫോടനം

11 ഗ്രന്ഥശാലാശാസ്ത്രം

12 റഫറൻസ് പുസ്തകങ്ങൾ

   1 എൻസൈക്ലോപീഡിയാകൾ
   2 നിഘണ്ടുക്കൾ
   3 ഹൂ-ഇസ്-ഹൂ ബുക്കുകൾ
   4 ഈയർ ബുക്കുകൾ
   5 ഇൻഡെക്സുകൾ
   6 മലയാളഗ്രന്ഥസൂചി

13 പഠനവിഷയനിർണ്ണയം

14 പഠനവിഷയ ബിബ്ലിയോഗ്രാഫി

15 സാഹിത്യപഠന സഹായികളായ ചില റഫറൻസ് ഗ്രന്ഥങ്ങൾ

16 സാഹിത്യപഠന റിപ്പോർട്ട് തയ്യാറാക്കൽ

17 സർഗ്ഗാത്മക കൃതികൾ

18 ബിരുദലക്ഷ്യോന്മുഖവും അല്ലാത്തതുമായ സാഹിത്യപഠനങ്ങൾ

ശ്രീ. പി വാസുദേവൻ

PC Library & Research Center

# OPEN UNIVERSITY CENTRE

## ULLOOR MEMORIAL

TRIVANDRUM-14

**Synopses of the lectures for the course in Literature for Laymen**

378.10954
83

TRIVANDRUM

1978

Indic Digital Archive Foundation
gpura.org